# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

ESTD-1968

2021 ഏപ്രിൽ 29 | ദീപം 54 | നാളം 8 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org




# തൊഴിലിലെ സോഷ്യലിസം ഇനിയും ഒരു മരീചികയോ?



**മാർ ജേക്കബ് മുരിക്കൻ**

1856 ൽ ഓസ്ട്രേലിയയിലാണ് മേയ് ഒന്ന് അന്താരാഷ്ട്ര തൊഴിലാളിദിനമായി ആചരിക്കണമെന്ന ആശയം രൂപപ്പെട്ടത്. തൊഴിൽസമയം എട്ടു മണിക്കൂറായി നിജപ്പെടുത്തിയ സാമൂഹികക്ഷേമപരിഷ്കാരത്തിന്റെ സ്മരണ ആഘോഷിക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. തൊഴിലാളികളുടെ സുരക്ഷയും ക്ഷേമവും ഉറപ്പുവരുത്താനും തൊഴിലിന്റെ മഹത്ത്വം ഉയർത്തിപ്പിടിക്കാനും ഈ ചുവടുവയ്പ്പ് വളരെ സഹായിച്ചു. ലോകത്തിന്റെ ഹൃദയം അധ്വാനജനവിഭാഗത്തോടൊപ്പമുണ്ട് എന്ന സദ്വാർത്തയാണ് മേയ്ദിനത്തിൽ പ്രഘോഷിക്കപ്പെടുന്നത്.

കത്തോലിക്കാസഭ തൊഴിലാളികളുടെയും അവരുടെ അവകാശങ്ങളുടെയും സംരക്ഷണത്തിനു ശക്തമായ പ്രേരണ നൽകിയിട്ടുണ്ടെന്ന് സഭയുടെ സാമൂഹികപ്രബോധനങ്ങൾ വ്യക്തമാക്കുന്നു. എ.ഡി. 1750 കളിൽ ആരംഭിച്ച വ്യവസായവിപ്ലവം ഉയർത്തിയ വെല്ലുവിളികൾക്ക് സഭയുടെ പ്രബോധനാധികാരം ശക്തമായും പ്രവാചകാത്മകമായും പ്രത്യുത്തരം നൽകി. 1891 മേയ് 15 ന് ലെയോ പതിമ്മൂന്നാമൻ മാർപാപ്പായുടെ വിഖ്യാതമായ 'റേരും നൊവാരും' ചാക്രികലേഖനം യഥാർത്ഥത്തിൽ വ്യവസായവിപ്ലവാനന്തരമുള്ള സാമൂഹികപ്രശ്നങ്ങൾക്കു ശാശ്വതവും സുവ്യക്തവുമായ പരിഹാരം നൽകുന്നതായിരുന്നു. തൊഴിലാളികളെയും അവരുടെ അവകാശങ്ങളെയും പിന്തുണയ്ക്കുന്ന സാർവത്രികവും ശാശ്വതവുമായ തത്ത്വങ്ങളെ ഉറപ്പിച്ചു പ്രഖ്യാപിക്കുന്നതായിരുന്നു കത്തോലിക്കാസഭയുടെ പ്രബോധനങ്ങൾ. റേരും നൊവാരും തൊഴിലാളികളുടെ 'മാഗ്നാക്കാർട്ടാ'തന്നെയായിരുന്നു. അധ്വാനിക്കുന്ന തൊഴിലാളിവിഭാഗത്തോടുള്ള ഐക്യദാർഢ്യപ്രഖ്യാപനത്തിനൊപ്പം പാർശ്വവത്കരിക്കപ്പെട്ടിരിക്കുന്നവരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാനുള്ള സമഗ്രമായ ആശയങ്ങളുടെ വാതിലുകളുമാണ് ഈ ചാക്രികലേഖനത്തിലൂടെ തുറക്കപ്പെട്ടത്.

തൊഴിലാളികളെ ചൂഷണത്തിൽനിന്നു രക്ഷിക്കാൻ കാൾ മാക്സ് മുന്നോട്ടുവച്ച കമ്യൂണിസ്റ്റ് സോഷ്യലിസത്തിന്റെ അപകടങ്ങൾ കത്തോലിക്കാസഭയുടെ പ്രബോധനങ്ങൾ വെളിച്ചത്തു കൊണ്ടുവന്നു. വൈരുധ്യാത്മകഭൗതികവാദമെന്ന സംഘട്ടനത്തിന്റെ സിദ്ധാന്തം സമൂഹത്തെ വിഭജിക്കുകയും ആരോഗ്യകരമായ സാമൂഹികവ്യവസ്ഥിതിയെ തകർക്കുകയും ചെയ്യും. ഒരു സാമൂഹികതിന്മയെ മറ്റൊരു തിന്മകൊണ്ടു പരിഹരിക്കാനാവില്ലെന്നു സഭ പഠിപ്പിക്കുന്നു. സാമൂഹികാനീതി പരിഹരിക്കുന്നതിനു വർഗസമരം ഒരിക്കലും യഥാർത്ഥമായ ഒരു പ്രതിവിധിയല്ല. അത് സമൂഹത്തെ വിഭജിക്കുകയും അനാവശ്യമായ സംഘട്ടനങ്ങൾക്കു കളമൊരുക്കുകയും ചെയ്യും.

സാമൂഹികമാറ്റങ്ങൾ ഉത്പാദിപ്പിക്കുന്ന തിന്മകളുടെ പട്ടികയും റേരും നൊവാരും പ്രതിപാദിക്കുന്നുണ്ട്. വ്യവസായവിപ്ലവാനന്തരകാലത്തെ തൊഴിലാളികളുടെ അവസ്ഥ നിരാശാജനകമായിരുന്നു. അവർ മനുഷ്യന്റെ മഹത്ത്വപൂർണമായ അന്തസ്സിനു ചേരാത്ത ജീവിതസാഹചര്യങ്ങളിൽ ജോലി ചെയ്യുന്നതിലേക്കും അവർ അനുഭവിക്കുന്ന കടുത്ത അനീതിയിലേക്കും നീതിനിഷേധത്തിലേക്കും ചാക്രികലേഖനം ലോകത്തിന്റെ മനഃസാക്ഷിയെ ഉണർത്തി. ഈ സാമൂഹികവ്യവസ്ഥിതിക്ക് കമ്യൂണിസം നിർദേശിക്കുന്ന വർഗസമരത്തിനു പകരം സഹകരണത്തിന്റെ തത്ത്വവും ഭാവാത്മകമായ ക്ഷേമപദ്ധതികളും ദാരിദ്ര്യനിർമാർജനശ്രമങ്ങളും സംഘടിക്കാനുള്ള തൊഴിലാളികളുടെ ന്യായമായ അവകാശത്തിന്റെ സംരക്ഷണവുംവഴി പരിഹാരം കണ്ടെത്തുന്ന മാനവികതയിലും ധാർമികതയിലും അടിയുറച്ചുനിന്ന ഭാഷയാണ് റേരും നൊവാരും ലോകത്തിന്റെ മുമ്പിൽ അവതരിപ്പിച്ചത്. എല്ലാറ്റിലുമുപരി, മനുഷ്യൻ നേരിടുന്ന പ്രശ്നങ്ങൾക്കു ദൈവാധിഷ്ഠിതമായി പരിഹാരം കണ്ടെത്തുകയാണ് ഉദാത്തമെന്നും സഭയുടെ പ്രബോധനങ്ങൾ വ്യക്തമാക്കുന്നു.

മനുഷ്യനെ പണമുണ്ടാക്കാനുള്ള ഉപകരണമായിമാത്രം കരുതി തൊഴിലെടുപ്പിച്ച് ഉപയോഗിക്കുന്ന അത്യാഗ്രഹികളായ ഉടമസ്ഥരിൽനിന്ന് തൊഴിലാളികൾക്കു വിമോചനമുണ്ടാകണം. മനസ്സു മരവിക്കുകയും ശരീരം ക്ഷയിക്കുകയും ചെയ്യത്തക്കവിധം തൊഴിലാളികളെക്കൊണ്ട് അമിതമായി ജോലി ചെയ്യിപ്പിച്ചു ഞെരുക്കുന്ന ക്രൂരത എങ്ങും ഉണ്ടാകാൻ പാടില്ല. മനുഷ്യന്റെ തൊഴിൽ എന്ന വിഭവത്തിന് ഉപയോഗവും പരിശീലനവും ആവശ്യമാണ്. ഒപ്പം, ശരിയായ ഇടവേളയും വിശ്രമവും ആവശ്യമാണ്. വിശ്രമത്തിന്റെ തോത് ജോലിയുടെ സ്വഭാവത്തെയും സ്ഥലകാലസാഹചര്യങ്ങളെയുംതൊഴിലാളികളുടെ ആരോഗ്യം, ശക്തി എന്നിവയെയും ആശ്രയിച്ചിരിക്കുന്നു. പാറമടകളിൽനിന്നു കല്ല് വെട്ടിയെടുക്കുന്നവരുടെയും ഭൂഗർഭങ്ങളിൽനിന്ന് ഇരുമ്പയിരുപോലുള്ള ധാതുക്കൾ ശേഖരിക്കുന്നവരുടെയും കൽക്കരിപ്പാടങ്ങളിൽ പണിയെടുക്കുന്നവരുടെയും മറ്റും ജോലി ഏറ്റവും ക്ലേശകരവും ആരോഗ്യത്തെ ക്ഷയിപ്പിക്കുന്നതുമാകയാൽ അതനുസരിച്ച് ജോലിസമയം നിജപ്പെടുത്തണം. ഭൂമിശാസ്ത്രപരമായ വെല്ലുവിളികൾ നേരിടുന്ന പ്രദേശങ്ങളിലും തീവ്രകാലാവസ്ഥാമേഖലകളിലും ജോലി ചെയ്യുന്നവരുടെ സ്ഥിതി പ്രത്യേകം പരിഗണനാർഹമാണ്. ഇന്ന് ഈ മേഖലകളിൽ യന്ത്രങ്ങളുടെ സാന്നിധ്യമുണ്ടെങ്കിലും ഈ സാഹചര്യങ്ങളിലെ ജോലി കടുപ്പമേറിയതാണ്. ഇപ്രകാരം, വളരെ ഗുരുതരമായ രോഗ-അപകടസാധ്യതകളുള്ള മേഖലകളിൽ ജോലിചെയ്യുന്നവരുടെ സുരക്ഷ പരമപ്രധാനമായി കണക്കിലെടുത്ത് ആവശ്യമായ ക്ഷേമപദ്ധതികൾ ഉൾപ്പെടുത്തണം. സ്ത്രീകളുടെ പ്രകൃതത്തിനു യോജിച്ച തൊഴിലുകളായിരിക്കണം നൽകേണ്ടത്. പുരുഷനെക്കാൾ ശാരീരികക്ഷമത സ്ത്രീകൾക്കു കുറവാണെന്നത് ഒരേ തൊഴിലിൽ വേതനവ്യത്യാസത്തിനു കാരണമാകാൻ പാടില്ല. കുട്ടികളുടെ പ്രത്യേകിച്ച് പെൺകുട്ടികളുടെ അവസ്ഥ കണക്കിലെടുത്ത് ബാലവേലകൾ നിരോധിച്ചിട്ടുണ്ടെങ്കിലും ചില സ്ഥലങ്ങളിൽ അവ നിലനിൽക്കുന്നു.

▶ 5

# ഈശോമിശിഹാ ഏകരക്ഷകൻ



മാർ ജോസഫ് കല്ലറങ്ങാട്ട്

*കഴിഞ്ഞ ലക്കം തുടർച്ച*

3

മിശിഹായുടെ ദൈവികതയിലുള്ള വിശ്വാസം വീണ്ടും കണ്ടെത്താൻ നമ്മൾ സാഹചര്യങ്ങൾ സൃഷ്ടിക്കണം. നിഖ്യായിലെ ഡോഗ്മായ്ക്കു വഴിയൊരുക്കിയ സാഹചര്യങ്ങൾ തീക്ഷ്ണതയിൽ കണ്ടെത്തണം. സഭ ഒരിക്കൽ ഒന്നായി ആലോചിച്ചെടുത്ത ഏറ്റവും ഉയർന്ന നടപടി – supreme act – ആണ് നിഖ്യാ വിശ്വാസപ്രമാണം. അവിടെ വിശ്വാസം എല്ലാ യുക്തിയെയും മറികടന്ന് യാത്രചെയ്തു. വിശ്വാസത്തിന്റെ തിരമാലകൾ ഏറ്റവും ശക്തിയിലും ഉയരത്തിലും അലകൾ ഇളക്കി. ശിലകളിൽ അതിന്റെ മായാത്ത മുദ്ര പതിപ്പിച്ചു. എന്നാൽ, ഈ തിരമാലകൾ പിന്നീട് ആഞ്ഞടിക്കുന്നില്ല. ഈ തിരമാലകൾ ഉയരണം. ഇപ്പോഴത്തെ നിസ്സംഗത പോരാ. നിഖ്യായുടെ വിശ്വാസപ്രമാണം വെറുതേ ആവർത്തിച്ചാൽ പോരാ. അന്നുണ്ടായിരുന്ന ആ ചലനം, മിശിഹായുടെ ദൈവികതയിലുള്ള വിശ്വാസത്തിന്റെ തരംഗങ്ങൾ ആവർത്തിക്കപ്പെടണം. ചരിത്രത്തിൽ വേണ്ടതുപോലെ അത് ആവർത്തിക്കപ്പെടുന്നില്ല, വിശ്വാസികളിൽ മായാത്ത മുദ്ര പതിക്കുന്നില്ല.

ദൈവശാസ്ത്രം പഠിപ്പിക്കാൻ ഒരുങ്ങുന്നവരിൽനിന്ന് സഭ വിശ്വാസപ്രഖ്യാപനം ആവശ്യപ്പെടുന്നുണ്ട്. മ്ശംശാനാപ്പട്ടവും അപ്പെസ്കോപ്പാ പട്ടവും സ്വീകരിക്കുന്നതിനുമുമ്പും വിശ്വാസം ഏറ്റുപറച്ചിൽ നിർബന്ധമാണ്. വിശ്വാസസത്യങ്ങൾ കൃത്യമായി പഠിപ്പിക്കുന്നതിനുവേണ്ടിയും മറ്റു കാര്യങ്ങൾ കൂട്ടിക്കലർത്തി വിശ്വാസഭ്രംശം വരുത്താതിരിക്കുന്നതിനുവേണ്ടിയുമാണിത്. എല്ലാ വഴിവിട്ട ആധുനികതയ്ക്കുമെതിരായി വിശ്വാസപ്രഖ്യാപനം നടത്തണം – oath against modernism. മാമ്മോദീസായിൽ തലതൊടുന്നവരും വിവാഹത്തിൽ സാക്ഷികളും വിശ്വാസസംരക്ഷകരാകണം. സുവിശേഷത്തിന്റെ ഭാവിശുശ്രൂഷകരെ ശാസ്ത്രം പഠിപ്പിക്കുവാൻ ഒരുങ്ങുന്നവർ മിശിഹായുടെ ദൈവികതയിലും മിശിഹാ ഏകരക്ഷകനാണെന്ന സത്യത്തിലും ഉത്തമബോധ്യമുള്ളവരായിരിക്കണം. ഇത് ഒരു വിശ്വാസപ്രഖ്യാപനത്തിൽമാത്രം ഒതുങ്ങാതെ വ്യക്തവും കൃത്യവുമായ രീതിയിൽ തിരിച്ചറിയേണ്ടത് ആവശ്യമാണ്.

രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം, കൗൺസിൽ കാരണം എന്നു പറയുന്നില്ല, വലിയ ഒരു കൺഫ്യൂഷൻ നിലനിൽക്കുന്നുണ്ട്, അതു സഭയെ ബലഹീനമാക്കുന്നുണ്ട്. തങ്ങൾ പ്രഘോഷിക്കുകയും, ലിറ്റർജിയിൽ ആഘോഷിക്കുകയും ആദ്ധ്യാത്മികതയിൽ ജീവിക്കുകയും ചെയ്യേണ്ട മിശിഹായുടെ ദൈവികതയെക്കുറിച്ചുള്ള ബോധ്യക്കുറവ് വളരെ പ്രതിസന്ധികൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. എത്ര ലാഘവബുദ്ധിയോടെയാണ് മിശിഹായുടെ ദൈവികതയ്ക്കും ദൈവത്തിന്റെ ത്രിത്വാത്മകതയ്ക്കും എതിരായി ഉത്തരവാദിത്വപ്പെട്ടവർപോലും ചിലപ്പോഴെങ്കിലും എഴുതിക്കൊണ്ടിരിക്കുന്നത്. സഭകളുടെ ശ്ലൈഹികപാരമ്പര്യങ്ങളോടുള്ള അവഗണനയും മറനീക്കി പുറത്തുവരുന്നു. ഈശോയുടെ ദൈവികതയിൽ വിശ്വസിക്കുന്നവരും അല്ലാത്തവരും തമ്മിലുള്ള വ്യത്യാസം വി. പൗലോസ് പറയുന്നു: "യേശുക്രിസ്തുവിൽ വിശുദ്ധരായവർക്കും വിശുദ്ധരാകാൻ വിളിക്കപ്പെട്ടവർക്കും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം എല്ലായിടത്തും വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും നമ്മുടെ പിതാവായ ദൈവത്തിൽനിന്നും കർത്താവായ യേശുക്രിസ്തുവിൽനിന്നും കൃപയും സമാധാനവും" (1 കോറി. 1:2). സഭയുടെ ഐക്യത്തിനുവേണ്ടി പ്രാർത്ഥിച്ചാൽ മാത്രം പോരാ, പരി. റൂഹായിലുള്ള അനുഭവം പങ്കുവയ്ക്കുകകൂടി വേണം. പുണ്യവാന്മാരുടെ ഐക്യം (societas sanctorum) പലപ്പോഴും കൗദാശികപങ്കുവയ്ക്കലിലേക്ക് – communio sacramentorum - എത്തുന്നില്ല. ഈശോയുടെ ദൈവികതയിൽ പൂർണവിശ്വാസമുണ്ടെങ്കിൽ മാത്രമേ സുവിശേഷവത്കരണത്തിനു സാംഗത്യവും പ്രസക്തിയുമുള്ളൂ.

ക്രിസ്തീയത ഒരു സൗധമാണ്. അതിന്റെ അടിസ്ഥാനശില ഈശോയാണ്. അതു മാറ്റപ്പെട്ടാൽ കെട്ടിടം ഇടിഞ്ഞുവീഴും, ത്രിത്വസംഹിതയും. മിശിഹാ ദൈവമല്ലെങ്കിൽ എന്തു ത്രിത്വവിശ്വാസമാണുള്ളത്? മിശിഹായുടെ ദൈവികത ബ്രാക്കറ്റിൽ ആക്കിയാൽ ത്രിത്വവും അങ്ങനെതന്നെ ആക്കപ്പെടും. ഈശോ മരിച്ചു എന്ന് ആരും വിശ്വസിക്കും, അവിശ്വാസികളും. അവിടുന്ന് ഉയിർത്തു എന്നതിലാണ് വിശ്വസിക്കേണ്ടത്. ക്രിസ്തീയവിശ്വാസം മിശിഹായുടെ ഉത്ഥാനമാണ്. ഈശോയുടെ ദൈവികത മരണത്തിലും ഉത്ഥാനത്തിലും വ്യക്തമാക്കപ്പെടുന്നുണ്ട്. വിശ്വാസികളും അവിശ്വാസികളും തമ്മിലുള്ള വ്യത്യാസം വിശ്വാസികൾ മിശിഹാ ദൈവമാണെന്നു വിശ്വസിക്കുന്നു എന്നതിലാണ്. ക്രിസ്തീയവിശ്വാസം മിശിഹായുടെ ദൈവികതയാണ്. "ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു. എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല" (യോഹ. 8:12). മിശിഹായിൽ വിശ്വസിക്കുന്നവൻ ലോകത്തിലെ എല്ലാ തിന്മകളെയും രോഗങ്ങളെയും ചെറുത്തുനിൽക്കും.

നടപടി 25:19 "മരിച്ചുപോയെങ്കിലും ജീവിച്ചിരിക്കുന്നുവെന്നു പൗലോസ് സമർത്ഥിക്കുന്ന ഒരേയൊരു ഈശോയെക്കുറിച്ചുമാത്രമേ അവർക്ക് അവനുമായി അഭിപ്രായഭിന്നത ഉണ്ടായിരുന്നുള്ളൂ." സഭയുടെ ഇരുപതു നൂറ്റാണ്ടുകളിലെ പ്രഘോഷണവും ഇതാണല്ലോ. മരിച്ചുപോയി എന്നു ലോകം പറയുകയും ജീവിച്ചിരിക്കുന്നുവെന്നു സഭ പഠിപ്പിക്കുകയും ചെയ്യുന്ന ഈശോയെ ചുറ്റിപ്പറ്റിയാണ് എല്ലാം കറങ്ങിത്തിരിയുന്നത്. ഈശോ ജീവിക്കുന്നു. കഴിഞ്ഞ കാലത്തിന്റെ ഒരു ഓർമ മാത്രമല്ല മിശിഹാ. അവിടുന്ന് എന്തെങ്കിലും ഒരു സ്വഭാവപ്രത്യേകതയും മാത്രമല്ല; അവൻ ഒരു വ്യക്തിയാണ് (Person). അവൻ ദൈവാരൂപിയിൽ ജീവിക്കുന്നു. ഇത് ശരീരത്തോടുകൂടിയ ജീവനെക്കാൾ വളരെ ശക്തിയുള്ളതാണ്. കാരണം, അത് അവനെ നമ്മുടെയുള്ളിൽ ജീവിക്കാൻ പ്രാപ്തനാക്കുന്നു, നമുക്കു പുറത്തോ നമ്മുടെ പാർശ്വങ്ങളിലോ അല്ല.

സത്യദൈവവും സത്യമനുഷ്യനുമെന്നത് ഒരു ത്രിമാനത്തിന്റെ ഇരുവശങ്ങൾപോലെയാണ്. അതിന്റെ അത്യുച്ചിയിലുള്ള സത്യമാണ് ഏകവ്യക്തി. ആദിമ നൂറ്റാണ്ടിലെ തെർത്തുല്യനാണ് മിശിഹായുടെ ഏകവ്യക്തിത്വത്തെക്കുറിച്ച് ആദ്യമായി ശക്തമായി സംസാരിച്ചത്. ആദിമ സഭ രണ്ടു നൂറ്റാണ്ടുകൾക്കുശേഷമാണ് ഔദ്യോഗികമായ ഡോഗ്മായിലേക്ക് എത്തുന്നത്. 431 ലെ കൽക്കദോണിയ സൂനഹദോസാണ് ഒരു സുപ്രധാന നാഴികക്കല്ല്. മറിയത്തെ ദൈവമാതാവ് (Theotokos) എന്നു വിശേഷിപ്പിച്ചു. നിഖ്യാസൂനഹദോസു കഴിഞ്ഞ് ഒരു നൂറ്റാണ്ടുകൂടി വേണ്ടിവന്നു ഈ പ്രബോധനത്തിന്.

ദൈവം ത്രിത്വമാണ്. ദൈവത്തിലെ വ്യക്തികൾ എന്നാൽ ബന്ധങ്ങളാണ് (relationships). പിതാവ് എന്നത് ഒരു ബന്ധമാണ്. പുത്രനും അതുപോലെതന്നെ, പിതാവിന്റെ മകനാണ്. ദാർശനികനായ ഹെഗൽ: True personality consists in restoring oneself by plunging into others. വ്യക്തികൾ എന്നാൽ ബന്ധങ്ങൾ എന്നുതന്നെയാണ്. വിശ്വാസം നിർവചനങ്ങളിൽമാത്രം ഒതുക്കിക്കളയരുത്. ഈശോ ജൂലിയസ് സീസറിനെപ്പോലെയോ, ലെയോന്നാർദ് ദാവിൻചിയെപ്പോലെയോ അല്ല. കേവലം കുറെ പ്രസ്താവനകളിൽ ഒതുക്കുകയുമരുത്. പ്രബന്ധങ്ങളും ഓർമകളും മാത്രമാക്കരുത്. ഇതെല്ലാം മിശിഹായെ നമ്മുടെ പുറത്തുമാത്രം നിർത്തുന്നു. He touches our minds without warming our heart. അവൻ കഴിഞ്ഞ കാലത്തുമാത്രം നില്ക്കുന്നു. രണ്ടായിരം വർഷങ്ങളിലെ അകലം കാണിക്കുന്നു.

ഫ്രാൻസിസ് പാപ്പാ, 'ഇവാഞ്ചിലി ഗൗദിയം' തിരുവെഴുത്തിൽ ഈശോമിശിഹായുമായി ഒരു പുത്തൻ കണ്ടുമുട്ടലിന് നമ്മൾ നാമോരോരുത്തരെയും ക്ഷണിക്കുന്നു. വീഴ്ചവരാതെ ഓരോ ദിവസവും ഈ കൂടിക്കാഴ്ച നടത്തണം. മിശിഹായിൽനിന്ന് ആര് എന്നെ വേർപെടുത്തും? (റോമ. 8:35). പൗലോസുതന്നെ ശരിയായ ഉത്തരവും നൽകുന്നു. റോമ. 8:21: "ദൈവം നമ്മുടെ പക്ഷത്തെങ്കിൽ, ആര് നമുക്ക് എതിരു നില്ക്കും?" ആദിമസഭ അവസാനത്തുള്ളി രക്തംവരെ കൊടുത്ത്, ഒരർത്ഥത്തിൽ യുദ്ധം ചെയ്തു നേടിയെടുത്തതാണ് ഈശോയുടെ ദൈവികത എന്ന യാഥാർത്ഥ്യം. ദൈവം ത്രിത്വമാണ് എന്നതിന്റെ ഏറ്റവും നല്ല നിർവചനം 'ദൈവം സ്നേഹമാകുന്നു' (1 യോഹ. 4:8) എന്നതാണ്. പിതാവ് സ്നേഹിക്കുന്നു; പുത്രൻ സ്നേഹിക്കപ്പെടുന്നു; ആത്മാവ് സ്നേഹത്തിൽ അവരെ ഒന്നിപ്പിക്കുന്നു. Henri de Lubac പറയുന്നു: "ദൈവം സ്നേഹമാണ് എന്ന് അനുഭവിച്ചറിയുമ്പോൾ ദൈവത്തെക്കുറിച്ച് അതുവരെ നാം പറഞ്ഞതും പണിതുയർത്തിയതുമായ പല കാര്യങ്ങളെയും ശല്യപ്പെടുത്തും. നീതിയെ വളച്ചൊടിക്കുന്ന എല്ലാ പരിശ്രമങ്ങളെയും സ്നേഹവും കാരുണ്യവുംകൊണ്ടു തിരുത്തേണ്ടതാണ്."



ഈശോ സഭ സ്ഥാപിച്ചത് പത്രോസിന്റെ ഏറ്റുപറച്ചിലിലാണ്. "നീ ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ മിശിഹായാണ്" (മത്താ. 16:16). എന്നാൽ, ഈ ചുമതല പത്രോസിനെ ഏല്പിക്കുന്നതിനുമുമ്പ് ചോദിച്ചു: "ഇവരെക്കാൾ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ?" (യോഹ. 21:15,16) ഉവ്വ്, കർത്താവേ എന്നായിരുന്നല്ലോ മറുപടി.

പരിശുദ്ധ എമരിത്തൂസ് പാപ്പാ പറയുന്നു: ഐക്യത്തിനു വ്യക്തമായ മുഖമുണ്ട്, കൃത്യമായ പേരുകളുമുണ്ട്. എല്ലാ കത്തോലിക്കരും വി. കുർബാനയിൽ മാർപാപ്പയുടെ പേരുപറഞ്ഞ് പ്രാർത്ഥിക്കുന്നു. ലോകം മുഴുവൻ ഒരു 'കാതോലിക' ഐക്യം അനുഭവിക്കുന്നു. പ്രാദേശിക സഭകൾ അവരുടെ മേലദ്ധ്യക്ഷന്മാരുടെ പേരുകളും പറഞ്ഞപേക്ഷിക്കുന്നു. ക്രിസ്തീയതയെക്കുറിച്ചുള്ള കൂടുതൽ സമഗ്രമായ പഠനങ്ങൾ ആവശ്യമാണ്. വേദശാസ്ത്ര പണ്ഡിതനായ കൊംഗാർ പറയുന്നു: "തുറവുള്ള ചരിത്രപഠനവും സഭൈകൃചിന്തകളും വഴി മാത്രമേ അവിഭക്തസഭ എന്ന യാഥാർത്ഥ്യത്തിലേക്കു നാം എത്തുകയുള്ളൂ. സഭാചരിത്രപഠനത്തിന്റെ കേന്ദ്ര സ്ഥാനത്താണ് സഭ രൂപപ്പെടുത്തിയ ഡോഗ്മാകളുടെ ചരിത്രവും പഠനവും. സഭൈകൃചിന്തകൾക്ക് ഈ ഡോഗ്മാകളുടെ ചരിത്രപഠനം അത്യന്താപേക്ഷിതമാണ്. കാരണം, സഭയിലെ പല വിഭജനങ്ങളും ഡോഗ്മാകളെ വേണ്ടരീതിയിൽ മനസ്സിലാക്കാത്തതുകൊണ്ടു വന്ന വിപത്തുകളാണ്. ആധുനികകാലത്ത് തിരുവചനത്തിന്റെ കേവലം വ്യക്തിപരമായ വ്യാഖ്യാനങ്ങൾ വഴിയും വിഭജനങ്ങൾ രൂപപ്പെടുന്നുണ്ട്. വചനം വ്യാഖ്യാനിക്കുന്ന ഓരോ വ്യക്തിയും സഭയുടെ മനസ്സാക്ഷി എന്താണ് എന്ന തിരിച്ചറിവിൽനിന്നാണ് ആ ശുശ്രൂഷ നിർവഹിക്കേണ്ടത്. എല്ലാ വചന പ്രസംഗങ്ങളും മലയിലെ പ്രസംഗംപോലെയാവണം. ഈശോ തന്നെക്കുറിച്ചുപറഞ്ഞ കാര്യങ്ങളാണവ. നാമും ഈശോയെക്കുറിച്ചാണു പ്രഘോഷിക്കേണ്ടത്.

# രണ്ടാം തരംഗത്തെ നേരിടാൻ രാജ്യം സജ്ജമോ?



റ്റി. സി. മാത്യു

എല്ലാം ശരിയാകും എന്നാണു കരുതിയത്. തളർച്ചയും തകർച്ചയും മാത്രം നൽകിയ ഒരു വർഷം കടന്നു പോയി. ഇനിയുള്ളത് ഉയർച്ചയുടെയും തിരിച്ചുകയറ്റത്തിന്റെയും വർഷം എന്നു പ്രതീക്ഷിച്ചു. പ്രതീക്ഷകളെ തകിടം മറിച്ചുകൊണ്ടാണു കൊവിഡ് രണ്ടാം തരംഗം എത്തിയിരിക്കുന്നത്.

അപ്രതീക്ഷിതമായി വന്നു, അതിവേഗം പടർന്നു. ഫെബ്രുവരിയിൽ രാജ്യത്തു പ്രതിദിന കൊവിഡ് ബാധ പതിനായിരത്തിനടുത്തായിരുന്നു. ഏപ്രിൽ 20-ലെ രോഗബാധ 2.73 ലക്ഷം. കേരളത്തിൽ മാർച്ച് 15-ന് രോഗബാധ 1054. ഏപ്രിൽ 20 നു രോഗബാധ 13,644 പേർക്ക്.

ലോകത്തിലെ ഏറ്റവും കൂടിയ നിരക്കിൽ രോഗബാധ വർധിക്കുന്നതോടെ രാജ്യത്തെ ആരോഗ്യ സേവനരംഗം പ്രതിസന്ധിയിലാകുകയാണ്. ചികിത്സയിലുള്ള രോഗികളുടെ എണ്ണം 18 ലക്ഷത്തിലേക്കടുക്കുന്നു. ഡൽഹി, മുംബൈ, ബംഗളൂരു തുടങ്ങിയ മഹാനഗരങ്ങളിൽപ്പോലും ഇങ്ങനെയൊരു മഹാമാരി അതിവേഗം പടരുമ്പോൾ മതിയായ ചികിത്സാസൗകര്യമില്ല. പെട്ടെന്ന് ഒരുക്കാവുന്ന സംവിധാനങ്ങൾക്കും പരിമിതിയുണ്ട്. ആശുപത്രിക്കിടക്കകൾ കുറവ്; വെന്റിലേറ്ററുകൾ കുറവ്; ഓക്സിജൻ സിലിണ്ടറുകളും മെഡിക്കൽ ഓക്സിജനും കുറവ്; കോവിഡ് പ്രതിരോധവാക്സിനുകളും ചികിത്സയിൽ ഉപയോഗിക്കുന്ന മരുന്നുകളും കുറവ്. ഡോക്ടർമാരും നഴ്സുമാരും പാരാമെഡിക്കൽ സ്റ്റാഫും കുറവ്.



ഒരു മാസം മുമ്പുവരെ ലോകത്തിനു മുഴുവൻ വാക്സിൻ നൽകുന്ന വാക്സിന്റെ ആഗോളദാതാവായി ഇന്ത്യ മാറി, വാക്സിൻ നയതന്ത്രത്തിൽ ഇന്ത്യ ചൈനയെ തുരത്തി എന്നെല്ലാം അവകാശവാദം ഉയർന്നിരുന്നതാണ്. പക്ഷേ, അതിവേഗം രോഗബാധ വർധിച്ചപ്പോൾ അവകാശവാദങ്ങളെല്ലാം ആവിയായി.

ഇപ്പോൾ വാക്സിൻ ഇറക്കുമതിക്കു രാജ്യം ശ്രമിക്കുന്നു. വാക്സിൻ കയറ്റുമതി വിലക്കി. ചികിത്സയിൽ ഉപയോഗിക്കുന്ന റെംഡെസിവിറിന്റെ കയറ്റുമതിയും നിരോധിച്ചു.

വാക്സിൻ ഉത്പാദനശേഷി കൂട്ടാൻ തീവ്രശ്രമം ആരംഭിച്ചപ്പോൾ നിർണായകഘടകങ്ങൾ കിട്ടാനില്ല. വാക്സിന്റെ രോഗപ്രതിരോധശേഷി വർധിപ്പിക്കാനുള്ള അഡ്ജുവാന്റ് അമേരിക്കൻ, യൂറോപ്യൻ കമ്പനികളിൽ നിന്നു കിട്ടാനില്ല. അവിടങ്ങളിലെ കയറ്റുമതിനിരോധനം തന്നെ കാരണം. രാജ്യത്തെ പ്രമുഖ വാക്സിൻ നിർമാണ ക്കമ്പനിയായ സെറം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉടമ അഡാർ പൂനാവാല നേരിട്ട് യുഎസ് പ്രസിഡന്റിനോടു കയറ്റുമതിവിലക്ക് നീക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്.

ചുരുക്കം ഇതാണ്: കൊവിഡിന്റെ ഈ രണ്ടാം തരംഗത്തെ നേരിടാൻ രാജ്യം ഒരുങ്ങിയിട്ടില്ല. രോഗവ്യാപനം പിടിവിട്ടു. ചികിത്സയ്ക്കു വേണ്ടത്ര സജ്ജീകരണമില്ല. പ്രതിരോധ കുത്തിവയ്പ് (വാക്സിനേഷൻ) ഇനിയും 10 ശതമാനം പേർക്കുപോലും ലഭിച്ചിട്ടില്ല.

**തുടക്കത്തിൽ അബദ്ധങ്ങൾ**

കഴിഞ്ഞ വർഷം കൊവിഡ് പുതിയ കാര്യമായിരുന്നു. എങ്ങനെ കൈകാര്യം ചെയ്യണമെന്നറിവില്ലായിരുന്നു. രോഗം, പ്രതിരോധം, ചികിത്സ തുടങ്ങിയവയെപ്പറ്റി ചൈനയും ലോകാരോഗ്യസംഘടനയും നൽകിയ തുച്ഛമായ വിവരങ്ങൾ മാത്രമായിരുന്നു അവലംബം.

രോഗവ്യാപനം തടയാനും കൊവിഡിനെ തുരത്താനുംവേണ്ടി രണ്ടു മാസത്തോളം രാജ്യം സമ്പൂർണ ലോക്ഡൗണിൽ കഴിഞ്ഞു. എല്ലാ പ്രവർത്തനങ്ങളും മുടക്കി. കോടിക്കണക്കിനു ജനങ്ങൾക്കു പണിയും വരുമാനവും ഇല്ലാതാക്കി. ഫാക്ടറികൾ അടച്ചിട്ടു. ഗതാഗതം മുടക്കി. വിദ്യാലയങ്ങൾ വിലക്കി. ആരാധനാലയങ്ങൾ പൂട്ടിയിട്ടു.

ഇങ്ങനെ ചെയ്താൽ രണ്ടു മാസംകൊണ്ടു കൊവിഡ് ഇല്ലാതാകുമെന്ന് ആരോ പറഞ്ഞു കേൾപ്പിച്ചതുവച്ചാണു കേന്ദ്രം വിനാശകാരിയായ ലോക്ഡൗൺ നടപ്പാക്കിയത്. അഞ്ഞൂറിലേറെ രോഗികൾ മാത്രമുണ്ടായിരുന്നപ്പോഴാണ് ലോക്ഡൗൺ പ്രഖ്യാപിച്ചത്. പിൻവലിച്ചപ്പോൾ പ്രതിദിനരോഗബാധ 10,000 കടന്നിരുന്നു.

**ദാരിദ്ര്യത്തിലേക്കു വീണ്ടും വീഴ്ച**

തെറ്റായ പ്രതീക്ഷകളുടെ അടിസ്ഥാനത്തിൽ അനവസരത്തിൽ ലോക്ഡൗൺ നടപ്പാക്കിയത് രോഗവ്യാപനം തടഞ്ഞില്ല. പക്ഷേ, ജനങ്ങളുടെ പണിയും വരുമാനവും കളഞ്ഞു. 12.2 കോടി പേർക്കു തൊഴിൽ നഷ്ടമായി. ഒരു വർഷം പിന്നിട്ടിട്ടും ഇവരിൽ ഭൂരിപക്ഷത്തിനും പഴയ വരുമാനം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. പ്യൂ (Pew) റിസർച്ച് സെന്ററുകാരുടെ സർവേ പ്രകാരം ഇന്ത്യയിൽ കഴിഞ്ഞ വർഷം 3.2 കോടി ജനങ്ങളാണു ദാരിദ്ര്യരേഖയ്ക്കു താഴോട്ടു പതിച്ചത്. ലോകത്താകമാനം 5.4 കോടി ജനങ്ങൾ ദാരിദ്ര്യത്തിലേക്കു വീണതിൽ 60 ശതമാനവും ഇന്ത്യക്കാർ. ദിവസം 150 രൂപയിൽ താഴെ വരുമാനമുള്ളവരെയാണു ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരായി കണക്കാക്കുന്നത്. ഇന്ത്യയിലെ ഇടത്തരക്കാരുടെ എണ്ണം മുപ്പതു ശതമാനം കുറഞ്ഞെന്നും അവർ കണ്ടെത്തി. ജോലി നഷ്ടപ്പെട്ടില്ലെങ്കിലും ശമ്പളം വെട്ടിക്കുറയ്ക്കപ്പെട്ടും ജോലി പോയിട്ടു പിന്നീടു കുറഞ്ഞ വേതനമുള്ള ജോലിയിൽ കയറിയുമൊക്കെ മുന്നോട്ടുപോകുന്നവരാണ് ഇതിൽ പെടുന്നത്.

**പ്രതീക്ഷകൾ പാളി**

കഴിഞ്ഞ ധനകാര്യവർഷം ഇന്ത്യയുടെ ജിഡിപി (മൊത്തആഭ്യന്തരോത്പാദനം) 7.5 ശതമാനം ഇടിഞ്ഞെന്നാണ് റിസർവ് ബാങ്കും കേന്ദ്ര സർക്കാരും കണക്കാക്കുന്നത്. 2019-20 - ൽ 204.42 ലക്ഷം കോടി രൂപ ഉണ്ടായിരുന്നു ഇന്ത്യയുടെ ജിഡിപി. 2020-21 - ൽ ഇത് 224.89 ലക്ഷം കോടിയാകുമെന്നു പ്രതീക്ഷിച്ചു. പക്ഷേ, കൊവിഡും ലോക്ഡൗണും മൂലം അത് 194.82 ലക്ഷം കോടിയായി കുറഞ്ഞെന്നു കണക്കാക്കുന്നു.

ജിഡിപി കുറയുമ്പോൾ ആളോഹരി വരുമാനം കുറയുന്നു. ഓരോ വർഷവും ജനസംഖ്യ ഒന്നരക്കോടി വച്ചു കൂടുമ്പോൾ വരുമാനത്തിലെ കുറവ് കൂടുതൽ വലുതാകും. വരുമാനം മാത്രമല്ല വിഷയം. തൊഴിൽ കുറയും. പുതിയ തൊഴിലന്വേഷകർക്കു മുട്ടാൻ അധികം വാതിലുകൾ ഉണ്ടാകില്ല. ജിഡിപി താഴുമ്പോൾ വരുന്ന വലിയ വിഷയമതാണ്.

**ബൈഡന്റെ മാതൃക**

അതു പരിഹരിക്കാൻ സർക്കാർ കൂടുതൽ പണം മുടക്കി നിർമാണപ്രവർത്തനങ്ങൾ നടത്തുകയോ അടിസ്ഥാനസൗകര്യവികസനത്തിനു പദ്ധതികൾ നടപ്പാക്കുകയോ ചെയ്യണം. അത്തരം ഉത്തേജക പദ്ധതികൾ വേണമെന്ന് എല്ലാവരും നിർദേശിക്കുന്നു.

അമേരിക്കയിൽ പ്രസിഡന്റ് ജോ ബൈഡൻ ചെയ്തത് അതാണ്. ഹ്രസ്വകാലാശ്വാസപദ്ധതിയും ദീർഘകാല വികസനപദ്ധതിയും പ്രഖ്യാപിച്ചു. ആദ്യത്തേതു നടപ്പാക്കി. രണ്ടാമത്തേതിനു തുടക്കമിട്ടു. അതിന്റെ ഫലമായി ഈ വർഷം അമേരിക്കയുടെ ജിഡിപി 6.2 ശതമാനം വളരുമെന്നാണു കണക്കുകൂട്ടൽ. കഴിഞ്ഞ വർഷം 3.5 ശതമാനം ചുരുങ്ങിയതാണ്. ഇന്ത്യ ഇനിയും അതിനു തയാറായിട്ടില്ല.

ഇന്ത്യയും കഴിഞ്ഞ വർഷം ജിഡിപിയിൽ ഏഴര ശതമാനം ഇടിവുണ്ടായശേഷം ഇക്കൊല്ലം നല്ല തിരിച്ചുവരവ് കാത്തിരിക്കുമ്പോഴാണ് കൊവിഡിന്റെ ഭീതിദമായ രണ്ടാം തരംഗം. പത്തര ശതമാനംമുതൽ 12.5 ശതമാനംവരെ വളർച്ചയാണു വിവിധ ഏജൻസികൾ ഇക്കൊല്ലം പ്രതീക്ഷിച്ചത്. അതു തിരുത്തിക്കുറിച്ചു തുടങ്ങി. എങ്കിലും ഇരട്ടയക്കവളർച്ചയെപ്പറ്റിയുള്ള പ്രതീക്ഷ അവർ കൈവിട്ടിട്ടില്ല. ജൂൺ ആദ്യം ഐഎംഎഫിന്റെ പുതിയ വിലയിരുത്തലിനെ കാത്തിരിക്കുകയാണ് എല്ലാവരും. അപ്പോഴേക്കു 2020 - 21 ന്റെ രണ്ടാമത്തെ എസ്റ്റിമേറ്റും വരും. നാലാം പാദത്തിൽ എത്ര വളർന്നു എന്നതാകും ശ്രദ്ധാകേന്ദ്രം.

**ലോക്ഡൗൺ വീണ്ടും വരില്ല**

ഏപ്രിലിലെ കൊവിഡ്‌വർധന ലോക്ഡൗണുകളിലേക്കു നയിക്കുമോ എന്നു പലർക്കും ഭയമുണ്ടായിരുന്നു. വിഫലവും വിനാശകാരിയുമായ ആദ്യത്തെ ലോക്ഡൗണിന്റെ അബദ്ധം ആവർത്തിക്കേണ്ട എന്നാണ് ഇത്തവണ കേന്ദ്രനിലപാട്. പ്രാദേശികമായ മൃദു ലോക്ഡൗൺ, കർഫ്യൂ, കണ്ടെയ്ൻമെന്റ് സോൺ, യാത്രാനിയന്ത്രണം, ആൾക്കൂട്ടം ഒഴിവാക്കൽ തുടങ്ങിയവവഴി രോഗവ്യാപനം നിയന്ത്രിക്കാനാണു കേന്ദ്ര നിർദേശം.





എന്നാൽ, ഇതിനിടെ അഞ്ചു സംസ്ഥാനങ്ങളിലെ നിയമസഭാതിരഞ്ഞെടുപ്പ് പ്രചാരണം, അനേക ലക്ഷങ്ങൾ പങ്കെടുത്ത ഹരിദ്വാറിലെ കുംഭമേള, ഹോളി ആഘോഷങ്ങൾ, ഉത്സവങ്ങൾ തുടങ്ങിയവവഴി രോഗവ്യാപനം രാജ്യത്തു പരക്കെയായി. കഴിഞ്ഞ വർഷം രോഗവ്യാപനത്തിന്റെ പാരമ്യത്തിൽ പ്രതിദിന വർധന 97,000 വരെയേ എത്തിയുള്ളൂ. ഏപ്രിൽ 17-ന് അവസാനിച്ച ആഴ്ചയിൽ നാലുദിവസം രണ്ടു ലക്ഷത്തിലധികം പേർ വീതം രോഗികളായി. ഇതു പുതിയ തരംഗത്തിന്റെ ഭീകരാവസ്ഥ കാണിക്കുന്നു.

**ചെലവു ചെയ്യില്ല; വ്യാപാരമാന്ദ്യം വരും**

പ്രാദേശിക ലോക്ഡൗണുകളും മറ്റു നിയന്ത്രണങ്ങളും സാമ്പത്തികരംഗത്തു പ്രതീക്ഷിച്ച തിരിച്ചു കയറ്റത്തിനു ഭീഷണിയാണ്. ടൂറിസം, ഉല്ലാസം, ഹോട്ടൽ, വ്യോമയാനം തുടങ്ങിയ പല മേഖലകളും തുടർച്ചയായ രണ്ടാം വർഷവും താഴോട്ടു പോകും. മാളുകൾക്കും വ്യാപാരമേഖലയ്ക്കുമുള്ള നിയന്ത്രണങ്ങൾ വ്യാപാരം നന്നേ കുറയ്ക്കും. കാറുകൾ മുതൽ ഇലക്ട്രോണിക് സാമഗ്രികൾ വരെയുള്ളവയുടെ വില്പന കുറയും. വീട്ടിലിരുന്നു ജോലിയും പഠനവും തുടരുന്നത്, വസ്ത്രങ്ങളുടെയും ആഭരണങ്ങളുടെയും പാദരക്ഷകളുടെയും പേഴ്സണൽ കെയർ ഉത്പന്നങ്ങളുടെയും വില്പന കുറയ്ക്കും.

അനിശ്ചിതത്വവും ആശങ്കയും അവശ്യസാധനങ്ങൾ അമിതമായി സ്റ്റോക്ക് ചെയ്യാൻ ആൾക്കാരെ പ്രേരിപ്പിക്കും. ഒപ്പം, പണച്ചെലവ് കൂടുതലുള്ള ഇടപാടുകൾ ഒഴിവാക്കും. മൊത്തത്തിൽ ചെലവ് കുറയ്ക്കും.

ഓരോരുത്തരും ചെലവ് കുറയ്ക്കുമ്പോൾ അവരുടെ സമ്പാദ്യം കൂടും. പക്ഷേ, സമ്പദ്ഘടന മാന്ദ്യത്തിലാകും. കാരണം, വ്യാപാരം കുറയുന്നു.

**യുവാക്കൾക്ക് നീണ്ട ഇലപൊഴിയും കാലം?**

കൊവിഡ് വ്യാപനം രൂക്ഷമാകുന്നത് ഈ വർഷവും സാമ്പത്തികവളർച്ച കാര്യമായി ഉണ്ടാകാതിരിക്കാൻ കാരണമായാൽ നീണ്ട ഞെരുക്കമാകും രാജ്യത്തെ കാത്തിരിക്കുന്നത്. ഒരു നീണ്ട ഇലപൊഴിയും കാലം. യുവാക്കൾക്കു പണിയും പണവും കിട്ടാതെ വർഷങ്ങൾ കടന്നുപോകുന്ന ദുരവസ്ഥ.

ഇപ്പോഴത്തെ രോഗവ്യാപനം വികസ്വര-അവികസിത രാജ്യങ്ങളിലാണു വലിയ വെല്ലുവിളിയായി മാറിയിരിക്കുന്നത്. കൊവിഡിനു മുമ്പുള്ള നിലവാരത്തിലേക്ക് ഈ രാജ്യങ്ങൾക്കു തിരിച്ചുകയറ്റം എളുപ്പമല്ലെന്നും തിരിച്ചുകയറ്റത്തിനു വർഷങ്ങൾ എടുക്കുമെന്നും ലോക ബാങ്ക് ചീഫ് ഇക്കണോമിസ്റ്റ് കാർമൻ റൈൻ ഹാർട്ട് പറയുന്നു. ശരിയായ നയപരിപാടികൾ ആവിഷ്കരിച്ച് സമ്പദ്ഘടനയിലേക്കു പണം ഒഴുക്കി പണിയും വരുമാനവും വർധിപ്പിക്കുക മാത്രമാണു പരിഹാരം.

■

കഥ

# നന്മമരങ്ങൾ

എം.ഡി. വിശ്വംഭരൻ



**കൃ**ഷ്ണേട്ടന്റെ കടയുടെ മുന്നിൽ കാർ എത്തിയപ്പോൾ അന്നാമ്മ പെട്ടെന്നു പറഞ്ഞു: "മക്കളേ, കാർ നിർത്തൂ." അപ്പോൾ അന്നാമ്മയുടെ മകൾ ആൻസിയും മക്കൾ സൈറയും ടിന്റുവും പരസ്പരം മുഖത്തു നോക്കി ചിരിച്ചു. പിന്നെ ടിന്റു പറഞ്ഞു: "ദേ വരുന്നു ഇനി വല്ലിമ്മച്ചിയുടെ ഡയലോഗ്, ദാ ഇപ്പോൾ കൃഷ്ണേട്ടന്റെ കടയിലേക്ക് ഓടുകയായി, പിന്നെ പയ്യാരം പറച്ചിൽ, പെരുന്നാൾ ക്ഷണിക്കൽ അങ്ങനെ പോകും കാര്യങ്ങൾ." ഈ പരിഹാസം പതിവുള്ളതായതിനാൽ അന്നാമ്മ ഒന്നും പറഞ്ഞില്ല. പ്രഭാതത്തിൽ കൂടിവരുന്ന സൂര്യന്റെ ചൂടിനെക്കാൾ ഡിസംബറിലെ തണുപ്പിനായിരുന്നു ആധിക്യം. തന്നെ നോക്കി അടക്കിച്ചിരിക്കുകയും പരിഹസിക്കുകയും ചെയ്യുന്ന മകളെയും കൊച്ചുമക്കളെയും അവരുടെ വർത്തമാനങ്ങളെയും അവഗണിച്ച് കടയിലേക്കു നടക്കുമ്പോൾ അന്നാമ്മ ഓർക്കുകയായിരുന്നു. ആരൊക്കെ എന്തൊക്കെ പറഞ്ഞാലും തനിക്കൊന്നുമില്ല. അബദ്ധങ്ങളൊന്നുമല്ല താൻ ചെയ്യുന്നത്. ഒരു കടമ നിറവേറ്റൽ, കടംവീട്ടൽ, വീട്ടിയാൽ തീരുന്നതല്ല ആ കടം.

എല്ലാ ഞായറാഴ്ചയും മുടങ്ങാതെ പള്ളിയിൽ പോകും. രണ്ടാമത്തെ കുർബാനയ്ക്കാണ് പതിവായി പോകുന്നത്. ഒത്തുവന്നാൽ മറ്റു ദിവസങ്ങളിലും അങ്ങനെതന്നെയായിരുന്നു. ഈ നാട്ടിൽ വന്നെത്തിയിട്ട് വർഷം മുപ്പത്തിയഞ്ചു കഴിഞ്ഞിരിക്കുന്നു. അന്ന് ആൻസമ്മയ്ക്ക് ഒരു വയസ്. ജോണിച്ചായന്റെകൂടെ ഇറങ്ങിച്ചെല്ലുമ്പോൾ ഇങ്ങനെയൊക്കെ വന്നുഭവിക്കുമെന്നും ദുരിതങ്ങൾ തന്റെ പിന്നാലെ വരികയാണെന്നും അറിഞ്ഞില്ലല്ലോ. ജോണിച്ചായൻ എത്ര സ്നേഹമുള്ളവനായിരുന്നു! അവരുടെ തോട്ടത്തിൽ അമ്മയോടൊപ്പം പണിക്കു ചെന്ന തന്നെ ജോണിച്ചായൻ കണ്ടതും ചുരുങ്ങിയ ദിവസത്തെ പരിചയത്തിൽ പരസ്പരം സ്നേഹബദ്ധരായതുമെല്ലാം ഇന്നലെത്തെപ്പോലെ ഓർക്കുന്നു. ഇച്ചായന്റെ അപ്പൻ മനുഷ്യപ്പറ്റില്ലാത്തവനും ധനമോഹിയുമായിരുന്നു. തങ്ങൾ തമ്മിൽ അടുപ്പമാണെന്നറിഞ്ഞ് അദ്ദേഹം തനിസ്വരൂപം കാണിച്ചു. മേലിൽ പണിക്കു വരരുതെന്ന് അമ്മയോടു വിലക്കി, ഭീഷണിപ്പെടുത്തി. എന്നാൽ മക്കളില്ലാതിരുന്നു പ്രാർത്ഥനയും നേർച്ചയുംകൊണ്ട് പിറന്ന മകനെ പിണക്കാനും ആ പിതാവിനു കഴിയുമായിരുന്നില്ല. മകന്റെ ഇഷ്ടത്തിനെതിരായി നിൽക്കാൻ കഴിയാത്തതിനാൽ എങ്ങനെയും തന്നെ അവിടുന്ന് ഒഴിവാക്കാനായിരുന്നു ശ്രമം. ജോണിച്ചായൻ അപ്പനോട് ഇടഞ്ഞ് പള്ളിയിലെ അച്ചനെ കണ്ടു സഹായം തേടുകയായിരുന്നു.

അച്ചൻ അനുനയത്തിൽ ചോദിച്ചു: "ജോണീ, മാതാപിതാക്കളെ അനുസരിക്കുന്നതല്ലേ നല്ലത്? കർത്താവിനു ഹിതമല്ലാത്ത ഒന്നും മനുഷ്യൻ പ്രവർത്തിച്ചുകൂടാ. അപ്പോൾ ജോണി ഇടപെട്ടു: "അച്ചോ, ഏഴകളെ സഹായിക്കുന്നതും സ്നേഹിക്കുന്നതും കർത്താവിനു ഹിതമല്ലാത്ത കാര്യങ്ങളാണോ? വചനം വചനമായി നിർത്തിയാൽ മതിയോ അച്ചോ. അന്നാമ്മ പാവപ്പെട്ട ഒരു പിതാവിന്റെ മകളാണ്. അദ്ദേഹം ജീവിച്ചിരിക്കുന്നുമില്ല. കാഴ്ചയിൽ നല്ല അടക്കവും ഒതുക്കവും കുറച്ചു സൗന്ദര്യവുമുള്ളവളാണല്ലോ. അവളെ ഭാര്യയാക്കാൻ ഞാനാഗ്രഹിക്കുന്നു. അച്ചൻ അച്ചായനോടു പറഞ്ഞ് ഞങ്ങളുടെ കല്യാണം നടത്തിത്തരണം."

ഇടവകക്കാരുടെ ക്ഷേമത്തിലും ഐശ്വര്യത്തിലും എന്നും തത്പരനായിരുന്നു ഫ്രാൻസീസ് അച്ചൻ. ജോണിയുടെ വാദമുഖങ്ങൾ എല്ലാം മനസുകൊണ്ട് ശരിവയ്ക്കുമ്പോഴും അദ്ദേഹം പറഞ്ഞു, അപ്പനു ഹിതമല്ലാത്ത ബന്ധത്തിൽനിന്നു പിന്മാറാൻ. ജോണി നല്ല അനുസരണയും ദൈവഭയവും ഉള്ളയാളായതിനാൽ അച്ചന് അവനോടു പ്രത്യേക സ്നേഹംതന്നെയായിരുന്നു. അപ്പനോടു വിവാഹക്കാര്യം സൂചിപ്പിച്ചപ്പോൾ അയാൾ എതിർക്കുകയും ക്ഷോഭിക്കുകയും ചെയ്തു.

ശാന്തശീലനായ അച്ചൻ ചെറുചിരിയോടെ പറഞ്ഞു: "മത്തായിച്ചേട്ടാ, ജോണി എനിക്കേറെ ഇഷ്ടമുള്ള പയ്യൻ. പള്ളിക്കാര്യത്തിൽ എല്ലാറ്റിനും മുന്നിൽ നിന്നു പ്രവർത്തിക്കുന്ന ഉത്സാഹി. അവൻ ഒരു കാര്യം പറയുമ്പോൾ എനിക്കത് ശരിയാണെങ്കിൽ തള്ളിക്കളയാൻ പറ്റില്ല. തെറ്റില്ലാത്ത കാര്യമായതുകൊണ്ട് ഞാൻ ഇറങ്ങിപ്പുറപ്പെട്ടന്നേയുള്ളൂ. അവന് ഇഷ്ടപ്പെട്ട പെൺകൊച്ച്. അവൾ നിങ്ങളോടൊപ്പംനിന്ന് പണി ചെയ്ത് കുടുംബത്തിന്റെ ഐശ്വര്യം വർദ്ധിപ്പിക്കുകയേയുള്ളൂ. അതിനാൽ മത്തായിച്ചേട്ടൻ ആ വഴിക്കു ചിന്തിക്കൂ."

എന്തൊക്കെപ്പറഞ്ഞാലും മത്തായിക്ക് പള്ളിയും പള്ളിവികാരിയുമെല്ലാം ദൗർബല്യമാണ്. ഫ്രാൻസീസ് അച്ചൻ പറഞ്ഞ കാര്യം നിഷേധിക്കാനാവില്ലെന്നറിഞ്ഞ മത്തായി അനിഷ്ടത്തോടെയാണെങ്കിലും വിവാഹത്തിനു സമ്മതിക്കുകയായിരുന്നു.

ആരൊക്കെ എന്തൊക്കെപ്പറഞ്ഞാലും ആ കല്യാണമങ്ങു നടന്നു. അവർ ഇണക്കുരുവികളായി പള്ളിയിൽപ്പോയി, തോട്ടത്തിൽ പോയി. മുതലാളിയുടെ ഭാര്യ എന്നു കാണാതെ അന്നാമ്മ മറ്റുള്ളവരോടൊപ്പം പണിയെടുത്തു.

വർഷമൊന്നു കഴിഞ്ഞപ്പോൾ അവരുടെ അനുരാഗവല്ലരി ആൻസമ്മയുടെ രൂപത്തിൽ ജന്മമെടുത്തു. മകന്റെ കുഞ്ഞിനെ കണ്ടിട്ടും അതിനെ എടുക്കാനോ ലാളിക്കാനോ മത്തായി മുതിർന്നില്ല. അന്നാമ്മ പണിയെടുക്കുന്നതിലെ കുറവുകൾ മാത്രം കണ്ടു. അയാൾ ഇടയ്ക്കിടെ അന്നാമ്മയെ കുത്തിനോവിച്ചു.

ദിവസങ്ങൾ കൂരമ്പുകൾക്കിടയിലൂടെ കടന്നുപോകുമ്പോൾ ആ ദുരന്തം വന്നെത്തിയത് പെട്ടെന്നാണ്. കുരുമുളകു കയറ്റിയ ജീപ്പുമായി പോയ ജോണിച്ചായന്റെ വാഹനം അപ്രതീക്ഷിതമായി നിയന്ത്രണം തെറ്റി അഗാധമായ കൊക്കയിലേക്കു മറിഞ്ഞു. അപകടം കണ്ട് ഓടിക്കൂടിയ ജനം തിരച്ചിലിനൊടുവിൽ ചേതനയറ്റ ശരീരവുമായിട്ടാണ് കരയ്ക്കു വന്നത്. വിവരമറിഞ്ഞപ്പോൾ, ഇതെന്തു പരീക്ഷണമാണെന്നോർത്ത് വിലപിച്ചു. ആശിച്ച ജീവിതം ജീവിച്ചുതുടങ്ങിയതേയുള്ളൂ. താൻ ഈ കുഞ്ഞുമായി എങ്ങനെ മുന്നോട്ടുപോകും? ജോണിച്ചായന്റെ അപ്പനും അമ്മയ്ക്കും തന്നെ കണ്ടുകൂടാ. പിന്നെയെങ്ങനെ? അതൊരു വലിയ ചോദ്യചിഹ്നമായി വേട്ടയാടി.

ദിവസങ്ങൾ കടന്നുപോകുമ്പോൾ അപ്പൻ, എല്ലാ കുഴപ്പങ്ങൾക്കും താനാണെന്ന ഭാവത്തിൽ എല്ലാ ദേഷ്യവും കൂരമ്പുകളാക്കി തനിക്കു നേരേ തൊടുത്തുവിടുന്നു. മകന്റെ ദുർവിധിക്കു കാരണം ഈ നശിച്ച ഒരുത്തി മാത്രം എന്നു നിരന്തരം പറയുന്നു. ഒപ്പം അമ്മയും കൂടുന്നു. ശരിക്കും ആഹാരം തരില്ല. പകരം ശാപവാക്കുകൾ നിർലോപം കോരിച്ചൊരിഞ്ഞു. കുഞ്ഞിനെ ചേർത്തുപിടിച്ച് എല്ലാ സങ്കടവും കർത്താവിൽ അർപ്പിച്ച് ദിവസങ്ങൾ തള്ളിനീക്കി. ഇനി എങ്ങോട്ടാണു പോകുന്നത്? സ്വന്തം വീട്ടിലേക്ക് എങ്ങനെ കയറിച്ചെല്ലും? തന്റെ ഇളയ മൂന്നു കുട്ടികൾ. ആ പട്ടിണിയിലേക്കു കയറിച്ചെന്ന് അവരെക്കൂടി വിഷമത്തിലാക്കാൻ മനസ്സുവരുന്നില്ല. അങ്ങനെ നീറിനില്ക്കുന്ന വേളയിലാണ് ഒരു ദിവസം അപ്പൻ മദ്യപിച്ചുവന്നു ചീത്ത വിളിക്കുകയും ഒപ്പം തന്നെ പിടിച്ച് പുറത്തേക്ക് തള്ളുകയും ചെയ്തത്. കുഞ്ഞിനെ പുറത്തെടുത്തു നിർത്തി എവിടെയെങ്കിലും ഇറങ്ങിപ്പോകാൻ ആക്രോശിച്ചു. സ്വന്തം മകന്റെ കുഞ്ഞാണെന്ന പരിഗണന കാണിച്ചില്ല. കണ്ടുനിന്ന അമ്മ ഒരക്ഷരം മിണ്ടിയില്ല. എവിടെയെങ്കിലും പോയി തുലഞ്ഞുകൂടേ എന്നു പലതവണ അവർ ചോദിക്കുകയും ചെയ്തിരുന്നു.

ഇനിയെന്ത്? ഒരുവേള ആകെ പതറിപ്പോയി. ഈ രാത്രിയിൽ കുഞ്ഞുമായി എവിടേക്ക്? നിശ്ചയമില്ല. തനിക്കു കണ്ടു മതിയാകാത്ത ഈ നാടും കാടും പുഴയും മലയും എല്ലാം മനസ്സിലേക്ക് ആവാഹിച്ച് തന്റെ കുഞ്ഞിനു കാണാൻ കഴിയാതെ നഷ്ടപ്പെട്ടുപോകുന്ന ഈ നാടിനെ ഓർത്തു മനസു തേങ്ങി. മനുഷ്യത്വം തെല്ലുമില്ലാത്ത ഭർത്തൃപിതാവിനെയും മാതാവിനെയും കുറിച്ചോർക്കുമ്പോൾ തനിക്കു ജീവിക്കാനുള്ള സൗഭാഗ്യം നഷ്ടപ്പെട്ടതോർത്ത് ആ കനത്ത ഇരുട്ടിൽ മുന്നോട്ടു നീങ്ങി. ഏതെങ്കിലും കാട്ടുപൊന്തയിലോ ഗർത്തത്തിലോ ഈ ജീവനുകൾ എറിഞ്ഞുകൊടുക്കുകയേ ഇനി മാർഗമുള്ളൂ എന്ന ചിന്തയിലാണു നടന്നത്.

*********************

ഇന്നു നേരം ഒരുപാട് ഇരുട്ടി. പതിവിലും കൂടുതൽ താമസിച്ചിരിക്കുന്നു. കൃഷ്ണൻ തന്റെ കാളവണ്ടി തെളിക്കുകയായിരുന്നു. കടയിലേക്കുള്ള സാമാനങ്ങൾ വാങ്ങി വീട്ടിലേക്കു മടങ്ങുമ്പോൾ വൈകിയതിനെക്കുറിച്ചുള്ള ചിന്തയിലായിരുന്നു കൃഷ്ണൻ. കാട്ടുപാതയിൽ വളവുതിരിയുമ്പോൾ ഇരുട്ടിൽ മരത്തിന്റെ മറവിലേക്ക് ആരോ തെന്നിമാറുന്നതു കണ്ട് കൃഷ്ണൻ ഉറക്കെ വിളിച്ചു ചോദിച്ചു: "ആരാ? ആരാ അത്? അവിടെ ഇരുട്ടത്ത് എന്തെടുക്കുകയാ?'' സംശയം തോന്നി അയാൾ കാളകളെ പിടിച്ചു നിർത്തി നിഴൽ മറയുന്നിടത്തേക്കു ചെന്നു. ഇരുളിൽ വ്യക്തമായില്ലെങ്കിലും ആരോ നിൽക്കുന്നതായിത്തോന്നി വിളിച്ചു ചോദിച്ചു: ''ആരാ, എന്താ ഈ ഇരുട്ടിൽ?"

ഒഴിഞ്ഞുമാറാൻ ശ്രമിച്ച രൂപത്തെക്കണ്ട് അയാൾ അന്ധാളിച്ചു. വേഗം മുന്നോട്ടു ചെന്നു ചോദിച്ചു: "എന്താ ഈ രാത്രിയിൽ? എന്തിനാ ഈ കുഞ്ഞുമായി വന്നിരിക്കുന്നത്. എന്താ, ചാകാനാണോ? നിനക്കു ചാകണമെങ്കിൽ ഈ കുഞ്ഞ് എന്തു പിഴച്ചു? അതിനെ എന്തു ചെയ്യാൻ പോകുന്നു?"

എല്ലാറ്റിനും ഒരു തേങ്ങൽ മാത്രമായിരുന്നു ഉത്തരം. "പെണ്ണേ, നിനക്ക് ഇപ്പോൾ ചാകണ്ടെങ്കിൽ വന്നു വണ്ടീലോട്ട് കേറ്. ബാക്കിയെല്ലാം പിന്നെ." അവൾ മടിച്ചുനിന്നു.

കൃഷ്ണൻ ശബ്ദമുയർത്തി ചോദിച്ചു: ''ഇങ്ങോട്ടു വരുന്നുണ്ടോ? വാ വന്നു കേറ് പെണ്ണേ." അയാൾ അവളെ ബലമായി പിടിച്ച് വണ്ടിയിലേക്കു കയറ്റി വണ്ടി തെളിച്ചു. ഒന്നും ചോദിച്ചില്ല. ഒന്നും പറയാൻ ആവശ്യപ്പെട്ടില്ല. ഇടയ്ക്ക് അവളെ പാളി നോക്കി. പാതിരാ കഴിയുന്ന നേരത്താണ് കൃഷ്ണൻ വീട്ടിലെത്തുന്നത്. ചെന്നപാടെ ഭാര്യയെ വിളിച്ചു പറഞ്ഞു:

"ദേ, രാത്രി വഴിയിൽനിന്നു കിട്ടിയതാണ്, എന്താന്നുവച്ചാൽ ചെയ്യ്."

ശേഷം 8-ാം പേജിൽ

ദീപനാളം

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



**എന്നെ സ്നേഹിക്കുകയും എന്റെ കല്പനകൾ പാലിക്കുകയും ചെയ്യുന്നവരോട് ആയിരം തലമുറ വരെ ഞാൻ കാരുണ്യം കാണിക്കും.**

**നിയമാവർത്തനം 5:10**

**എഡിറ്റോറിയൽ**

# ഇനിയെങ്കിലും പഠിക്കുമോ സ്വയംനിയന്ത്രണം?

**കൊ**വിഡിന്റെ രണ്ടാം തരംഗം ആദ്യത്തെ രോഗവ്യാപനനിരക്കിനെക്കാൾ വളരെ ഉയർന്ന തോതിലായതിനാൽ ലോകമാകെ ഭീതിയുടെ നിഴലിലാണ്. രാജ്യത്ത് കൊവിഡ് ചികിത്സയിലുള്ളവരുടെ എണ്ണം ഇരുപതു ലക്ഷം കവിഞ്ഞു. സംസ്ഥാനത്ത് രോഗബാധ ഇരുപതിനായിരത്തോടടുത്തു. ജനങ്ങളുടെ ആശങ്കയകറ്റാനും മാർഗനിർദേശങ്ങൾ നല്കാനും രാഷ്ട്രീയഭരണനേതൃത്വമില്ലെന്ന തോന്നലാണ് ഇക്കഴിഞ്ഞ ദിവസങ്ങളിലെല്ലാം കേരളത്തിൽ പ്രകടമായത്.

രോഗവ്യാപനം മിന്നൽ വേഗത്തിലായതിനാൽ കൊവിഡിന്റെ രണ്ടാംവരവിനെ യുദ്ധകാലാടിസ്ഥാനത്തിൽ ചെറുത്തുതോല്പിക്കുക മാത്രമേ കരണീയമായിട്ടുള്ളൂ. ആരെയും കുറ്റപ്പെടുത്തിയോ പഴിചാരിയോ താരതമ്യപ്പെടുത്തിയോ ഇരിക്കാൻ നമുക്കിനി സമയമില്ല. നിസ്സംഗരായിരിക്കാനോ, നിസ്സാരരാണെന്നു കരുതാനോ നമുക്കാർക്കുമാവില്ല. അതിജാഗ്രതയാണാവശ്യം. ഓരോരുത്തരുടെയും പരസ്പരമുള്ള കരുതലും കാവലും രക്ഷാപ്രവർത്തനത്തിൽ സഹായകമാകും. രാജ്യം, സംസ്ഥാനം, ജില്ല, പഞ്ചായത്ത് എന്നിങ്ങനെയുള്ള തരംതിരിവുകൾക്കെല്ലാമപ്പുറം 'വസുധൈവകുടുംബക'മെന്ന ഒറ്റവിചാരത്താൽ പരസ്പരം സഹകരിക്കാനും സാന്ത്വനിപ്പിക്കാനും പ്രാർത്ഥിക്കാനും നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു. കരങ്ങൾ കോർക്കാനാവാത്തിടത്ത് മനുഷ്യമനസ്സുകൾക്ക് ഒരുമയുടെ സങ്കീർത്തനങ്ങളാലപിക്കാനാവും.

കൊവിഡ് വെല്ലുവിളി നേരിടാൻ വാക്സിൻ നിർമാണവും വിതരണവും കൂടുതൽ കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു. ഇതുവരെ പന്ത്രണ്ടുകോടിയിലധികം പേർക്ക് വാക്സിൻ നല്കിയെന്നാണ് കേന്ദ്രത്തിന്റെ വിശദീകരണം. ലോകത്തെ ഏറ്റവും വലിയ വാക്സിനേഷൻ പദ്ധതി ഇന്ത്യയുടേതാണെന്നും ഏറ്റവും വില കുറഞ്ഞ വാക്സിൻ എത്രയും വേഗത്തിലെത്തിക്കാൻ കഴിഞ്ഞെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി വിളിച്ചുപറയുമ്പോഴും വാക്സിൻക്ഷാമം രൂക്ഷമാണെന്ന മുറവിളികളാണു രാജ്യമൊട്ടാകെ ഉയർന്നുകേൾക്കുന്നത്. വാക്സിൻ ക്ഷാമം നേരിട്ടത് ആദ്യഘട്ടത്തിൽ മറ്റു രാജ്യങ്ങളിലേക്കു കയറ്റിയയച്ചതുകൊണ്ടാണെന്ന ആക്ഷേപം നിലനില്ക്കെയാണ് ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന വാക്സിന്റെ പകുതി രാജ്യത്തുതന്നെ വിതരണം ചെയ്യുമെന്നു മോദി പറഞ്ഞിരിക്കുന്നത്. ഉത്പാദനത്തിനുള്ള സാധ്യത കഴിയാവുന്നത്ര ഉപയോഗപ്പെടുത്തുന്നതിൽ വേണ്ടത്ര ജാഗ്രതയും ആസൂത്രണവുമുണ്ടായില്ല. ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിൽ നിലവിലുള്ള കമ്പനികൾക്കു സാമ്പത്തികസഹായം നല്കി ഊർജ്ജസ്വലമാക്കുന്ന കാര്യത്തിലും വേണ്ടത്ര ദീർഘവീക്ഷണമുണ്ടായില്ല.

കേരളം അരക്കോടി ഡോസ് വാക്സിൻ ആവശ്യപ്പെട്ടിട്ടും രണ്ടരലക്ഷം ഡോസ് മാത്രമാണ് ഈയിടെ ലഭിച്ചത്. ലഭിച്ച വാക്സിൻ പാഴാക്കാതെ പൂർണമായി ഉപയോഗിച്ചത് കേരളം മാത്രമാണെന്നു കേന്ദ്ര സർക്കാർ പറയുകയുണ്ടായി. രാജ്യത്താകെ അരക്കോടിയിലേറെ ഡോസ് വാക്സിൻ പാഴായിപ്പോയിട്ടുണ്ടെന്നും കണക്കുകൾ പറയുന്നു.

രാജ്യത്ത് വാക്സിനേഷൻ യജ്ഞം തുടങ്ങിയിട്ട് നൂറു ദിവസമാവുകയാണ്. ഇപ്പോഴും എട്ടുശതമാനത്തിൽ താഴെയാളുകൾക്കു മാത്രമേ ഒരു ഡോസെങ്കിലും വാക്സിനെടുക്കാൻ കഴിഞ്ഞിട്ടുള്ളൂ. പൂർണമായും കുത്തിവയ്ക്കപ്പെട്ടവരുടെ നിരക്ക്, അതായത്, രണ്ടു ഡോസ് വാക്സിനെടുത്തത് ഏപ്രിൽ 21 ലെ കണക്കനുസരിച്ച്, 1.33 ശതമാനം മാത്രം. നിലവിൽ പ്രതിദിനം 34 ലക്ഷം കുത്തിവയ്പ്പാണ് രാജ്യത്തു നടക്കുന്നത്. ഇതേ നിരക്കിൽ പോയാൽ ഇന്ത്യയിലെ 75 ശതമാനം ആളുകൾക്ക് കുത്തിവയ്പ്പെടുക്കാൻ രണ്ടു വർഷത്തോളമെടുക്കും. വൈറസുകളുടെ ജനിതകമാറ്റവും രോഗവ്യാപനത്തിന്റെ വേഗവും പരിഗണിക്കുമ്പോൾ വാക്സിനേഷൻയജ്ഞം ദ്രുതഗതിയിലാക്കണമെന്നു സാരം.

കൊറോണയെന്ന കുഞ്ഞൻവൈറസിന്റെ മുമ്പിൽ പകച്ചുനില്ക്കാനോ തോറ്റുകൊടുക്കാനോ നാം ഒരുക്കമല്ല. സാമൂഹികോത്തരവാദിത്വത്തോടെ സ്വയം പ്രതിരോധവും നിയന്ത്രണവുമാണ് അനിവാര്യം. ഇനി ബോധവത്കരണമല്ല, അച്ചടക്കമാണാവശ്യം. സർക്കാരോ പോലീസോ പറഞ്ഞിട്ടല്ല, സ്വയംതിരിച്ചറിവിന്റെ ബലത്തിലാവണം നാം നിയമങ്ങളും നിർദ്ദേശങ്ങളും അനുസരിക്കേണ്ടത്. സാമൂഹികാകലപാലനവും മുഖാവരണമണിയലുമൊക്കെ നമ്മുടെ സാമൂഹികപ്രതിബദ്ധതയുടെ അളവുകോലുകളാവണം.

കുറച്ചുകാലത്തേക്ക് നമ്മുടെ അതിർത്തി നമ്മുടെ വീടിന്റെ കവാടമാണെന്ന് സ്വതന്ത്രമനസ്സോടെ പറയാനാകണം. അതിർത്തി കടക്കാനുള്ള സ്വാഭാവികാഗ്രഹത്തെ അടക്കിനിർത്താനാവുന്നെങ്കിൽ നീ ജയിച്ചുവെന്നു സാരം. ചുരുക്കിപ്പറഞ്ഞാൽ, അത്യാവശ്യഘട്ടങ്ങളിലൊഴികെ, വീട്ടിൽത്തന്നെ അടങ്ങിയൊതുങ്ങിക്കഴിയാൻ പരിശീലിച്ചാൽ എല്ലാവർക്കും നന്ന്. വീടു ദൈവാലയമാണെന്നും വിദ്യാലയമാണെന്നും ജോലിസ്ഥലമാണെന്നുമൊക്കെയുള്ളത് ഇന്നു പഴങ്കഥകളല്ല. ഓർക്കുക, അച്ചടക്കവും നിയന്ത്രണവുമാണ് ഇക്കാലഘട്ടത്തിലെ ആത്മീയതയെന്ന് തിരിച്ചറിയാത്ത പക്ഷം മരണവൈറസുകളുടെ വകഭേദങ്ങൾ ഇനിയുമുണ്ടാവുകതന്നെ ചെയ്യും. ■

# തൊഴിലിലെ സോഷ്യലിസം ഇനിയും ഒരു മരീചികയോ?

(1-ാം പേജ് തുടർച്ച)

തൊഴിൽരംഗത്ത് സംഘടിതമേഖലയും അസംഘടിതമേഖലയും ഉണ്ട്. സംഘടിതമേഖലയിൽ വേതനവും ക്ഷേമപദ്ധതികളും തൃപ്തികരമാണെന്നത് ആശ്വാസകരമാണ്. എന്നാൽ, അസംഘടിതമേഖലയിലെ അരാജകത്വവും അനീതിയും അവഗണനയും കണ്ടില്ലെന്നു നടിക്കരുത്. സംഘടിതമേഖലയെക്കാൾ പത്തിരട്ടിയിലധികം വരുന്ന അസംഘടിതമേഖലയിലെ തൊഴിലാളികൾ ഇന്നും അതിജീവനത്തിനായി പോരാടുകയാണ്. ആധുനികകാലഘട്ടത്തിലും പല രാജ്യങ്ങളിലും ലേബർക്യാമ്പുകൾ നിലനിൽക്കുന്നു. അവിടെ ജീവിക്കുന്ന തൊഴിലാളികളുടെ അവസ്ഥ ദയനീയമാണ്. വംശീയമായ തരംതിരിവുകൾ ലോകത്തിന്റെ പല ഭാഗങ്ങളിലും നിലവിലിരിക്കുന്നു.

നമ്മുടെ നാട്ടിലും ഇന്ത്യയിലെ മഹാനഗരങ്ങളോടു ബന്ധപ്പെട്ടും ജീവിക്കുന്ന അതിഥിത്തൊഴിലാളികളുടെ അവസ്ഥയും ഒട്ടും സന്തോഷകരമല്ല. ആരോഗ്യപരമായ നിരവധി പ്രശ്നങ്ങളാണ് അതിഥിത്തൊഴിലാളികൾ കൂട്ടമായി ജീവിക്കുന്ന പ്രദേശങ്ങളിലുള്ളത്. തൊഴിൽ നഷ്ടപ്പെട്ടു ജീവിക്കുന്ന തൊഴിലാളികളെയും തൊഴിലില്ലായ്മ അനുഭവിക്കുന്നവരെയും മറക്കാനാവില്ല.

അസംഘടിതമേഖലയിൽ അധ്വാനിക്കുന്ന മറ്റൊരു വിഭാഗമാണ് കർഷകരും കർഷകത്തൊഴിലാളികളും. ഒരു തൊഴിലാളിദിനവും കർഷകരെ സ്മരിക്കുന്നില്ല. സ്വന്തം ഭൂമിയിൽ പകലന്തിയോളം ചോര നീരാക്കി പണിയെടുക്കുന്ന കർഷകരുടെ കണ്ണീർ ഒരു നാടിനു മുറിവാണ്. തങ്ങൾ കഷ്ടപ്പെട്ട് ഉത്പാദിപ്പിക്കുന്ന വിളകൾക്കു ന്യായമായ വിലയില്ലാത്ത അവസ്ഥയും ഭാവിയിലേക്കു പ്രത്യാശ നഷ്ടപ്പെടുന്ന സ്ഥിതിവിശേഷവും ഗൗരവാവഹമായ വിഷയങ്ങളാണ്. ഒരു രാജ്യത്തെ ജനത്തിന് ആവശ്യമായ ഭക്ഷ്യോത്പന്നങ്ങൾ തരുന്ന കർഷകരുടെ രോദനം നിരന്തരം അവഗണിക്കപ്പെടുന്നത് വേദനാജനകമാണ്. കർഷകർ തങ്ങളുടെ ഭൂമി തരിശിടേണ്ട സ്ഥിതി ഉണ്ടാകരുത്. ആത്മഹത്യകളും പട്ടിണിമരണങ്ങളും കർഷകജനത മുന്നിൽക്കാണുന്നു. കാലാവസ്ഥാവ്യതിയാനവും രോഗബാധയും പ്രകൃതിക്ഷോഭങ്ങളും വന്യമൃഗങ്ങളുടെ ആക്രമണവും എല്ലാം കർഷകജനതയ്ക്കു തീരാവേദന സമ്മാനിക്കുന്നു. അസംഘടിതരായ കർഷകരുടെ നിലവിളി ഹൃദയമുള്ളവരെ ദുഃഖിതരാക്കുന്നു.



തൊഴിലിന് പുതിയ രൂപവും ഭാവവും കൈവന്നിരിക്കുന്നു എന്നതാണ് മറ്റൊരു സവിശേഷത. ആഗോളീകരണം, ഉദാരീകരണം, സ്വകാര്യവത്കരണം, സാങ്കേതികവിപ്ലവം എന്നിവ തികച്ചും നവീനമായ സാഹചര്യമാണ് തൊഴിലിനു സൃഷ്ടിച്ചിരിക്കുന്നത്. തൊഴിൽമേഖലകളെല്ലാം വമ്പൻ കോർപ്പറേറ്റ് ഭീമന്മാർ വിഴുങ്ങിയിരിക്കുന്നതുവഴി സംജാതമായിരിക്കുന്ന സ്ഥിതിവിശേഷം പ്രവചനാതീതമാണ്. പഴയ സാമ്രാജ്യത്വവ്യവസ്ഥിതിയുടെ അനുകരണങ്ങൾ പുതിയ തോൽക്കുടങ്ങളിൽ ആകർഷകമായ ലേബലുകളിൽ വ്യാപകമായി വിറ്റഴിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഐ.റ്റി. മേഖലയിൽ വ്യാപകമായി യുവജനങ്ങളുടെ ശേഷി ഉപയോഗിക്കപ്പെടുമ്പോഴും വേണ്ടത്ര സുരക്ഷിതത്വം ഉറപ്പാക്കുന്നുണ്ടോ എന്ന സംശയം ബലപ്പെടുന്നു. മണിക്കൂറിനു വേതനം നിശ്ചയിച്ച് യുവജനങ്ങളെക്കൊണ്ട് അധികജോലി ചെയ്യിപ്പിക്കുന്ന സാഹചര്യം സ്വകാര്യമേഖലയിൽ സജീവമാണ്. മനുഷ്യമസ്തിഷ്കത്തിന് ആവശ്യമായ വിശ്രമം ലഭിക്കാത്തവിധം അധികജോലിക്കു ലഭിക്കുന്ന അധികവേതനത്തിന്റെ ആർഷണീയതയും യുവജനങ്ങളെ സ്വാധീനിക്കുന്നു. ഈ സ്വകാര്യകമ്പനികൾ നാല്പതു വയസ്സുകഴിയുന്നവരെ സൗകര്യപൂർവം ഒഴിവാക്കി യുവജനങ്ങളെ വീണ്ടും നിയോഗിച്ച് തങ്ങളുടെ ലാഭം കൊഴുപ്പിക്കുന്നു. പഴയ തൊഴിൽവ്യവസ്ഥിതിയിലെ പുഴുക്കുത്തുകൾ സാങ്കേതികമികവിൽ കമ്പോളം കീഴടക്കുന്നു. ഈ മേയ്ദിനത്തിൽ വ്യത്യസ്തമായ ഇത്തരം ചിന്തകൾ തൊഴിൽമേഖലയുടെ പുരോഗതിക്കും തൊഴിലാളികളുടെ ക്ഷേമത്തിനും കാരണമാകട്ടെ. ■




കുട്ടികൾ വായിച്ചിരിക്കേണ്ട വിശിഷ്ടഗ്രന്ഥങ്ങളെ ഹൃദ്യമായി പരിചയപ്പെടുത്തുന്ന പംക്തി



**ജോയിഷ് ജോസ്**

# പറഞ്ഞാലും തീരാത്ത പഴങ്കഥകൾ

**വാ**യിച്ചാലും വളരും വായിച്ചില്ലേലും വളരും, വായിച്ചാൽ വിളയും വായിച്ചില്ലേൽ വളയും. കുഞ്ഞുണ്ണി മാഷിന്റെ ഈ രണ്ടുവരി കവിത എത്ര അർത്ഥവത്താണെന്ന് ഇന്നത്തെ തലമുറയെ നിരീക്ഷിച്ചാൽ മനസ്സിലാകും.

ലോകം വിരൽത്തുമ്പിലേക്ക് ഒതുങ്ങിയപ്പോൾ നമ്മുടെ കുഞ്ഞുങ്ങൾ പുസ്തകങ്ങളിൽ നിന്ന് അകന്നു. അക്കാദമിക് പുസ്തകങ്ങളിൽ മാത്രമായി വായന അവസാനിക്കുന്നു. ലോകം അറിയാതെ പോകുന്നു.

ഇത് അപകടകരമായ ഒരു ഒരു അവസ്ഥയാണ്. ജോലിക്കു പോകുന്ന മാതാപിതാക്കളെ സംബന്ധിച്ച് കുട്ടികളുടെ അവധി പേടിസ്വപ്നമാണ്. ലോകമെങ്ങുമുള്ള രക്ഷിതാക്കൾ കുറെക്കാലമായി പറയുന്ന ഒരു പരാതിയുണ്ട്: കുട്ടികൾക്ക് പുസ്തകം വായിക്കാൻ താത്പര്യമില്ല.

കുട്ടികളുടെ വായനശീലം കുറയുന്നു. അതുകൊണ്ട് അവരുടെ വിജ്ഞാനനിലവാരം വേണ്ടത്ര ഉയരുന്നില്ല. ബാലസാഹിത്യപുസ്തകങ്ങൾ കുട്ടികളുടെ വായനയുടെ നിലവാരം വർദ്ധിപ്പിക്കാൻ ഫലപ്രദമാണ്.

ബാല്യകൗമാരങ്ങളുടെ ഭാവനാലോകത്തെ പൂർണമായി ഉൾക്കൊള്ളുകയും അതിന് ഇളക്കം തട്ടാതെ ലാളിത്യവും ചാരുതയുമാർന്ന ഭാഷയിൽ ആവിഷ്കരിക്കുകയും ചെയ്യുമ്പോഴാണ് നല്ല ബാലസാഹിത്യസൃഷ്ടികൾ രൂപം കൊള്ളുന്നത്. ആ അർത്ഥത്തിൽ സമ്പന്നമാണ് മലയാളസാഹിത്യം. മഹത്തായ ഒട്ടേറെ ബാലസാഹിത്യകൃതികൾ മലയാളത്തിലുണ്ട്. അക്കൂട്ടത്തിൽ പെടുത്താവുന്ന കൃതിയാണ് ഐതിഹ്യമാല.

1909 മുതൽ 1934 വരെ ഏകദേശം 25 വർഷംകൊണ്ട് കേരളത്തിൽ പ്രചാരത്തിലുണ്ടായിരുന്ന ഐതിഹ്യങ്ങളെല്ലാം സമ്പാദിച്ച് കൊട്ടാരത്തിൽ ശങ്കുണ്ണി തയ്യാറാക്കിയ ഗ്രന്ഥമാണ് ഐതിഹ്യമാല. ഐതിഹ്യമാലയുടെ കർത്താവെന്ന നിലയിലാണ് കൊട്ടാരത്തിൽ ശങ്കുണ്ണി വിഖ്യാതനായത്. ചെമ്പകശ്ശേരി രാജാവു മുതൽ തിരുവട്ടാറ്റാദി കേശവൻ വരെയുള്ള ഐതിഹ്യമാലയിലെ 126 കഥകളും മലയാളിമനസ്സിനെ കീഴടക്കിയതാണ്. 126 ഐതിഹ്യങ്ങൾ എട്ടു ഭാഗങ്ങളിലായാണ് ആദ്യം പ്രസിദ്ധീകരിച്ചത്. ജീവചരിത്രങ്ങളും ദേശചരിത്രങ്ങളുമെല്ലാം ഉൾപ്പെടുത്തിയാണ് ഐതിഹ്യങ്ങൾ വർണിച്ചിരിക്കുന്നത്.




യൂറോപ്യന്മാർക്കു മുമ്പുള്ള കേരളീയജീവിതത്തിന്റെ നേർചിത്രം ഈ കഥകളിൽ നമുക്ക് വായിച്ചെടുക്കാം. ആയിരത്തൊന്നു രാവുകളുടെയും ഈസോപ്പ് കഥകളുടെയും ഗണത്തിലേക്ക് ചേർത്തുവയ്ക്കാവുന്ന രചനയാണ് ഐതിഹ്യമാല. കഥാപാത്രങ്ങളെയും സാഹചര്യങ്ങളെയും അതിശയോക്തി കലർത്തി അവതരിപ്പിച്ച് വായനക്കാരെ പിടിച്ചിരുത്തുന്ന രചനാവൈഭവമാണ് കൊട്ടാരത്തിൽ ശങ്കുണ്ണി പരീക്ഷിച്ചു വിജയിപ്പിച്ചത്. നൂറ്റാണ്ടുകളായി ജനങ്ങൾക്കിടയിൽ പ്രചാരം നേടിയ കഥകളാണ് ഐതിഹ്യങ്ങൾ. 'ഇപ്രകാരം' എന്ന അർത്ഥം വരുന്ന 'ഇതി', പ്രസിദ്ധം എന്നർത്ഥം വരുന്ന 'ഹം' എന്നീ രണ്ടു വാക്കുകൾ കൂടിച്ചേരുന്നതാണ് ഐതിഹ്യം.

പണ്ഡിതസമൂഹത്തിനിടയിലും ആഢ്യകുലത്തിന്റെ സൊറപറയൽ വേദികളിലും മാത്രം ഒതുങ്ങിനിന്നിരുന്ന ഐതിഹ്യസാഹിത്യത്തെ സാധാരണക്കാർക്കിടയിലേക്കു കൊണ്ടുവരാൻ ഐതിഹ്യമാല വഹിച്ച പങ്കു വളരെ വലുതാണ്. പിൽക്കാലത്ത് മലയാളത്തിൽ വേരുറപ്പിച്ചിട്ടുള്ള പല കഥാപാത്രങ്ങളും ലിഖിതരൂപത്തിൽ ആദ്യം പ്രത്യക്ഷപ്പെട്ടത് ഈ കൃതിയിലൂടെയാണ്. ഒരുപക്ഷേ, ഐതിഹ്യമാല ഉണ്ടായിരുന്നില്ലെങ്കിൽ പറയിപെറ്റ പന്തിരുകുലവും ആ കുലത്തിലെ 'പന്തിരു'നായകന്മാരും കേരളത്തിൽ ഇത്രയും പ്രസിദ്ധമാകുമായിരുന്നില്ല. അതുപോലെതന്നെയാണ് 'കടമറ്റത്തു കത്തനാർ', 'കായംകുളം കൊച്ചുണ്ണി', 'കുളപ്പുറത്തു ഭീമൻ' തുടങ്ങിയ വീരനായകന്മാരും 'പാഴൂർ പടിപ്പുര', 'കല്ലൂർമന', 'പാണ്ടൻപുറത്തെ ഉപ്പുമാങ്ങ' തുടങ്ങിയ സ്ഥല, സാമഗ്രികളും പ്രാദേശികഭേദമെന്യേ മലയാളികൾക്കു പരിചിതമായിത്തീർന്നത്. ■




**വത്സല നിലമ്പൂർ**

# അധർമ്മത്തിനെതിരേ അടരാടിയ വീരനായിക

**ഭാ**രതം ഓർത്തു വയ്ക്കുന്ന ഒരു സ്വാതന്ത്ര്യസമരനായികയാണ് മണിപ്പൂരിലെ ഗൈഡിൻലിയു.

മണിപ്പൂരിലെ താമെങ്ങ്ലോങ് ജില്ലയിൽ ലോതോനാങ് പാമേ, കച്ചക്ലെൻലിയു ദമ്പതികളുടെ സന്താനമായി 1915 ജനുവരി 26 നു ജനിച്ചു.

നോർത്ത് ഈസ്റ്റിലെ ആദ്യത്തെ വിമോചനപ്പോരാളിയും സ്വാതന്ത്ര്യസമരനായികയുമാണ് റാണി ഗൈഡിൻലിയു. ബ്രിട്ടനോടും പുതിയ നാട്ടുരാജാക്കന്മാരോടും ആയുധമെടുത്തു



റാണി ഗൈഡിൻലിയു

പോരാടിയ റാണി അനേകായിരം ജനങ്ങളുടെ അവകാശങ്ങളെയും ജീവിതത്തെയും സംരക്ഷിക്കുകയും മാറ്റിമറിക്കുകയും ചെയ്തു. ഈ സമയത്ത് ബ്രിട്ടീഷുകാരുടെ കൊടുംക്രൂരതയിലും നികുതിപിരിവിലും ജനങ്ങൾ നട്ടം തിരിയുകയായിരുന്നു, വനവിഭവങ്ങളുടെ നിയന്ത്രണം കൈയടക്കിവച്ചിരുന്ന ബ്രിട്ടീഷുകാർ ഉത്പന്നങ്ങൾക്ക് വലിയ നികുതിയും ചുമത്തിയിരുന്നു.

ഗ്രാമീണരെ സംഘടിപ്പിച്ച ഗൈഡിൻലിയു സായുധ പോരാട്ടം ആരംഭിച്ചു. 1931 ൽ സംഘടനയുടെ തലവനായ ഹെയ്പജഡോ നാഗിനെ ബ്രിട്ടീഷുകാർ പിടികൂടി തൂക്കിലേറ്റി. തുടർന്ന്, ഗൈഡിൻലിയു ചുമതലയേറ്റെടുത്തു. നികുതിപിരിവുകൾ തടഞ്ഞ ഗൈഡിൻലിയു നാഗാഗോത്രത്തിന്റെ കിരീടം വയ്ക്കാത്ത റാണിയായി മാറി. നാഗാലാൻഡിലും മണിപ്പൂരിലും ഉടനീളം സഞ്ചരിച്ച അവർ അതിശക്തമായ ഒരു സായുധസംഘം രൂപീകരിച്ചു.

നാഗാ ഹിൽസ് ഡെപ്യൂട്ടി കമ്മീഷണറായ ജെ.പി മിൽസ്, ഗൈഡിൻ ലിയുവിനെ കാട്ടിക്കൊടുക്കുന്നവർക്ക് സമ്മാനവും പ്രഖ്യാപിച്ചു. പണത്തിനു മുന്നിൽ ഗ്രാമീണർ വഴങ്ങാതായതോടെ ഗെഡിൻലിയുവിനെക്കുറിച്ച് എന്തെങ്കിലും വിവരം നൽകുന്ന ഗ്രാമത്തെ അടുത്ത പത്തുവർഷത്തേക്ക് എല്ലാ നികുതികളിൽനിന്നും ഒഴിവാക്കുമെന്ന് സർ ജെ.പി മിൽസ് വിളംബരം ചെയ്തു.

പക്ഷേ, നാഗാഗോത്രം ഒറ്റക്കെട്ടായി ഗൈഡിൻലിയുവിനു പിന്നിൽ ഉറച്ചുനിന്നു. ഇതോടെ ഭിന്നിപ്പിച്ചു ഭരിക്കുന്ന ബ്രിട്ടീഷ് നയതന്ത്രത്തിലേക്ക് അവർ തിരിഞ്ഞു. നാഗന്മാരുടെ പരമ്പരാഗതവൈരികളായ കൂക്കികളുമായി ഡെപ്യൂട്ടി കമ്മീഷണർ ബന്ധം സ്ഥാപിച്ചു, പക്ഷേ ബ്രിട്ടീഷുകാരെ ഒരിക്കലും വിശ്വാസത്തിലെടുക്കാൻ തയ്യാറാകാതിരുന്ന കൂക്കികൾ പരസ്യധാരണ നിരസിച്ചു. എങ്കിലും നാഗാഗ്രാമത്തിൽ ബ്രിട്ടീഷ് ചൗക്കിദാർ പോസ്റ്റുകളിൽ കൂക്കികളായ പോലീസുകാരെ വ്യാപകമായി നിയമിച്ച് ബ്രിട്ടീഷുകാർ ചിരപുരാതന ഗോത്രവൈരത്തിന്റെ വിത്തുകൾ വിതച്ചു. 1932 ഫെബ്രുവരിയിൽ വടക്കൻ കാച്ചാർ കുന്നുകളിലും മാർച്ചിൽ ഹൻഗ്രാം ഗ്രാമത്തിലും വച്ച് ഗൈഡിൻ ലിയുവിന്റെയും ബ്രിട്ടീഷ് ആർമിയുടെയും സൈന്യങ്ങൾ തമ്മിൽ ശക്തമായ രണ്ടു പോരാട്ടങ്ങൾ നടന്നു.

1932 ഒക്ടോബറിൽ അസം റൈഫിൾസ് ക്യാപ്റ്റൻ മക്ഡോണാൾഡ്, ഗൈഡിൻ ലിയുവിന്റെ ഒളിത്താവളത്തിൽ ആക്രമണം നടത്തി. ഗൈഡിൻലിയുവും കൂട്ടാളികളും കീഴടങ്ങി. ബ്രിട്ടീഷ് ഭരണകൂടം ഗൈഡിൻലിയുവിനെ പത്തു മാസത്തെ വിചാരണയ്ക്കുശേഷം ജീവപര്യന്തം തടവിനു ശിക്ഷിച്ചു.

1937 ൽ കോൺഗ്രസ് നേതാവ് ജവഹർലാൽ നെഹ്റു ഗൈഡിൻലിയുവിനെ ഷില്ലോങ് ജയിലിൽ സന്ദർശിച്ചതോടെയാണ് അവരുടെ പോരാട്ടത്തിന്റെ കഥ പുറംലോകം അറിയുന്നത്. ജവഹർലാൽ നെഹ്റുവാണ് ഗൈഡിൻലിയുവിനെ റാണി ഗൈഡിൻലിയു എന്നു വിളിക്കുന്നത്.

1946 ൽ നെഹ്റുവിന്റെ നേതൃത്വത്തിൽ ഭാരതത്തിന്റെ താൽകാലിക സർക്കാർ രൂപവത്കരിക്കപ്പെട്ടപ്പോൾ ജവഹർലാൽ നെഹ്റു ആദ്യം ഒപ്പിട്ട ഉത്തരവുകളിലൊന്ന് റാണി ഗൈഡിൻലിയുവിന്റെ മോചനം സംബന്ധിച്ചതായിരുന്നു.

1993 ഫെബ്രുവരി 17-ാം തീയതി തന്റെ 78-ാം വയസിൽ റാണി ഗൈഡിൻലിയു നിര്യാതയായി. 1972 ൽ രാജ്യം റാണിക്ക് സ്വാതന്ത്ര്യസമരസേനാനിക്കുള്ള താമ്രപത്രവും 1982 ൽ പദ്മഭൂഷണും നൽകി. ഭാരതസർക്കാർ നാണയവും പോസ്റ്റൽ സ്റ്റാമ്പും പുറത്തിറക്കിയിട്ടുണ്ട് ഇവരുടെ പേരിൽ.

# മാർ സ്ലീവാ മെഡിസിറ്റിയുടെ പുതിയ ബ്ലോക്ക് പ്രവർത്തനം തുടങ്ങി



*മാർ സ്ലീവാ മെഡിസിറ്റി പാലായുടെ പുതിയ ബ്ലോക്കിന്റെ ആശീർവാദകർമം പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിക്കുന്നു. മാർ ജേക്കബ് മുരിക്കൻ, മാർ ജോസഫ് പള്ളിക്കാപറമ്പിൽ തുടങ്ങിയവർ സമീപം.*

പാലാ: മാർ സ്ലീവാ മെഡിസിറ്റി പാലായുടെ പുതിയ ബ്ലോക്ക് പ്രവർത്തനമാരംഭിച്ചു. ഏപ്രിൽ 19 വൈകുന്നേരം ആശുപത്രിയിൽ നടന്ന ചടങ്ങിൽ പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് പുതിയ ബ്ലോക്കിന്റെ ആശീർവാദകർമം നിർവഹിച്ചു. മെഡിസിറ്റി ആരോഗ്യരംഗത്തിനു പുതിയൊരു സംസ്കാരം നല്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. മാർ ജേക്കബ് മുരിക്കൻ, മാർ ജോസഫ് പള്ളിക്കാപറമ്പിൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു. മാർ സ്ലീവാ മെഡിസിറ്റി മാനേജിങ് ഡയറക്ടർ മോൺ. എബ്രഹാം കൊല്ലിത്താനത്തുമലയിൽ, ബ്രാൻഡിങ് & ഹെൽത്ത് കെയർ പ്രൊമോഷൻസ് ഡയറക്ടർ ഫാ. ജോർജ് വേളുപ്പറമ്പിൽ, പ്രൊജക്ട് ഡയറക്ടർ ഫാ. ജോസ് കീരഞ്ചിറ, മെഡിക്കൽ ഡയറക്ടർ ഡോ. ലിസി തോമസ് എന്നിവർ പ്രസംഗിച്ചു.

130 ഓളം മുറികളുള്ള പുതിയ ബ്ലോക്കിൽ എ സി, നോൺ എ സി, ഡീലക്സ് വിഭാഗങ്ങളിൽ മുറികൾ ലഭ്യമാണ്. നഴ്സസ് കോൾ സിസ്റ്റം, എല്ലാ മുറികളിലും അത്യാധുനിക ബെഡ്ഡുകൾ, പൊള്ളൽ ഏൽക്കുന്നവർക്കായി അത്യാധുനിക സജ്ജീകരണങ്ങളുള്ള ബേൺ ഐ സി യു, അവയവമാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾക്കായുള്ള ട്രാൻസ്പ്ലാന്റ് ഐ സി യു തുടങ്ങി നിരവധി സൗകര്യങ്ങളോടുകൂടിയാണ് പുതിയ ബ്ലോക്ക് പ്രവർത്തനമാരംഭിച്ചിരിക്കുന്നത്. 41 ൽപ്പരം വിഭാഗങ്ങളും 140 ലധികം ഡോക്ടർമാരും അടങ്ങുന്ന മെഡിസിറ്റിയിൽ സ്കാനിങ്ങിനായി അത്യാധുനികസൗകര്യങ്ങളാണുള്ളത്. 24 മണിക്കൂറും പ്രവർത്തനനിരതമായ എമർജൻസി ആൻഡ് റേഡിയോളജി വിഭാഗങ്ങൾ, 11 ഓപ്പറേഷൻ തീയേറ്ററുകൾ തുടങ്ങി നിരവധി സൗകര്യങ്ങൾ ലഭ്യമാണ്.

# അദ്ധ്വാനത്തിന്റെ സങ്കീർത്തനങ്ങൾ



ഷാജി മാലിപ്പാറ

**പ**ണിയെടുക്കുന്നവന്റെ വിയർപ്പുവീണിടങ്ങളിലാണ് പുതുലോകത്തിന്റെ വിത്തുകൾ പൊട്ടിമുളച്ചതും ഫലമണിഞ്ഞതും. തൊഴിലിന്റെ മഹത്ത്വവും തൊഴിലാളിയുടെ പ്രാധാന്യവും അറിഞ്ഞംഗീകരിക്കാൻ കാലമൊത്തിരി കഴിയേണ്ടിവന്നു. മേയ്ദിനം അധ്വാനവർഗത്തിന്റെ ആഘോഷദിനമായി ലോകമെമ്പാടും കൊണ്ടാടുന്ന ഈ സന്ദർഭത്തിൽ, മലയാളകവിതയിലെ അധ്വാനവും തൊഴിലുമൊക്കെയായി ബന്ധപ്പെട്ട ഈരടികൾ ചേർത്തുവയ്ക്കുകയാണ്. കൈരളിയുടെ അധ്വാനഗീതങ്ങളുടെ ഒരു നേരനുഭവം പകരാൻ ഈ വരികൾക്കു കഴിയും.

*പരിശ്രമം ചെയ്യുകിലെന്തിനെയും*<br>
*വശത്തിലാക്കാൻ കഴിവുള്ളവണ്ണം*<br>
*ദീർഘങ്ങളാം കൈകളെ നൽകിയത്രേ*<br>
*മനുഷ്യനെപ്പാരിലയച്ചതീശൻ.*

മലയാളത്തിൽ ഏറ്റവുമധികം ഉദ്ധരിക്കപ്പെടുന്ന ഒരു കാവ്യശകലമാണ് കെ. സി. കേശവപിള്ളയുടെ ഈ വരികൾ. അധ്വാനത്തിലൂടെ വേണ്ടതെല്ലാം നേടിയെടുക്കാനുള്ള വരമാണ് ഈശ്വരൻ മനുഷ്യനു നൽകിയിട്ടുള്ളതെന്ന് കവി ഓർമ്മിപ്പിക്കുന്നു.

ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതയും മനുഷ്യന്റെ കൈകളെപ്പറ്റിത്തന്നെയാണ് വിവരിക്കുന്നത്:

*കടുംപാറ പൊട്ടിച്ചുടയ്ക്കുന്ന കൈകൾ*<br>
*ഇരുമ്പൊത്തു തല്ലിത്തഴമ്പിച്ച കൈകൾ*<br>
*ഉലയ്ക്കുള്ളിലൂതിപ്പഴുപ്പിച്ച കൈകൾ*<br>
*കലപ്പക്കഴുത്തിൽത്തുടിക്കുന്ന കൈകൾ*

കരങ്ങൾകൊണ്ട് എന്തെല്ലാം ചെയ്തുവെന്നാണ് വൈലോപ്പിള്ളി ശ്രീധരമേനോനും വർണ്ണിക്കുന്നത്:

*കാടും പടലും വെണ്ണീറാക്കി-*<br>
*ക്കനകക്കതിരിനു വളമേകി,*<br>
*കഠിനമിരുമ്പു കുഴമ്പാക്കിപ്പല-*<br>
*കരുനിര വാർത്തു പണിക്കേകി.*

തൊഴിലിനെക്കുറിച്ചു പറയുമ്പോൾ കൃഷിയുടെ പ്രാധാന്യത്തെ മഹാകവി വള്ളത്തോൾ നാരായണമേനോൻ ഉറപ്പിക്കുന്നുണ്ട്:

*സൗഭാഗ്യം വേണമോ, സന്തുഷ്ടി വേണമോ*<br>
*സ്വാതന്ത്ര്യം വേണമോ - വേണമെങ്കിൽ,*<br>
*കർഷകജീവിതം പ്രത്യുദ്ധരിക്ക നാം*<br>
*കാലാനുകൂല സംസ്കാരപൂർവം.*

ഈ ലളിതസത്യത്തെത്തന്നെ കവി മുല്ലനേഴി സാക്ഷ്യപ്പെടുത്തുന്നത് ഇങ്ങനെയാണ്:

*ധന്യമീജന്മം മലർച്ചെടിത്തയ്യൊന്നു*<br>
*നട്ടുനനയ്ക്കാൻ കഴിയുമെങ്കിൽ*

തരിശുനിലങ്ങളെ കർഷകൻ എങ്ങനെ മാറ്റിമറിക്കുന്നുവെന്ന് തിരുനല്ലൂർ കരുണാകരൻ അവതരിപ്പിക്കുന്നതു നോക്കൂ:

*മുഴുവൻ ഭൂമിയുമൊറ്റച്ചാലാ-*<br>
*യുഴുതുമറിക്കും വീര്യമൊടേ*<br>
*അണിയായണിയായ് വേലക്കാരവ-*<br>
*രടിവച്ചടിവച്ചണയുമ്പോൾ*<br>
.................................<br>
*ചുടുരക്തത്തിൻ നനവാലവയിൽ*<br>
*പുലരിക്കതിർപോൽ മുളപൊട്ടി*<br>
*അലസതയറ്റിപ്പാടങ്ങളിൽവ-*<br>
*ന്നലതല്ലുകയാണധ്വാനം.*

ഇടശ്ശേരി ഗോവിന്ദൻനായരുടെ,

*കോമനുഴുതുമറിച്ചൂ പാടം*<br>
*കോമൻ വിതച്ചൂ പൊന്നാര്യൻ* എന്ന വരികളും നമുക്കിതിനോടു ചേർത്തുവായിക്കാം.

സത്യത്തെ സൗന്ദര്യമായി ആവിഷ്കരിച്ച ചങ്ങമ്പുഴ കൃഷ്ണപിള്ള കർഷകനെ ഗുരുനാഥനായി കാണുകയാണ്:

*നുകവും തോളത്തേന്തിക്കാളയ്ക്കു*<br>
*പിൻപേ പോകും*<br>
*സുകൃതസ്വരൂപമേ, നിന്നെ ഞാൻ നമിക്കുന്നു*<br>
*പൊരിവെയ്‌ലിലീ നിന്റെയുഗ്രമാം തപസ്സല്ലേ*<br>
*നിറയെക്കതിർക്കുല ചൂടിപ്പൂ നെൽപ്പാടത്തെ!*

കേരളീയ പ്രകൃതിഭംഗിയെ ആവോളം വർണ്ണിക്കുന്ന വെണ്ണിക്കുളം ഗോപാലക്കുറുപ്പ് ഒരു പുലർകാലദൃശ്യം ഇപ്രകാരമാണ് അവതരിപ്പിക്കുന്നത്:

*വലിയ തണുപ്പാണെങ്കിലുമച്ഛൻ*<br>
*വയലിൽപ്പണിയുണ്ടതു നോക്കാൻ*<br>
*വടിയുമെടുത്തു വടക്കുവശത്തെ-*<br>
*പ്പടികളിറങ്ങി നടക്കുന്നു.*

ഈ വരികളുടെ തുടർച്ചയെന്നോണം നമുക്ക് കുറ്റിപ്പുറത്തു കേശവൻനായരുടെ വരികൾ വായിക്കാം:

*പാടത്തുപോയ് പാംസുലപാദചാരി*<br>
*കൃഷീവലൻ വേലതുടങ്ങി നൂനം*<br>
*സോത്സാഹമക്കാലികളെ തെളിക്കു-*<br>
*മവന്റെ താരസ്വരമുണ്ടു കേൾപ്പൂ.*

വൈലോപ്പിള്ളി അധ്വാനശീലരായ രണ്ടുപേരെ പരിചയപ്പെടുത്തുന്നതു നോക്കൂ:

*പാതിരാക്കോഴി വിളിപ്പതും കേൾക്കാതെ*<br>
*പാടത്ത് പുഞ്ചയ്ക്കു തേവുന്നു രണ്ടുപേർ*<br>
*ഒന്നൊരു വേട്ടുവൻ, മറ്റേതവൻ വേട്ട*<br>
*പെണ്ണിവർ പാരിന്റെ പാദം പണിയുവോർ.*



ഇത്തരം അധ്വാനത്തിനു ഫലമുണ്ടെന്ന് ചുള്ളിക്കാട് ചൂണ്ടിക്കാട്ടുന്നു:

*നിന്റെ ചോരയും വേർപ്പു-*<br>
*മെന്റെ കണ്ണീരും ചേർന്നാൽ*<br>
*എന്തിന്നു വർഷം? മണ്ണി-*<br>
*ലമൃതം മറ്റെന്തുള്ളൂ!*

ഈ പരമാർത്ഥം അറിയുന്നതുകൊണ്ടാവാം അധ്വാനത്തിന്റെ നിമിഷങ്ങളെ പരാതികളേതുമില്ലാതെ പങ്കുവച്ചനുഭവിക്കാൻ മനുഷ്യർ തയ്യാറാവുന്നത്. വൈലോപ്പിള്ളിയുടെ വരികൾ ഇക്കാര്യം ഓർമ്മിപ്പിക്കുന്നു:

*ആശകൾ പോലേ നീണ്ടുപിണയും വരമ്പത്തൂ-*<br>
*ടാവതും ചുരുട്ടേന്തിപ്പോകയാം പണിയാളർ*<br>
.................................<br>
*കറ്റ നീയേറ്റിക്കൊൾക കൂട്ടുകാരത്തീ, നിന്റെ*<br>
*കെട്ടു നീയെടുത്താലും, എന്റേതു ഞാനും*<br>
*പേറാം.*

ഇന്നലത്തെ അധ്വാനത്തിന്റെ ഓർമകളിൽ ആനന്ദിക്കുന്ന ഒരു കർഷകനെ ഒളപ്പമണ്ണ സുബ്രഹ്മണ്യൻ നമ്പൂതിരി അവതരിപ്പിക്കുന്നുണ്ട്:

*കിഴവനാണെങ്കിലുമക്കൃഷിക്കാരൻ-തൻ*<br>
*വയലിൻ വരമ്പത്തു വന്നിരിക്കും.*<br>
*മക്കളക്കണ്ടം കിളയ്ക്കുന്നതും നോക്കി*<br>
*നട്ടുച്ചയോളം ചടഞ്ഞിരിക്കും.*<br>
.................................<br>
*താനുമിച്ചേറ്റിൽപ്പുരണ്ടു കൂത്താടിയ*<br>
*കാലം മനസ്സിലെണീറ്റിരിക്കും.*

എല്ലാവർക്കും കാർഷികവൃത്തിയുടെ തണലിൽ കഴിയാനോ ജനിച്ച നാട്ടിൽ ഉപജീവനം തേടാനോ കഴിയുന്നില്ല. അന്യദേശത്ത് അധ്വാനിക്കുന്ന മനുഷ്യരെക്കുറിച്ചാണ് വൈലോപ്പിള്ളി 'ആസ്സാംപണിക്കാർ' എന്ന കവിതയിൽ എഴുതുന്നത്:

*ജനിച്ച നാടുവിട്ടകലെയാസ്സാമിൽ*<br>
*പണിക്കു പോയ് വരും പരിഷകൾ ഞങ്ങൾ.*<br>
.................................<br>
*പല നാളായ് പിരിഞ്ഞിരുന്ന ഞങ്ങൾക്കീ*<br>
*മലനാടെത്രമേൽ മധുരദർശനം!*

തൊഴിൽ ഏതുമാകട്ടെ, എവിടെയുമാകട്ടെ, അതു നന്നായി ചെയ്യുക എന്നതാണു പ്രധാനം. ഈ ആശയത്തെ ഉറപ്പിക്കുന്നതാണ് മഹാകവി ഉള്ളൂരിന്റെ വരികൾ:

*വിധിച്ചൊരീ വേല നമുക്കു ചെയ്യാം;*<br>
*വിശ്വേശ്വരൻ വേതനമേകിടേണ്ടോൻ*

പണിയെടുക്കുന്നത് കേവലം പശിയടക്കാൻ മാത്രമല്ലെന്നും മനുഷ്യസംസ്കാരത്തിന്റെ നിർമ്മിതി അതിലൂടെയാണെന്നും നമ്മുടെ കവികൾ ഉദ്ഘോഷിക്കുന്നുണ്ട്. വയലാർ രാമവർമ്മ എഴുതുന്നു:

*വിയർപ്പിൻ പശക്കൂട്ടു-*<br>
*ചാലിച്ചു ചേർത്തീ മണ്ണി-*<br>
*ലുയർത്തി ജനാവലി*<br>
*തളിർക്കും സംസ്കാരങ്ങൾ.*

ചുള്ളിക്കാടിന്റെ വരികൾ ഇപ്രകാരം:

*നഗരങ്ങൾ, ചരിതങ്ങ-*<br>
*ളൊക്കെയും നീ തന്നെ*<br>
*പണി ചെയ്തതാണെന്നറിഞ്ഞു.*

അധ്വാനശീലനായ മനുഷ്യനാണ് ഭൂമിയെ സനാഥയാക്കിയതെന്ന് സ്ഥാപിക്കുന്ന കവിതയിൽ വയലാർ എഴുതുന്നു:

*അന്നു മനുഷ്യൻ തീർത്തു ഭൂമിയി-*<br>
*ലായിരമുജ്ജ്വലശില്പങ്ങൾ*<br>
*ഭൂമിയെയൊന്നു വലംവച്ചൊരുനാൾ*<br>
*പൂന്തിങ്കൾക്കല പാടീ:*<br>
*പറഞ്ഞയ്ക്കുക ദേവീ, മനുഷ്യനെ-*<br>
*യൊരിക്കലിവിടെക്കൂടി....*

ഭൂമിദേവിക്കു സ്വന്തമായ മനുഷ്യരെ തന്റെ പക്കലേയ്ക്കയയ്ക്കാൻ പൂന്തിങ്കൾ ആവശ്യപ്പെടുന്നു. ഈ കവിഭാവനയുടെ അടിസ്ഥാനം മനുഷ്യപ്രയത്നത്തിന്റെ സദ്ഫലങ്ങൾതന്നെയാണ്. തിരുനല്ലൂർ കരുണാകരൻ, നാട്ടിൽ ആദ്യത്തെ തീവണ്ടി വരാനുള്ള അധ്വാനത്തെ അവതരിപ്പിക്കുന്നത് ഇങ്ങനെയാണ്:

*ഓർമ്മയിലധ്വാനത്തിൻ*<br>
*വേദന ചിരിക്കവേ*<br>
*കോൾമയിർക്കൊള്ളുന്നിതാ*<br>
*ഞങ്ങളും ഗ്രാമങ്ങളും.*

ലോകം സുന്ദരവും മഹത്തരവുമായി നിലകൊള്ളുന്നതിൽ ഒരു തൂപ്പുകാരിയുടെ അധ്വാനത്തിനും വലിയ സ്ഥാനമുണ്ട്. അതേക്കുറിച്ച് ഓർമ്മിപ്പിക്കുന്നതാണ് ജി. ശങ്കരക്കുറുപ്പിന്റെ കവിത:

*ഇപ്പുരീമുഖത്തിങ്കൽച്ചിതറിക്കാണാകുന്ന*<br>
*ചപ്പുകൾ, ചവറുകൾ, അളിഞ്ഞ ശവങ്ങളും*<br>
*നൂതനദിനത്തിന്റെ ചെങ്കതിർ ചുംബിക്കുന്ന*<br>
*പൂതമാം പുരികത്തിൽ വേർപ്പുകൾ*<br>
*പൊടിയവേ,*<br>
*തൻ കരത്തിനാൽ വാർന്നുകെട്ടിയ*<br>
*ചൂലാൽ പാത-*<br>
*യിങ്കൽ നിന്നകറ്റുന്നൂ തെരുവിക്കിളി*<br>
*ക്കൊൾകെ.*

വിശ്വമഹാകവിയായ ടാഗോറിന്റെ ഈശ്വരദർശനം പോലും തൊഴിലുമായി ബന്ധപ്പെട്ടതാണ്. അലസതയിലല്ല, അധ്വാനത്തിലാണ് ഈശ്വരൻ ചേർന്നുനിൽക്കുന്നതെന്ന ടാഗോറിന്റെ വരികൾ തൊഴിലിന്റെ മാഹാത്മ്യത്തെ എക്കാലവും ഓർമ്മപ്പെടുത്തുന്നതായി മാറുന്നു.

*കരിനിലമുഴുമാ കർഷകരോടും,*<br>
*വർഷം മുഴുവൻ വഴി നന്നാക്കാൻ*<br>
*പെരിയ കരിങ്കൽപ്പാറ നുറുക്കി*<br>
*നുറുക്കിയൊരുക്കും പണിയാളരൊടും*<br>
*എരിവെയിലത്തും പെരുമഴയത്തും*<br>
*ചേർന്നമരുന്നൂ ദൈവം, മണ്ണാർ-*<br>
*ന്നിരുകൈകളിലും....*

ജീവിതംകൊണ്ട് അധ്വാനത്തിന്റെ സങ്കീർത്തനം ചമയ്ക്കുന്ന ഏവർക്കും മേയ്ദിനാശംസകൾ നേരുന്നു!

■

# ഉപഭോഗത്തിനു മത്സരിക്കുന്നവർ

**പ്രണയപാഠാവലി**



79

**ഡോ. ആന്റണി ജോസ്**

ഉപയോഗിക്കലാണ് ഉപഭോഗം. ഉപയോഗിക്കുന്നത് ഉത്പന്നങ്ങളോ സേവനമോ ആകാം. അതിനെന്താണ് കുഴപ്പം? ഉപഭോഗസംസ്കാരം എന്നും മറ്റും വിളിച്ച് അത്ര താഴ്ത്തിക്കെട്ടേണ്ടതുണ്ടോ?

കുഴപ്പം കടന്നുവരുക മൂന്നു സാഹചര്യങ്ങളിലാണ്.

അഹത്തിന്റെ തൃപ്തിമാത്രം നേടുമ്പോൾ....

ജഡത്തിന്റെ സുഖം മാത്രം അന്വേഷിക്കുമ്പോൾ...

അധ്വാനത്തെ വെറുക്കുമ്പോൾ...

അഹത്തിന്റെ പദ്ധതികൾ, താനാണ് ഏറ്റവും ശ്രേഷ്ഠനെന്ന സങ്കല്പത്തിൽനിന്നാണ് തുടങ്ങുക. ആ മഹിമാതിരേകം നിലനിർത്താൻ കുറെയധികം വിഭവങ്ങൾ സമാഹരിച്ച് കൂടെ കരുതേണ്ടിവരും. (പണം, സ്വാധീനം, അനുയായികൾ, ആശയങ്ങൾ, ആഡംബരങ്ങൾ, മാധ്യമസാന്നിധ്യം തുടങ്ങിയവ). ഇതൊന്നുമില്ലാത്തവന് ആരു വിലകൊടുക്കാൻ? അങ്ങനെയാണ് കേമനാകാൻ വേണ്ട സംവിധാനങ്ങൾക്കായി ഓട്ടം ആരംഭിക്കുക. വിപണി തുറന്നിരിക്കുകയാണല്ലോ. എങ്ങനെയും പണമുണ്ടാക്കുക, മത്സരിച്ചു വാങ്ങിക്കൂട്ടുക! അങ്ങനെ മിടുക്കനാവുക. ഉപഭോഗസംസ്കാരം, നമുക്കായി കുറിച്ചിട്ടുള്ള ജാതകമാണിത്.

ദമ്പതിമാർ രണ്ടല്ലെന്നും മറിച്ച്; അവർ ഒന്നാണെന്നും ഒരാൾക്ക് മറ്റൊരാളെക്കാൾ മേന്മ അവകാശപ്പെടാൻ സാധ്യമല്ലെന്നുള്ള പ്രണയസൂക്തം, പുതിയ സംസ്കാരത്തിനു മുമ്പിൽ ഒരു ജല്പനം മാത്രമായി അവശേഷിക്കുമോ? ഭർത്താവാണോ ഭാര്യയാണോ കൂടുതൽ സമ്പാദിക്കുന്നത് എന്ന തർക്കം കയറിവന്നാൽ ഇതല്ലേ സംഭവിക്കുക? "എന്നെ മാനിക്കാൻ വേറെയാളുണ്ട്" എന്നു വിളിച്ചു പറയാൻ ഒരാളെ ധൈര്യപ്പെടുത്തുക, ഇതേ സംസ്കാരമല്ലേ? അതായത്, ഒറ്റയ്ക്ക് മിടുക്കു കാണിക്കാൻ വേണ്ട വിഭവശേഷി ഉപഭോഗസംസ്കാരം ഉറപ്പുനല്കുന്നു. അതിന് മറ്റൊരാളെ ആശ്രയിക്കുകയേ വേണ്ട.

ജഡത്തിന്റെ തൃപ്തിക്ക് ഇന്ദ്രിയങ്ങളാണ് ഉപാദാനം. കാഴ്ചയിലും കേൾവിയിലും മണത്തിലും രുചിയിലും സ്പർശത്തിലും എന്തിന്, ഇതിനെയെല്ലാം സ്വീകരിച്ച്, പരിപാകപ്പെടുത്തി ആനന്ദവിസ്ഫോടനമാക്കി മാറ്റുന്ന ഹൃദയസ്ഥലികളിലും ഉപഭോഗിക്കപ്പെടാൻ എന്തെല്ലാമാണുള്ളത്? അടിസ്ഥാനപ്രേരണകളെ കുതിച്ചുപായിക്കാൻ പരുവത്തിന് വിനോദമെന്ന പേരിലും മറ്റും എത്രയെത്ര ചാലുകളാണ് വെട്ടിയൊരുക്കിയിട്ടുള്ളത്? വീട്ടിൽ വിളമ്പുന്ന കലർപ്പില്ലാത്ത അമ്മയുടെ (ഭാര്യയുടെ) ഭക്ഷണം ആർക്കുവേണം? വർണപ്പൊതിയിലൊളിച്ചിരുന്നോ, അല്ലെങ്കിൽ സ്വാദിഷ്ഠതയുടെ സൗന്ദര്യം തുറന്നു കാണിച്ചോ, എൽ.ഇ.ഡി. പ്രഭയിൽ കാത്തിരിക്കുന്ന നിറത്തിന്റെയും മണത്തിന്റെയും കൊഴുപ്പുകൂട്ടുകൾ അകത്താക്കാനല്ലേ ആവേശം? പോരടിച്ച് എതിരാളിയെ വലിച്ചുകീറാൻ എല്ലാ സാഹചര്യങ്ങളുമൊരുക്കിയിട്ടുള്ള വീഡിയോഗയിമുകളും റസലിങ് പേക്കൂത്തുകളും 'അഭിനവനായാട്ടനുഭവങ്ങ'ളായി മാറുന്നു.

മുമ്പൊരിക്കൽ ചർച്ച ചെയ്ത, 'ആവശ്യം - അതിമോഹം', എക്സ്പ്രസ് ഹൈവേയുടെ കാര്യമോർക്കുക. അതിൽക്കൂടിയാണ് ഈ പരക്കം പാച്ചിൽ. മോഹങ്ങൾ മുമ്പേ പോകുന്ന സ്വന്തം നിഴലുപോലെയാണ്. ഒരിക്കലും പിടിച്ചടക്കാൻ സാധിക്കില്ല. ഒടുവിൽ തളർന്നു വീഴുകയേ നിവൃത്തിയുള്ളൂ. നമ്മെക്കൊണ്ടു വിഴുങ്ങിപ്പിക്കാൻ തയ്യാറാക്കിയിരിക്കുന്ന കെണികളെ കരുതിയിരിക്കുക.

ദാമ്പത്യജീവിതം ആസ്വദിക്കാൻ സാവകാശവും അവധാനതയും കാത്തിരിപ്പും ശാന്തതയുമൊക്കെ ഇഴചേരണം. അതാണ് പ്രണയത്തിന്റെ രാസത്വരകങ്ങൾ. ക്ഷണത്തിൽ വിരിഞ്ഞു പരിലസിക്കുന്ന പ്ലാസ്റ്റിക് പൂവല്ല, പ്രണയം.

കായികാധ്വാനത്തിനുവേണ്ട വിധം ഡിസൈൻ ചെയ്യപ്പെട്ടിട്ടുള്ള ശരീരമാണ് മനുഷ്യന്റേത്. കുറച്ചുനാൾ ഉപയോഗിക്കാതിരുന്നാൽ പേശികൾ ശോഷിച്ചുപോകും. ഡിജിറ്റൽ സാങ്കേതികവിദ്യകൾ, വർദ്ധിച്ച തോതിൽ നമ്മുടെ ജീവിതത്തിൽ ഇടപെട്ടു തുടങ്ങുമ്പോൾ, കുഴിമടിയുടെ വേലി നമുക്കു ചുറ്റും ഉയരുന്നു. രോഗികളായ അച്ഛനമ്മമാരെയോ ശാരീരികാവശതകളുള്ള പങ്കാളിയെയോ മക്കളെയോ ശുശ്രൂഷിക്കേണ്ടിവരുമ്പോൾ, അതു നമുക്കു ഭാരമായി മാറാം. കാറ്റിലൊടിഞ്ഞു മുറ്റത്തു വീണ മരക്കമ്പു മുറിച്ചുമാറ്റാൻ, ആപ്പുകൾ തിരയേണ്ടിവരാം.

ദീർഘകാലം ഉപയോഗിക്കാൻ പറ്റുന്ന ഗുണമേന്മയെ ഉപഭോഗസംസ്കാരം പ്രോത്സാഹിപ്പിക്കുന്നില്ല. യൂസ് ആന്റ് ത്രോയാണ് അഭികാമ്യം. ഉപയോഗംകഴിഞ്ഞ് വലിച്ചെറിഞ്ഞുകൊള്ളുക! പേനയുടെ റീഫില്ലിന്, പേനയുടെതന്നെ വിലയിട്ടാൽ, പേന വലിച്ചെറിയാം. അടിക്കടിയുള്ള വേർഷൻ, മോഡൽ മാറ്റങ്ങൾ ഹാർഡ്വെയർ സോഫ്റ്റ്വെയർ രംഗത്തെ വലിച്ചെറിയൽ സംസ്കാരത്തിന് ആക്കം കൂട്ടുന്നു. കുറവുകളുള്ള പങ്കാളിക്ക്, എത്രകണ്ട് കരുണയും കരുതലുമാണ് ഈ മനോഭാവത്തിൽനിന്നു പ്രതീക്ഷിക്കാനുള്ളത്. ഉപഭോഗം ചെയ്യാവുന്ന ഗുണങ്ങളില്ലെങ്കിൽ, പങ്കാളിയെ ചുമക്കേണ്ട കാര്യമുണ്ടോ?

4-ാം പേജ് തുടർച്ച

ഭാര്യ ഒന്നും മനസ്സിലാകാതെ ഭർത്താവിന്റെ നേരേ നോക്കി. ഭർത്താവിനെ കാർത്ത്യായനിക്ക് നല്ല വിശ്വാസമാണ്.

അതിനാൽ അങ്ങേര് കൊള്ളാത്തതൊന്നും ചെയ്യില്ലെന്നറിയാം. കൂടെ വന്ന പെണ്ണിനെയും കുഞ്ഞിനെയും കൂട്ടി അകത്തേക്കു കയറി. അവർ ചുടുകഞ്ഞി വിളമ്പിക്കൊടുത്തിട്ടു പറഞ്ഞു: "മകളേ ഇതു കഴിക്ക്, ബാക്കിയെല്ലാം നാളെ സംസാരിക്കാം. ഞാൻ അതിയാന് കഞ്ഞി കൊടുക്കട്ടെ."

അന്നാമ്മയ്ക്ക് എല്ലാം വിചിത്രമായി തോന്നി. തന്നെ സംരക്ഷിക്കേണ്ടവർ ചവിട്ടിപ്പുറത്താക്കി. ആരെന്നറിയാത്ത ഒരു ഭാര്യയും ഭർത്താവും ഏതെന്നു ചോദിക്കാതെ കൈത്താങ്ങാവുന്നു. അവൾ കഞ്ഞി കുടിക്കാൻ മടിച്ചു. പക്ഷേ, കാർത്യായനിയുടെ നിർബന്ധംമൂലം കുഞ്ഞിനു കഞ്ഞികൊടുത്ത് അവളും കുടിച്ചു. ഇവർ തനിക്ക് ആരാണ്? തന്നെ എന്തിനിവർ സഹായിക്കുന്നു? എല്ലാം രാവിലെ പറയാം എന്ന്. ആ സ്ത്രീ അവർക്കു കിടക്കാൻ തഴപ്പായ കൊടുത്തിട്ട് അടുത്ത മുറിയിലേക്കു കയറിപ്പോയി. താൻ കടന്നു വന്ന സങ്കടവഴികൾ ഓർത്തപ്പോൾ അന്നാമ്മയിൽനിന്ന് ഉറക്കം വഴിമാറി നിന്നു. ദുഃഖഭാരത്താൽ മനസ്സു വിങ്ങുന്നു. സ്വയം ശപിച്ച് രാവിനെ തള്ളിനീക്കാൻ ശ്രമിച്ചു. പിന്നെയെപ്പോഴോ ഉറക്കത്തിലേക്കു വീണു.

രാവിലെ ഉണർന്നപ്പോൾ അവൾക്കു കാപ്പി കൊടുത്തു. കാർത്ത്യായനി വിവരങ്ങൾ ആരാഞ്ഞു.

അന്നാമ്മയുടെ കദനകഥ കേട്ട് കൃഷ്ണനനും ഒരു ഭാഗത്തുണ്ടായിരുന്നു. എല്ലാം കേട്ടുകഴിഞ്ഞപ്പോൾ അയാൾ ചോദിച്ചു: "ഇനി നീ എന്തു ചെയ്യാൻ പോകുന്നു?"

"എനിക്കറിയില്ല. ഒരു വഴിയേ ഞാൻ കണ്ടുള്ളൂ. അതിനൊരുങ്ങുമ്പോൾ നിങ്ങൾ..." പൂർത്തിയാക്കാനാവാതെ അവൾ തേങ്ങി.

ഒരുവേള കൃഷ്ണനനും കാർത്ത്യായനിയും മുഖത്തോടു മുഖം നോക്കി. പിന്നെ അയാൾ അറിയിച്ചു: "നിനക്കു വേണമെങ്കിൽ ഇവിടെ ഞങ്ങളോടൊപ്പം താമസിക്കാവുന്നതേയുള്ളൂ. എന്നാൽ, പിന്നീടത് നിനക്കോ നിന്റെ ആൾക്കാർക്കോ എന്തെങ്കിലും ബുദ്ധിമുട്ടായാലോ. ഈ പള്ളിയിലെ അച്ചനെ കാണാം. എനിക്ക് അദ്ദേഹത്തെ അറിയാം. നല്ല മനുഷ്യനാ. നമുക്കു പള്ളിയിലോട്ടു പോകാം. ഇല്ലേ വേണ്ട, അദ്ദേഹം വൈകുന്നേരം നടക്കാനിറങ്ങുമ്പോൾ ഇതുവഴിയാ വരുന്നത്. അപ്പോൾ കാണാം. കരുണയുള്ളവനാ ആ പിതാവ്."

അന്നു വൈകുന്നേരം കൃഷ്ണൻ അന്നാമ്മയെ അച്ചനു പരിചയപ്പെടുത്തി. കാര്യങ്ങൾ വിശദീകരിച്ചു. തത്കാലം പള്ളിപ്പുരയിടത്തിന്റെ മൂലയിൽ ചെറിയൊരു കൂരയുണ്ടാക്കി അന്നാമ്മയെയും കുഞ്ഞിനെയും അവിടെ താമസിപ്പിച്ചു. എല്ലാവരും സഹായിച്ചു. കൃഷ്ണനും കാർത്ത്യായനിയും മുന്നിലുണ്ടായിരുന്നു. പിന്നീട് മഠത്തിന്റെ സഹായത്താൽ അന്നാമ്മയ്ക്ക് ചെറിയൊരു ജോലി കിട്ടി.ആൻസമ്മ വളർന്നു പഠിച്ചു. അവൾ വലുതായപ്പോൾ അച്ചന്റെ സഹായത്തിൽ അവൾക്കും ജോലിയായി. അന്നാമ്മയുടെ വഴികൾ തെളിഞ്ഞു. സൗകര്യങ്ങളായപ്പോൾ മകൾക്ക് നല്ല വിവാഹവും വന്നു. അവൾ വളരെ മെച്ചപ്പെട്ട ജീവിതത്തിലേക്ക് ഉയർന്നു.

മരിക്കാൻ ഇറങ്ങിപ്പുറപ്പെട്ട തന്നെ കൈപിടിച്ചുയർത്തി ഇന്നത്തെ നിലയിൽ എത്തിച്ച കൃഷ്ണേട്ടനെ മറക്കാൻ കഴിയില്ല എന്നവൾ അറിയുന്നു. നാളുകൾ ഏറെയായി. കൃഷ്ണേട്ടനും കാർത്ത്യായനിച്ചേച്ചിക്കും പ്രായമേറെയായെങ്കിലും കച്ചവടം നിർത്തിയിട്ടില്ല. ആ വാത്സല്യനിധികളെ തനിക്കൊരിക്കലും മറക്കാനാവില്ല. മറന്നുകൂടാ എന്ന ചിന്ത അന്നാമ്മയെ നയിക്കുന്നു. അന്നത്തെ അച്ചനും തന്റെ ജീവിതത്തിലെ വെളിച്ചമായിരുന്നു. അന്നാമ്മ ഓർത്തു. നന്മയുടെ ആൾരൂപങ്ങൾ.

# നല്ല സമറിയാക്കാർ കാലഘട്ടത്തിന്റെ ആവശ്യം

## മാർ ജോസഫ് കല്ലറങ്ങാട്ട്



*പാലാ രൂപതയുടെ അജപാലനശുശ്രൂഷാകേന്ദ്രമായ ഷലോം പാസ്റ്ററൽ സെന്ററിന്റെ രജതജൂബിലിസമ്മേളനത്തിൽ മാർ ജോസഫ് കല്ലറങ്ങാട്ട് പ്രസംഗിക്കുന്നു.*

**പാലാ ഷലോം രജതജൂബിലി നിറവിൽ**

പാലാ: സ്വയം നടക്കുവാൻ ശേഷിയില്ലാത്തവർക്ക് ഇരുവശങ്ങളിലും താങ്ങുനൽകി മുന്നോട്ടു നയിക്കുന്നവരാവാൻ നമുക്കു കഴിയണമെന്നും പ്രത്യാശയുടെ സംസ്കാരം സംവഹിക്കുന്ന നല്ല സമറിയാക്കാർ വർദ്ധിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണെന്നും രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്. പാലാ രൂപതയുടെ അജപാലനശുശ്രൂഷാകേന്ദ്രമായ ഷലോം പാസ്റ്ററൽ സെന്ററിന്റെ രജതജൂബിലിസമ്മേളനത്തിൽ അദ്ധ്യക്ഷപ്രസംഗം നടത്തുകയായിരുന്നു ബിഷപ്.

രൂപതയുടെ മനസ്സാണ് ഷലോമിൽ വിളങ്ങിനിൽക്കുന്നതെന്നും സഭയുടെ അടിസ്ഥാനാഭിമുഖ്യങ്ങൾ വളർത്തിയെടുക്കുന്നതിൽ ഷലോമിലെ സംഘടനകളും സ്ഥാപനങ്ങളും മാതൃകാപരമായ പ്രവർത്തനങ്ങളാണ് നിർവഹിക്കുന്നതെന്നും രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ അഭിപ്രായപ്പെട്ടു. കാൽ നൂറ്റാണ്ടുമുമ്പ് പടുത്തുയർത്തിയ ഷലോമിലൂടെ സഭയ്ക്കും സമുദായത്തിനും വളരെയേറെ ദൈവാനുഗ്രഹങ്ങൾ ലഭിച്ചുപോരുന്നതായി മുൻ രൂപതാധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പറഞ്ഞു.

വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, ഡി.സി.എം.എസ് ഡയറക്ടർ ഫാ.ജോസ് വടക്കേക്കുറ്റ്, പി. എസ്.ഡബ്ല്യു.എസ്. പി.ആർ.ഒ ഡാന്റീസ് കൂനാനിക്കൽ എന്നിവർ ആശംസകൾ നേർന്നു. ഷലോം സെന്റർ ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ പഴേപറമ്പിൽ സ്വാഗതവും എസ്.എം.വൈ.എം. ഡയറക്ടർ ഫാ.തോമസ് സിറിൾ തയ്യിൽ നന്ദിയും പറഞ്ഞു.

വികാരിജനറാൾമാരായ മോൺ. എബ്രാഹം കൊല്ലിത്താനത്തുമലയിൽ, മോൺ. ജോസഫ് മലേപ്പറമ്പിൽ, മോൺ. ജോസഫ് തടത്തിൽ, ചാൻസിലർ ഡോ. ജോസ് കാക്കല്ലിൽ, പ്രൊക്കുറേറ്റർ ഫാ. ജോസ് നെല്ലിക്കത്തെരുവിൽ, അസി. ചാൻസലർ ഫാ. ജോസ് വാട്ടപ്പള്ളിൽ, ഷലോം മുൻ ഡയറക്ടർമാരായ ഫാ.ജോർജ് വെട്ടുകല്ലേൽ, ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ, ഫാ. തോമസ് മേനാച്ചേരി തുടങ്ങിയവർ സന്നിഹിതരായിരുന്നു.

രൂപതയുടെ വിവിധ ശുശ്രൂഷാവിഭാഗങ്ങളുടെയും സംഘടനകളുടെയും കേന്ദ്ര ഓഫീസുകൾ ഒരു കുടക്കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് ഷാലോം പാസ്റ്ററൽ സെന്റർ. 1996 ൽ പാലാ രൂപതയുടെ ദ്വിതീയാധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിലാണ് ഷലോമിന്റെ ആശീർവാദകർമം നിർവഹിച്ചത്.

സിനിമ



ബിജോ രാജു ഗ്രേഷ്യസ്

# മാമലക്കുന്നിലെ ആത്മീയനന്മകൾ

**'കാറ്റിനരികെ' എന്ന പ്രഥമ സിനിമയിലൂടെ കേരള ഫിലിം ക്രിട്ടിക്സ് അസ്സോസിയേഷന്റെ ഈ വർഷത്തെ മികച്ച നവാഗത സംവിധായകനുള്ള പുരസ്കാരം നേടിയിരിക്കുകയാണ് കോട്ടയം, ചവിട്ടുവരി കപ്പുച്ചിൻ പ്രൊവിൻസിലെ ഫാദർ റോയി ജോസഫ് കാരയ്ക്കാട്ട് എന്ന യുവ വൈദികൻ. മലയാളസിനിമാചരിത്രത്തിലാദ്യമായിട്ടാണ് ഒരു വൈദികൻ മുഴുനീളസിനിമ സംവിധാനം ചെയ്യുന്നത്. പ്രൈം റീൽസ് എന്ന ഒ ടി ടി പ്ലാറ്റ്ഫോമിൽ ഈസ്റ്റർ ദിനത്തിൽ റിലീസായി, മികച്ച ജനപിന്തുണയോടെ മുന്നേറുന്ന കാറ്റിനരികെ സിനിമയുടെ വിശേഷങ്ങളുമായി സംവിധായകൻ ഫാദർ റോയി ജോസഫ് കാരയ്ക്കാട്ട് ദീപനാളത്തോടു സംസാരിക്കുന്നു.**

**? പ്രഥമസംരംഭത്തിൽത്തന്നെ ക്രിട്ടിക്സ് പുരസ്കാരം! എന്തു തോന്നുന്നു.**

● തികച്ചും അപ്രതീക്ഷിതമായിരുന്നു അവാർഡ് വാർത്ത. ഒരു വർഷത്തിലധികം നീണ്ട കൂട്ടായ പ്രയത്നത്തിന്റെ ഫലംകൂടിയാണത്. ഒരുപാട് നന്ദിയുണ്ട് പുരസ്കാരത്തിനു എന്നെയും പരിഗണിച്ചതിന്. പിന്നെ ത്രില്ലിങ് പാറ്റേണിൽ നിന്നു മാറി, ഒരു കുടുംബചിത്രമായതിനാൽ സാവധാനമേ പ്രേക്ഷകശ്രദ്ധ ലഭിക്കൂ എന്നറിയാം. എന്നാൽ, സിനിമ കണ്ടവരെല്ലാം മികച്ച അഭിപ്രായമാണ് വിളിച്ചറിയിച്ചിട്ടുള്ളത്. ഇത് മികച്ച കുടുംബചിത്രമാണെന്നും മനസ്സിൽ എവിടെയൊക്കെയോ സ്പർശിക്കുന്നുവെന്നുമൊക്കെ... അതു കേൾക്കുമ്പോൾ വളരെ സന്തോഷമുണ്ട്. ഛായാഗ്രഹണം, സംഗീതം അങ്ങനെ പല കാര്യങ്ങളിലും നമ്മൾ മനസ്സിൽ ഉദ്ദേശിച്ചതുതന്നെ പ്രേക്ഷകർ ഇങ്ങോട്ടു പറയുന്നുണ്ട്. ഈ സിനിമയിൽ ഗാർഹികവും ധാർമികവും ആധ്യാത്മികവുമായ ഒരു സന്ദേശമുണ്ട്. അതു കാണാൻ ക്ഷമ കാണിച്ചാലേ പ്രേക്ഷകർക്കു മനസ്സിലാകുകയുള്ളൂ. എല്ലാവരും പ്രൈം റീൽസ് ആപ്പ് ഡൗൺലോഡ് ചെയ്ത് സിനിമ കാണണമെന്ന് അഭ്യർത്ഥിക്കുകയാണ്.

**? എങ്ങനെയാണ് 'കാറ്റിനരികെ'യുടെ ആശയത്തിലേക്ക് എത്തിയത്.**

● അതു ഞാൻ നേരിൽ കണ്ട ഒരു കാഴ്ചയിൽനിന്ന് ഉരുത്തിരിഞ്ഞതാണ്. മഴ പെയ്യുന്ന ഒരു ഒഴിവുദിന സായാഹ്നത്തിൽ വാഗമണ്ണിലെ ആഷാസദൻ റിസോർട്ടിൽ നിൽക്കുമ്പോൾ അടുത്തുള്ള വിജനവും വന്യവുമായ മലമ്പാതയിലൂടെ ഒരു അമ്മയും, കുടയും ചൂടി സ്കൂൾ യൂണിഫോമിൽ വിദ്യാർത്ഥികളായ രണ്ടു മക്കളും മലയുടെ മുകളിലേക്കു കയറിപ്പോകുന്ന ഒരു കാഴ്ച കണ്ടു. അത് ഒരു അതിജീവനത്തിന്റെ നൊമ്പരദൃശ്യമായി മനസ്സിൽ അങ്ങനെ തങ്ങിനിന്നു. അവിടെനിന്നാണ് കാറ്റിനരികെയുടെ മൂലകഥ പിറവികൊള്ളുന്നത്, അതിന്റെകൂടെ എന്റെ ജീവിതത്തിലെ ചില അനുഭവങ്ങൾകൂടി ചേർത്തപ്പോൾ കഥ ഏറെക്കുറെ പൂർണമായി. അത് സിനിമയിലും ഫിലോസഫിയിലുമൊക്കെ ഗവേഷണം ചെയ്തിട്ടുള്ള എന്റെ സുഹൃത്ത് ആന്റണി അച്ചനോടു പറഞ്ഞു അദ്ദേഹം ആ കഥയെ കൂടുതൽ ക്രമീകൃതമാക്കി. ആ സ്റ്റോറി എന്റെ സുഹൃത്തായ സ്മിറിൻ സെബാസ്റ്റ്യനുമായി പങ്കുവയ്ക്കുകയും ഞങ്ങൾ രണ്ടുപേരും ചേർന്ന് തിരക്കഥയൊരുക്കുകയും ചെയ്തു. അങ്ങനെയാണ് കാറ്റിനരികെ എന്ന സിനിമ ഉണ്ടാകുന്നത്.

**? പ്രകൃതിരമണീയമായ ഈ മാമലക്കുന്ന് ശരിക്കും എവിടെയാണ്.**

● സിനിമ കണ്ട ബഹുഭൂരിപക്ഷം പേരും ഇതേ ചോദ്യം ചോദിക്കുന്നുണ്ട്. തിരക്കഥ രൂപീകരണവേളയിൽ എല്ലാ ദിവസവും കുർബാനയ്ക്കുശേഷം വൈകുന്നരംവരെ ഞങ്ങൾ എഴുതും. അതിനുശേഷം നടക്കാനിറങ്ങും. അങ്ങനെ നടന്നാണ് അധികമാരും ഷൂട്ടിങ്ങിനുവേണ്ടി ഉപയോഗിച്ചിട്ടില്ലാത്ത ഈ ലൊക്കേഷൻ കണ്ടെത്തിയത്. വാഗമണ്ണിന്റെ അതിമനോഹരമായ ദൃശ്യഭംഗി തുളുമ്പി നിൽക്കുന്ന ലൊക്കേഷൻ. എവിടെ ക്യാമറ വച്ചാലും കിട്ടുന്നത് അതിമനോഹരമായ ഫ്രെയിമുകളായിരുന്നു. ആ വെള്ളച്ചാട്ടമൊക്കെ അതിനു തൊട്ടടുത്തുതന്നെയായിരുന്നു. കഥയ്ക്കനുസൃതമായി ഞങ്ങളിട്ട പേരായിരുന്നു മാമലക്കുന്ന് എന്നത്.

**? പ്രഥമ സിനിമസംരംഭത്തിന്റെ സാക്ഷാത്കാരം എങ്ങനെയായിരുന്നു.**

● ചങ്ങനാശ്ശേരി മീഡിയ വില്ലേജിൽ ചലച്ചിത്രത്തിന്റെ സാങ്കേതികവശങ്ങളെക്കുറിച്ചു പഠിക്കുന്ന കാലത്ത് ഡോക്യുമെന്ററികളും ഷോർട്ട് ഫിലിമുകളുമൊക്കെ ചെയ്തിരുന്നു. അതിൽ കുടിവെള്ളത്തിന്റെ പ്രശ്നങ്ങളെ അനാവരണം ചെയ്തുകൊണ്ട് ഞാൻ സംവിധാനം ചെയ്ത ദി ലാസ്റ്റ് ഡ്രോപ്സ് എന്ന ഹ്രസ്വചിത്രം അന്തർദേശീയതലത്തിൽത്തന്നെ ശ്രദ്ധിക്കപ്പെടുകയുണ്ടായി. എന്റെ സുഹൃത്തുക്കളും സഹപ്രവർത്തകരുമായ പ്രിയപ്പെട്ടവർ ഒരു മുഴുനീള ചിത്രം ചെയ്യാൻ പ്രേരിപ്പിക്കുകയും അതിനുവേണ്ട പിന്തുണ വാഗ്ദാനം ചെയ്യുകയും ചെയ്തു. എം.ജി. യൂണിവേഴ്സിറ്റിയിൽ എന്റെ പി.എച്ച്.ഡി. ഗൈഡായ ഡോ. ജോസ് കെ. മാനുവൽ സാറും നിരന്തരമായി സിനിമ ചെയ്യാൻ പ്രേരിപ്പിക്കുന്നുണ്ടായിരുന്നു. എന്റെ ആത്മമിത്രം ആലപ്പുഴ അർക്കാഡിയ ഹോട്ടലിന്റെ ഉടമസ്ഥൻ ടോമിച്ചനാണ് അതിന് എന്നെ ശക്തമായി പിന്തുണച്ചത്, അദ്ദേഹത്തിന്റെ കോൺട്രിബ്യൂഷനാണ് നിർണായകമായത്. അദ്ദേഹത്തിലൂടെ ധാരാളം സുഹൃത്തുക്കളും എന്റെ സുഹൃത്തുക്കളും സഹപ്രവർത്തകരുമായ പലരും, കപ്പൂച്ചിൻ സമൂഹനേതൃത്വവും, അംഗങ്ങളായ പ്രിയപ്പെട്ടവരും സിസ്റ്റർ കോൺഗ്രിഗേഷൻസുമെല്ലാം പിന്തുണയുമായി മുമ്പോട്ടുവന്നു. അങ്ങനെയാണ് കാറ്റിനരികെ സാക്ഷാത്കരിക്കപ്പെടുന്നത്.

**? നായകനായ ജോണിയിലേക്ക് അശോകൻ എത്തുന്നത്.**

● എന്റെ ഗവേഷണപ്രബന്ധം പത്മരാജന്റെ സിനിമകൾ എന്നതാണ്. ആ പര്യവേക്ഷണങ്ങൾക്കിടയിൽ നടന്ന പത്മരാജൻ അനുസ്മരണച്ചടങ്ങിൽവച്ച് അശോകേട്ടനെ കാണുകയും എന്റെ കാറ്റിനരികെയിലെ ജോണിയായി അദ്ദേഹത്തെ മനസ്സിൽ ഉറപ്പിക്കുകയും ചെയ്തിരുന്നു. എറണാകുളത്തെ ഗോകുലം ഹോട്ടലിൽ വെച്ച് ഞങ്ങളെല്ലാവരും ചേർന്ന് അദ്ദേഹത്തെക്കണ്ട് കഥ പറയുകയും, കഥ അശോകേട്ടന് ഇഷ്ടപ്പെടുകയും ചെയ്തു. ജോണിയായി മികച്ച പ്രകടനമാണ് അശോകേട്ടൻ നടത്തിയിരിക്കുന്നത്.



**? നായിക**

● സിനി ഏബ്രഹാമെന്നാണ് ആനിയായി അഭിനയിച്ച കുട്ടിയുടെ പേര്. നടനും സംവിധായകനുമായ സിദ്ധാർത്ഥ് ശിവയാണ് സിനിയെ പരിചയപ്പെടുത്തിയത്. സിനി പുതുമുഖമല്ല ചില സിനിമകളൊക്കെ ചെയ്തിട്ടുണ്ട്. ജീവസന്ധാരണക്ലേശങ്ങൾക്കിടയിൽ പരാതികളില്ലാതെ നീങ്ങുന്ന ആനിയെ സിനി നന്നായിത്തന്നെ അവതരിപ്പിച്ചിട്ടുണ്ട്




**? കുട്ടികൾ രണ്ടുപേരും മികച്ച അഭിനയമാണല്ലോ കാഴ്ച വച്ചിരിക്കുന്നത്!**

● തീർച്ചയായും. ഈ സിനിമയിൽ എടുത്തുപറയേണ്ടത് അവരുടെ പ്രകടനംതന്നെയാണ്. കമ്പംമേട് സ്വദേശിയായ പവൻ റോയിയാണ് തൊമ്മിക്കുഞ്ഞിനെ അവതരിപ്പിച്ചത്. കണ്ണൂർ സ്വദേശിനിയാണ് അമ്മുക്കുട്ടിയായി വേഷമിട്ട അനു. നൂറോളം കുട്ടികൾ പങ്കെടുത്ത ഓഡിഷനിൽനിന്നാണ് ഇവരെ തിരഞ്ഞെടുത്തത്. മുമ്പ് സിനിമകളിലും മറ്റും അഭിനയിച്ചിട്ടുള്ള കുട്ടികളാണവർ. സിനിമ കണ്ട പ്രേക്ഷകർ വിസ്മയത്തോടെയാണ് അവരുടെ പ്രകടനത്തെക്കുറിച്ചു പറയുന്നത്. എന്റെ അഭിപ്രായത്തിൽ, കഥാപാത്രങ്ങളെ അവരുടെ ഉള്ളിലേക്ക് ഒന്നു സന്നിവേശിപ്പിക്കേണ്ട റിസ്ക് മാത്രമേ ഉണ്ടായുള്ളൂ, പിന്നെ കണ്ടത് അവരുടെ മിന്നുന്ന പ്രകടനങ്ങളായിരുന്നു.

**? ഈ സിനിമയിലൂടെ ഒരു പ്രകൃതിസംരക്ഷണചിന്ത കൈമാറുന്നുണ്ട്?**

● അതേ, ആ ചിന്ത പണ്ടു മുതൽ എന്റെ മനസ്സിലുള്ളതായിരുന്നു. സെന്റ് ഫ്രാൻസിസ് അസ്സീസി ഇക്കോളജിയുടെ മധ്യസ്ഥനാണ്. പ്രകൃതിയോടും മൃഗങ്ങളോടും ഇണങ്ങിയ ഒരു ജീവിതമായിരുന്നു അദ്ദേഹം നയിച്ചത്. ഞാൻ അസ്സീസി മാസികയുടെ എഡിറ്ററായിരുന്നയാളാണ്. നമ്മുടെ പരിസ്ഥിതിയെ, ഭൂമിയെ വിട്ട് ഒരു ജീവിതരീതി നമുക്കു പാടില്ലെന്നും, പ്രകൃതിയിലേക്കുള്ള കടന്നുകയറ്റം അവസാനിപ്പിക്കണമെന്നും നിരന്തരമായി എഴുതിയിരുന്നു. കട്ടച്ചിറയിലെ പാതയോരത്തു കാണുന്ന മരങ്ങൾ ഞാനും ചേർന്നു നട്ടതാണ്. അത് സംരക്ഷിക്കാനുള്ള സന്നദ്ധപ്രവർത്തനത്തിനും ഞാൻ മുന്നിട്ടിറങ്ങിയിരുന്നു. അന്നത് വലിയ വാർത്തയായിരുന്നു. പിന്നെ, ഗാന്ധിയൻമാർഗത്തിലൂന്നി ജീവിക്കുന്ന പ്രകൃതിസംരക്ഷകരായ പലരോടുമൊത്തു പ്രവർത്തിക്കാൻ എനിക്ക് അവസരമുണ്ടായിട്ടുണ്ട്. അതെല്ലാം തിരക്കഥയിൽ പ്രതിഫലിച്ചിട്ടുണ്ട്.

**? ഫാദറിന്റെ കുടുംബം**

● എരുമേലി, മുക്കൂട്ടുതറയ്ക്കടുത്ത് കൊല്ലമുളയിൽ, കാരയ്ക്കാട്ട് എന്നതാണ് എന്റെ വീട്ടുപേര്, ചാച്ചന്റെ പേര് ജോസഫ്, അമ്മ അന്നമ്മ. ഞങ്ങൾ ആറ് ആൺമക്കളാണ്. ഞാനാണ് ഏറ്റവും ഇളയത്. എന്റെ മൂന്നാമത്തെ സഹോദരനും കപ്പുച്ചിൻ വൈദികനാണ്. ഈ സംരംഭത്തിൽ അദ്ദേഹം വലിയ കൈത്താങ്ങായി ഒപ്പമുണ്ടായിരുന്നു.

**? വിദ്യാഭ്യാസം**

● പ്രാഥമികവിദ്യാഭ്യാസം കൊല്ലമുളയിൽത്തന്നെയായിരുന്നു. ഹൈസ്കൂൾ പഠനം ഉമിക്കുപ്പ സെന്റ് മേരീസ് സ്കൂളിലും. അതിനുശേഷമാണ് സെമിനാരിയിൽ ചേർന്നത്. ആദ്ധ്യാത്മികവഴിയിൽ അമ്മയായിരുന്നു പ്രേരണയായി കൂടെ നിന്നത്. വൈദികനായ ജ്യേഷ്ഠനും സ്വാധീനിച്ചു. ഡൽഹി, ഭരണങ്ങാനം, കട്ടപ്പന, മൂവാറ്റുപുഴ, തൃശൂർ, ആന്ധ്രാ, തെള്ളകം തുടങ്ങിയ സ്ഥലങ്ങളിലായിരുന്നു വൈദികപരിശീലനത്തിന്റെ വിവിധ ഘട്ടങ്ങൾ. 2002-ലായിരുന്നു പൗരോഹിത്യസ്വീകരണം.

മനുഷ്യമനസ്സിനെ ഏറ്റവുമധികം സ്വാധീനിക്കുന്ന ഒരു മാധ്യമമാണ് സിനിമ. അതിലൂടെ നമുക്കും ചില കാര്യങ്ങൾ സമൂഹത്തെ ഓർമിപ്പിക്കാനുണ്ട് എന്ന തിരിച്ചറിവാണ് സിനിമയിലേക്ക് എത്തിച്ചത്. അങ്ങനെയാണ് ചങ്ങനാശ്ശേരി മീഡിയ വില്ലേജിൽ സിനിമ പഠിക്കാൻ ചേർന്നത്. അവിടുത്തെ പഠനത്തെപ്പറ്റി പറയുമ്പോൾ ആദ്യം ഞാൻ ഓർക്കുന്നത്, തൊടുപുഴ ന്യൂമാൻ കോളജ് അധ്യാപകനായ എന്റെ സുഹൃത്ത് ഡോ. മാത്യു കണമലസാറിനെയാണ്. അദ്ദേഹമാണ് മീഡിയ വില്ലേജിലേക്ക് എന്നെ നയിച്ചത്.

**? പുതിയ സിനിമ സംവിധാനം ചെയ്യാനുള്ള തയ്യാറെടുപ്പിലാണെന്ന് മനോരമയിൽ കണ്ടു?**

● അതേ, ആന്റണിയച്ചന്റേതാണ് തിരക്കഥ. ഒരു ചെറുപ്പക്കാരന്റെ അതിജീവനത്തിന്റെ കഥയാണ്. പരിമിതികളിൽനിന്ന് വന്ന് ചരിത്രം സൃഷ്ടിക്കുന്ന ഒരു മോട്ടിവേഷണൽ സിനിമയായിരിക്കുമത്.

**? ഒരു സിനിമ ചെയ്യാൻ ആഗ്രഹിക്കുന്ന സഹപ്രവർത്തകരോടും സഭാമക്കളോടും എന്താണ് പറയാനുള്ളത്?**

● മനുഷ്യജീവിതത്തെ സമഗ്രമായി ഒരു പടികൂടി മെച്ചപ്പെടുത്താനുതകുന്നതാവണം നമ്മുടെ കലാസൃഷ്ടി. നമ്മൾ പറയുന്ന കഥയെപ്പറ്റിയും സമൂഹത്തിൽ അതുളവാക്കാൻ പോന്ന പ്രതിഫലനങ്ങളെപ്പറ്റിയും വ്യക്തമായ ബോധ്യവുമുണ്ടായിരിക്കണം.

ഒരുപാട് ആശകളും പ്രതീക്ഷകളുമായി പലതരം പ്രതികൂലസാഹചര്യങ്ങളോടു പടപൊരുതി ജീവിക്കുന്ന സാധാരണമനുഷ്യരുടെ ജീവിതത്തിലേക്ക് അപ്രതീക്ഷിതമായി ചിലപ്പോഴൊക്കെയുണ്ടാകുന്ന വലുതോ ചെറുതോ ആയ പ്രതിസന്ധികളെ ദൈവത്തിലും ദൈവവചനത്തിലുമുള്ള വിശ്വാസത്താൽ തരണം ചെയ്യാനാകുമെന്ന മഹത്തായ ആത്മീയസന്ദേശമാണ് കാറ്റിനരികെ എന്ന സിനിമ നൽകുന്നത്. ■

# കേരളം പ്രമേഹത്തിന്റെ പിടിയിൽ
# രക്ഷപ്പെടാൻ മാർഗങ്ങളുണ്ട്



ഡോ. ജോർജ് തയ്യിൽ

അന്താരാഷ്ട്ര ഡയബെറ്റിസ് ഫെഡറേഷന്റെ കണക്കുപ്രകാരം, ഭൂമുഖത്ത് ഓരോ ഏഴു സെക്കൻഡിലും ഒരാൾ പ്രമേഹത്തിന്റെ സങ്കീർണതമൂലം മരണമടയുന്നുണ്ട്. അതിൽ 50 ശതമാനം മരണവും അറുപതു വയസ്സിനു താഴെയുള്ളവരിലാണ് സംഭവിക്കുന്നത്. 2000 ലെ കണക്കുപ്രകാരം, ലോകത്തുള്ള പ്രമേഹബാധിതരുടെ സംഖ്യ 151 ദശലക്ഷമായിരുന്നു. 2009 ആയപ്പോൾ ഈ സംഖ്യ 88 ശതമാനമായി വർദ്ധിച്ചു. ഇന്നത്തെ കണക്കെടുക്കുകയാണെങ്കിൽ 20 – 79 വയസ്സിനിടയിലുള്ളവരിൽ 9.3 ശതമാനംപേർ. 463 ദശലക്ഷം ആളുകൾ പ്രമേഹത്തിനടിമപ്പെട്ടിരിക്കുന്നു. ഡയബെറ്റിസ് ഫെഡറേഷൻ പ്രവചിക്കുന്നതുപ്രകാരം 2030 ൽ ഭൂമുഖത്ത് 578 ദശലക്ഷം പേരും 2045 ൽ 700 ദശലക്ഷം പേരും പ്രമേഹരോഗികളായിരിക്കും. കഷ്ടമതല്ല, ഇതിൽ 79 ശതമാനും പേരും ദരിദ്രരാഷ്ട്രങ്ങളിലായിരിക്കും ജീവിക്കുക എന്നതാണ്.

ഇന്ത്യയിൽ 1990 ൽ 26 ദശലക്ഷമുണ്ടായിരുന്ന 2016 പ്രമേഹബാധിതരുടെ എണ്ണം ആയപ്പോൾ 65 ദശലക്ഷമായി ഉയർന്നു. 50 വയസ്സിനു മുകളിലുള്ള 11.8 ശതമാനം പേർ ഇന്ത്യയിൽ ഇപ്പോൾ പ്രമേഹരോഗികളാണ്. ലോകത്താകെയുള്ള പ്രമേഹബാധിതരിൽ 60 ശതമാനവും ഇന്ത്യയും ചൈനയും ഉൾപ്പെടുന്ന ഏഷ്യൻ ഭൂഖണ്ഡത്തിലായിരിക്കും. ആഗോളചികിത്സാച്ചെലവിന്റെ 12 ശതമാനത്തിലധികം വിനിയോഗിക്കപ്പെടുന്നത് പ്രമേഹത്തിനും അനുബന്ധചികിത്സകൾക്കുമാണ്. ഇന്ത്യയിലിപ്പോൾ 27 ദശലക്ഷം പ്രമേഹബാധിതരുണ്ട്. ലോകത്തിന്റെ പ്രമേഹതലസ്ഥാനമായ ചൈനയിൽ 116 ദശലക്ഷംപേർ പ്രമേഹബാധിതരാണ്.

കേരളത്തിൽ പ്രമേഹബാധിതരുടെ എണ്ണം ഓരോ ദിവസവും കൂടുകയാണ്. കഴിഞ്ഞ ഏഴുവർഷംകൊണ്ട് 8.9 ലക്ഷം പുതിയ പ്രമേഹരോഗികളെ കണ്ടെത്തി. 2012 മുതൽ ഒരു കോടി 33 ലക്ഷം ആളുകളെ സ്ക്രീനിങ് ടെസ്റ്റിനു വിധേയമാക്കി. അക്കൂട്ടത്തിൽനിന്നാണ് 8.9 ലക്ഷം പുതിയ രോഗബാധിതരെ കണ്ടെത്തിയത്. ഇവരെല്ലാം പ്രമേഹമുണ്ടെന്നറിയാതെ ചികിത്സ തേടാതെ കഴിയുകയായിരുന്നു. കേരളത്തിൽ സംസ്ഥാന ആരോഗ്യ വകുപ്പും തിരുവനന്തപുരത്തെ അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സ്റ്റഡീസും സംയുക്തമായി നടത്തിയ പഠനങ്ങളിലാണ് വിവരങ്ങൾ പുറത്തുവന്നത്. കേരളത്തിലെ മുതിർന്നവരിൽ 30 ശതമാനം പേർക്ക് രക്തത്തിലെ പഞ്ചസാരയുടെ അളവ് ക്രമാതീതമായി ഉയർന്നിരിക്കുന്നു. ഇതു ലോക ശരാശരിയെക്കാൾ ഏറെ മുന്നിലാണ്. മറ്റൊരു പഠനത്തിൽ, 45 നും 69 നും ഇടയിലുള്ള കേരളീയരിൽ 67.7 ശതമാനം പേർക്ക് പ്രമേഹമോ പ്രമേഹസാധ്യതയോ (പ്രീഡയബറ്റിസ്) ഉണ്ട്. തൊട്ടയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ പ്രമേഹമുള്ളവർ 10–15 ശതമാനം മാത്രമാണെന്നോർക്കണം.

ഇത്രയൊക്കെയാണെങ്കിലും മധുമേഹത്തെ (അങ്ങനെയാണ് ആയുർവേദാചാര്യന്മാർ പ്രമേഹത്തെ വിളിക്കുന്നത്) പിടിയിലൊതുക്കുന്നതിൽ മലയാളികൾ ദാരുണമായി പരാജയപ്പെടുന്നു. ഇവിടെയുള്ള രോഗബാധിതരിൽ 16 ശതമാനം പേർ മാത്രമാണ് രക്തത്തിലെ പഞ്ചസാര പരിധിക്കുള്ളിൽ നിയന്ത്രിക്കുന്നത്. അതായത്, 84 ശതമാനം പേർ ഒരു നിയോഗംപോലെ മരുന്നുകളെടുത്ത് സംതൃപ്തരായി മുന്നോട്ടു പോകുന്നു. ഇക്കൂട്ടരിൽ സ്ഥിരമായി വർദ്ധിച്ചുകാണുന്ന രക്തത്തിലെ പഞ്ചസാര വൈകാതെ മരണത്തിലേക്കു കൈപിടിച്ചു കൊണ്ടുപോകുന്നു.



മധുമേഹം പ്രഥമമായി ഒരു ജീവിതശൈലീരോഗമാണെന്നും സമഗ്രമായ നിയന്ത്രണത്തിന് അപഥ്യമായ ഭക്ഷണക്രമത്തിൽ കാതലായ പരിവർത്തനങ്ങൾ വരുത്തണമെന്നുമുള്ള യാഥാർത്ഥ്യം വിസ്മരിച്ചുപോകുന്നതാണ് മലയാളികളിൽ പഞ്ചസാരനിയന്ത്രണം പരാജയപ്പെടുന്നതിന്റെ പ്രധാന കാരണം. ശാസ്ത്രീയമായ ചികിത്സയെടുക്കാൻ മലയാളിക്കു മടിയാണ്. സ്വയം ചികിത്സിക്കലും ഒറ്റമൂലികളും വിവിധ 'ആൾട്ടർനേറ്റീവ്' ചികിത്സാമുറകളുടെ പരീക്ഷണവും ഭക്ഷണക്കൊതിയും കേരളീയരുടെ പ്രമേഹപ്രതിരോധത്തെ പ്രതികൂലമായി ബാധിക്കുന്നു. ഒടുങ്ങാത്ത സ്ട്രെസ്സും വ്യായാമമില്ലായ്മയും വികലമായ മദ്യാസക്തിയും മലയാളികളുടെ ആരോഗ്യനിലവാരത്തെ തകിടംമറിക്കുന്നു.

നിയന്ത്രിക്കപ്പെടാത്ത പ്രമേഹരോഗം കാലാന്തരത്തിൽ ശരീരത്തിലെ എല്ലാ അവയവങ്ങളെയും കാർന്നുതിന്നുന്നു. ഈ സങ്കീർണതകളുണ്ടാക്കുന്ന പരാധീനതകളിലൂടെ രോഗി സാവധാനം മൃത്യുവിനെ പ്രാപിക്കുന്നു. ദീർഘനാളുകളായി നിയന്ത്രിക്കപ്പെടാത്ത രക്തത്തിലെ പഞ്ചസാര ശരീരത്തിലാകമാനമുള്ള രക്തക്കുഴലുകളുടെ ഘടനയെ വികലമാക്കുന്നു. വലുതും ചെറുതുമായ ധമനികൾ ചുരുങ്ങി അതിലൂടെയുള്ള രക്തപ്രവാഹം ദുഷ്കരമാകുന്നു. അമിതരക്തസമ്മർദം, അന്ധത, വൃക്കകളുടെ അപചയം, ഉണങ്ങാത്ത വ്രണങ്ങൾ, ലൈംഗികശേഷിക്കുറവ്, മറവിരോഗം നിയന്ത്രണവിധേയമാകാത്ത പ്രമേഹരോഗം ശരീരത്തിലുണ്ടാക്കുന്ന വിപത്തുകൾ ഏറെയാണ്. 65 വയസ്സിനു താഴെയുള്ളവരിൽ പുതുതായുണ്ടാകുന്ന അന്ധതയ്ക്കുള്ള മുഖ്യകാരണം മധുമേഹമാണ്. സ്ഥിരമായി ഡയാലിസിസ് ചെയ്യുന്ന 50–60 ശതമാനം രോഗികൾക്കും മൂർച്ഛിച്ച പ്രമേഹരോഗമുണ്ട്. വൃക്കപരാജയത്തിനുള്ള മുഖ്യകാരണം ഈ രോഗാവസ്ഥതന്നെ.

പ്രമേഹത്തിന്റെ സങ്കീർണതയുണ്ടാക്കുന്ന ഏറ്റവും ഗൗരവമേറിയ രോഗാവസ്ഥ ഹൃദ്രോഗമാണ്. പ്രമേഹബാധിതരിൽ ഹൃദ്രോഗമുണ്ടാകാനുള്ള സാധ്യത 4–5 മടങ്ങാണ്. 70 ശതമാനം പ്രമേഹരോഗികളും മരിക്കുന്നത് ഹൃദയാഘാതംകൊണ്ടുതന്നെ. ഇക്കൂട്ടരിലെ ഹൃദ്രോഗം മൂർധന്യാവസ്ഥയിലെത്തിയാലും അതിന്റെ ലക്ഷണങ്ങൾ തിരിച്ചറിയണമെന്നില്ല. നെഞ്ചുവേദന പൂർണമായി അനുഭവപ്പെടാത്ത ഹാർട്ടറ്റാക്ക് (സയലന്റ് അറ്റാക്ക്) പ്രമേഹരോഗികൾക്കു സ്വന്തം. ഹൃദയത്തെ ആവരണം ചെയ്തിരിക്കുന്ന നാഡീവ്യൂഹത്തിനേൽക്കുന്ന അപചയമാണു കാരണം. തന്മൂലം നെഞ്ചുവേദന അറിയാനുള്ള സംവേദനക്ഷമത കുറയുന്നു.

പ്രമേഹരോഗിക്ക് ഹാർട്ടറ്റാക്കുണ്ടായാൽ തുടർചികിത്സ ഏറെ ദുഷ്കരമാകുന്നു. ഒന്നാമതായി, ശക്തമായ ലക്ഷണങ്ങളുടെ അഭാവംമൂലം ആശുപത്രിയിലെത്താൻ വൈകുന്നു. ഹാർട്ടറ്റാക്ക് ഉണ്ടായശേഷം ചികിത്സ കിട്ടാൻ വൈകുന്തോറും ഹൃദയപേശികൾ മൃതപ്രായമായിക്കൊണ്ടിരിക്കും. ഹാർട്ടറ്റാക്കുണ്ടായി ഒന്നര മണിക്കൂറിനുള്ളിൽ ലഭിക്കുന്ന ചികിത്സകൊണ്ട് ഹൃദയപേശികൾക്കുണ്ടായ ആഘാതം ഏറെക്കുറെ മാറ്റിയെടുക്കാൻ സാധിക്കും. എന്നാൽ, ലക്ഷണങ്ങൾ കൃത്യമായി അനുഭവിച്ചറിയാനുള്ള താമസം, ചികിത്സ ഉടൻ തേടുന്നതിനുള്ള വൈമനസ്യം, അനാവശ്യമായ ഒറ്റമൂലിചികിത്സകൾ ഇവകളെല്ലാം ചികിത്സയുടെ വിജയത്തെ പ്രതികൂലമായി ബാധിക്കുന്നു.

പ്രമേഹരോഗികളിൽ ആൻജിയോപ്ലാസ്റ്റി ചികിത്സ ഒട്ടും എളുപ്പമല്ല. നനുത്ത് ചുരുങ്ങിയതും വികലവുമായ ഹൃദയധമനികളിലെ ബ്ലോക്ക് വികസിപ്പിച്ചെടുക്കുക ശ്രമകരമാണ്. പലപ്പോഴും ഹൃദയത്തിന്റെ ഉപരിതലത്തിലുള്ള എല്ലാ കൊറോണറി ധമനികളിലും ബ്ലോക്കുകൾ കാണും. പടർന്നുകിടക്കുന്ന ബ്ലോക്കുകൾ ഒന്നൊന്നായി ബലൂൺ കത്തീറ്റർകൊണ്ട് വികസിപ്പിച്ച് അവിടെ സ്റ്റെന്റുകൾ സ്ഥാപിക്കുക ഏറെ ശ്രമകരമായ ഒന്നുതന്നെ. കൂടുതൽ കൊറോണറി ധമനികളെ ബാധിക്കുന്ന രോഗാവസ്ഥയും ഹൃദയപരാജയവുംമൂലം ഗുരുതരമായ ഹൃദ്രോഗത്തിനുള്ള ഏറ്റവും പ്രയോജനപ്രദമായ ചികിത്സ ബൈപ്പാസ് ഓപ്പറേഷൻതന്നെ.

ഹാർട്ടറ്റാക്കോ ആൻജിയോപ്ലാസ്റ്റിയോ ബൈപ്പാസ് സർജറിയോ കഴിഞ്ഞശേഷം പ്രമേഹരോഗിയുടെ ജീവിതം കർശനമായ നിബന്ധനകളോടെ മുന്നോട്ടുപോകണം. ഹൃദ്രോഗവിദഗ്ധൻ നിർദ്ദേശിക്കുന്ന ഔഷധങ്ങൾ പിഴവുകൾ കൂടാതെ സേവിക്കണം. കൃത്യമായ കാലയളവിൽ രക്തത്തിലെ പഞ്ചസാരയും കൊളസ്ട്രോളും പരിശോധിച്ചു ക്രമീകരിക്കണം. ഹൃദ്രോഗപരിശോധനകളായ എക്കോകാർഡിയോഗ്രാഫിയും ട്രെഡ്മിൽ ടെസ്റ്റും മറ്റു ലബോറട്ടറിപരിശോധനകളും കൃത്യകാലയളവിൽ ചെയ്തുകൊണ്ടിരിക്കണം. പ്രമേഹസൂചകമായ എച്ച്.ബി.എ. ഒന്ന്. സി 6.5 ശതമാനത്തിൽ കുറയുവാൻ യത്നിക്കണം. അമിതവണ്ണം കുറയ്ക്കുകയും കൃത്യവും ഊർജസ്വലവുമായ വ്യായാമമുറകളിലേർപ്പെടുകയും വേണം.

സമൂഹത്തിൽ പ്രമേഹത്തെക്കുറിച്ചു വളരെയധികം തെറ്റിദ്ധാരണകളുണ്ട്. മാതാപിതാക്കൾക്ക് പ്രമേഹമുണ്ടെങ്കിലേ മക്കൾക്കുണ്ടാകൂ, രോഗം പ്രായമുള്ളവരെ മാത്രം ബാധിക്കുന്നു, അലോപ്പതി മരുന്നുകൾ കഴിച്ചാൽ വൃക്ക തകരാറിലാകും, ഒരിക്കൽ ഇൻസുലിൻ എടുത്താൽ ജീവിതാവസാനംവരെ തുടരേണ്ടിവരും, രോഗലക്ഷണമില്ലെങ്കിൽ പിന്നെന്തിന് ചികിത്സ ഇവയെല്ലാം സാധാരണ കേൾക്കാറുള്ള തെറ്റായ അറിവുകളാണ്. ഇവ തിരുത്തണം. പ്രമേഹനിയന്ത്രണത്തിന് കുറുക്കുവഴികളില്ല. പരസ്യങ്ങൾക്കുപിറകേ പോയി വഞ്ചിതരാകരുത്. കർശനമായ ജീവിതക്രമീകരണവും പഥ്യമായ ആഹാരവും കൃത്യമായ വ്യായാമവുംകൊണ്ട് പ്രമേഹസാധ്യത 70 ശതമാനംവരെ പ്രതിരോധിക്കാം.

■

## പിന്നെയും പൂക്കുന്ന മേഘങ്ങൾ



നോവൽ 5

ഗിരീഷ് കെ. ശാന്തിപുരം

# പതിനാലാമെടം

അനനിയാദിനെ നഷ്ടപ്പെട്ട മേരി ദുഃഖാകുലയായിത്തീർന്നു. അവൾ തന്റെ ഹൃദയത്തെ നിയന്ത്രിക്കാനാവാതെ അലമുറയിട്ടു. വസ്ത്രങ്ങൾ വലിച്ചുകീറുകയും ആഭരണങ്ങൾ പൊട്ടിച്ചെറിയുകയും ചെയ്തു. അവൾ ഭക്ഷണം ഉപേക്ഷിച്ചു. ദാസിമാരെ കാരണമില്ലാതെ ശകാരിക്കുകയും അവരോടു പരുഷമായി പെരുമാറുകയും ചെയ്തു. വ്യസനവും ദേഷ്യവും അവളെ ഗ്രസിച്ചുകളഞ്ഞു. അവൾ തന്റെ ഭൃത്യന്മാരെ കുറ്റപ്പെടുത്തി. ചിലരെ ജോലിയിൽനിന്നു പിരിച്ചുവിട്ടു. ചിലരെ കഠിനമായി ശിക്ഷിച്ചു. മറ്റു ചിലരെ അനനിയാദിനെ അന്വേഷിച്ചു കണ്ടുപിടിക്കാൻ നിയോഗിച്ചു.

അനനിയാദിനെ അന്വേഷിച്ചു പുറപ്പെട്ട ഭൃത്യന്മാർ പത്താം ദിവസം മഗ്ദലേനയിൽ തിരിച്ചെത്തി. അന്യദേശങ്ങൾവരെ അവർ അവനെ തിരിക്കി. പക്ഷേ, ഫലമുണ്ടായില്ല. അവനെക്കുറിച്ച് ഒരു വിവരവും കിട്ടിയില്ല.

ഭൃത്യന്മാരിൽ ഒരാൾ പറഞ്ഞു.

"ഒരു പക്ഷേ, യജമാനൻ സ്നാപകയോഹന്നാന്റെ ശിഷ്യത്വം സ്വീകരിച്ചിട്ടുണ്ടാകുമോ?"

"സ്നാപകയോഹന്നാനോ അതാര്?..." മേരി ചോദിച്ചു.

"യോർദ്ദാൻ നദിക്കരയിലെ പ്രവാചകൻ. പാപമോചനത്തിനായുള്ള അനുതാപത്തിന്റെ സ്നാപനം നല്കുന്നവൻ. വരാനിരിക്കുന്ന രക്ഷകനെക്കുറിച്ച് പ്രസംഗിക്കുന്ന പ്രവാചകൻ."

"അവൻ പ്രവാചകൻ തന്നെയോ...?" മേരി ചോദിച്ചു.

"സത്യമായും അവൻ പ്രവാചകൻ തന്നെ." അവർ ഉറപ്പിച്ചു പറഞ്ഞു. കാരണം അവൻ വരാനിരിക്കുന്ന തന്നെക്കാൾ വലിയവനെക്കുറിച്ചു പറയുന്നു. രക്ഷയുടെ മാർഗ്ഗത്തെക്കുറിച്ചു പറയുന്നു. വെള്ളംകൊണ്ട് സ്നാപനം ചെയ്യുന്നു."

"അവനോടൊപ്പവും നിങ്ങളുടെ പ്രിയനെ കണ്ടില്ല."

"ഇല്ല. യജമാനനെക്കുറിച്ച് ഒരറിവും കിട്ടിയില്ല. ആർക്കും അവനെ കണ്ടെത്താൻ കഴിഞ്ഞില്ല. അല്ലെങ്കിൽത്തന്നെ അത്ര വലിയ ആൾക്കൂട്ടത്തിനിടയിൽ ഞങ്ങളിൽനിന്ന് മറഞ്ഞുനില്ക്കാൻ അവന് എത്രയോ എളുപ്പമാണ്."

മേരി പിന്നെ ഒന്നും ചോദിച്ചില്ല. വീണ്ടും ഒരന്വേഷണയാത്രയ്ക്കുള്ള പണം നല്കി അനനിയാദിനെ കണ്ടുപിടിക്കാൻ അവരെ നിയോഗിച്ചു.

അവൾ മട്ടുപ്പാവിലേക്കു പോയി. സായാഹ്നമായിരുന്നു. മഗ്ദലേനയ്ക്കു മുകളിൽ ഒരു വിഷാദംപോലെ അന്തിവെയിൽ വീണു കിടക്കുന്നു. ദൂരെ മൺനിരത്തിലൂടെ ഒരു കഴുതക്കുട്ടി കരഞ്ഞുകൊണ്ടു നടന്നുപോകുന്നു.

അവളുടെ മനസ്സിൽ വ്യഥിതമായ കുറെ ഓർമ്മകളുടെ കൊടുങ്കാറ്റുലയുകയായിരുന്നു. വ്യസനങ്ങളുടെയും ആത്മപീഡകളുടെയും ക്രുദ്ധവും വന്യവുമായ ഒരു കൊടുങ്കാറ്റ്. ആ കാറ്റിനുള്ളിൽ ഒറ്റപ്പെട്ടുപോയ ഒരു പാവം ആത്മാവായിത്തീർന്നു അവൾ.

മേരിയുടെ കൊട്ടാരം മരണം സംഭവിച്ച വീടുപോലെ മൂകമായിത്തീർന്നു. മേരിയുടെയും ദാസിമാരുടെയും ശബ്ദമോ പൊട്ടിച്ചിരികളോ അവിടെ മുഴങ്ങിയില്ല. അവൾ കാലുകളിൽ ചിലങ്കകളണിയുകയോ അവളുടെ വീഞ്ഞുപാത്രം പതയുകയോ ചെയ്തില്ല. അഴുക്കു പുരണ്ട വസ്ത്രങ്ങൾ മാറ്റുകയോ സുഗന്ധദ്രവ്യങ്ങൾ പൂശുകയോ ചെയ്തില്ല. അവൾക്ക് ഒന്നിലും താത്പര്യമില്ലാതായിത്തീർന്നു. ഉച്ചവെയിലിൽ മൃഗതൃഷ്ണകൾ പൂക്കുന്ന യോർദ്ദാൻ മരുഭൂമിപോലെ, അവളുടെ ഹൃദയം അനനിയാദിനെപ്രതി തപിച്ചു.

"അനനിയാദ് തന്നോടിങ്ങനെ പ്രവർത്തിച്ചതെന്ത്?"

എത്ര ചിന്തിച്ചിട്ടും മേരിക്ക് മനസ്സിലാവാത്ത ഒന്നായിരുന്നു അത്. ഈ ലോകത്ത് കിട്ടാവുന്നതെല്ലാം താനവനു കൊടുത്തു. യൂദയായിലാരും കൊതിക്കുന്ന തന്റെ സൗന്ദര്യം മുഴുവൻ. ഈ സൗന്ദര്യംകൊണ്ട് താൻ സ്വന്തമാക്കിയ സമ്പത്തു മുഴുവൻ... എന്നിട്ടും...

ഇണയെ നഷ്ടപ്പെട്ട മാൻകുട്ടിയുടെ ദൈന്യതയും വിവശതയും നിറഞ്ഞ കണ്ണുകളോടെ അവൾ ദൂരെ നിരത്തിലേക്കു നോക്കി കാതുകൾ കൂർപ്പിച്ചു.

"ദൂരെ മനോജ്ഞമായൊരു കുഴൽപ്പാട്ട് മുഴങ്ങുന്നുണ്ടോ?"

"അവൻ... എന്റെ പ്രിയൻ ഇപ്പോൾ എവിടായിരിക്കും..."

അനനിയാദപ്പോൾ ഗലീലിയായിലായിരുന്നു. അവിടെ അവൻ യേശുവിനെ തിരഞ്ഞു. പക്ഷേ, കണ്ടുകിട്ടിയില്ല. പിന്നെ എവിടേക്കാണു പോയതെന്ന് ആർക്കും നിശ്ചയമല്ലായിരുന്നു. യൂദയാ മുഴുവൻ അനനിയാദ് യേശുവിനെ തിരഞ്ഞു. യേശുവിന്റെ പിതാവ് ജോസഫിന്റെ ഗോത്രത്തിലെ മരപ്പണിക്കാരുടെ പണിശാലകളിൽ... സിനഗോഗുകളിൽ... മരുഭൂമിയിൽ.

"ഇനി എവിടെയാണ് യേശുവിനെ തിരയുക?"

അനനിയാദ് ക്ഷീണിതനും വിവശനുമായിരുന്നു. രാപ്പകൽ നീളുന്ന അന്തമില്ലാത്ത യാത്രയുടെ അലച്ചിലുകൾക്കിടയിൽ അവന്റെ ചെരുപ്പുകൾ നഷ്ടം വന്നിരുന്നു. വാറ് പൊട്ടിയ ചെരുപ്പ് അവൻ മരുഭൂമിയിൽ ഉപേക്ഷിച്ചുകളഞ്ഞു. മരുഭൂമി അഗ്നികുണ്ഠം കണക്കെ അവനെ പൊള്ളിച്ചു. പാദങ്ങളിൽ പൊള്ളലിന്റെ കുമിളകൾ പൊന്തി. മലഞ്ചെരുവികളിൽ അവന്റെ കാലുകൾ കല്ലിലും മുള്ളിലും തട്ടിപ്പൊട്ടി. വ്രണം ബാധിച്ച കാലുകളിൽനിന്ന് ചോരയും നീരും പുറപ്പെട്ടു.

നീരുവീർത്ത പാദങ്ങൾ വലിച്ചുകുത്തി അനനിയാദ് യേശുവിനെ തിരഞ്ഞു നടന്നു. ശാരീരികമായ ക്ഷതങ്ങൾ അവൻ അറിഞ്ഞില്ല. വിശപ്പും ദാഹവുമറിഞ്ഞില്ല. യേശുവിനെ കണ്ടെത്തുക എന്നതിലപ്പുറം അനനിയാദ് മറ്റൊന്നിനെക്കുറിച്ചും ചിന്തിച്ചില്ല.

പക്ഷേ, ഇനി എവിടെ, ഏതു ദേശത്താണ് അവനെ തിരയുക? യാത്രയ്ക്കിടയിൽ കണ്ടുമുട്ടിയ അനേകരോട് അനനിയാദ് തിരക്കി.

'നിങ്ങൾ നസ്രായനായ യേശുവിനെ കണ്ടോ?"

അവനെ കേട്ടവരിൽ ചിലർ കൈമലർത്തി. മറ്റു ചിലരാകട്ടെ പുച്ഛത്തോടെ ചിരിക്കുകയും അവനെ പരിഹസിക്കുകയും ചെയ്തു. അപൂർവ്വം ചിലർക്കാകട്ടെ യേശുവിന്റെ കണ്ടറിവും കേട്ടറിവും ഉണ്ടായിരുന്നു. പക്ഷേ, യേശു എവിടെയുണ്ടെന്ന് അവർക്ക് നിശ്ചയമുണ്ടായിരുന്നില്ലതാനും. അത് അനനിയാദിന്റെ അന്വേഷണത്തിന്റെ നാല്പതാം ദിനാന്ത്യത്തിലെ രാത്രിയായിരുന്നു.

കറുത്ത രാത്രി...

സാന്ദ്രവും വന്യവുമായ രാത്രിയുടെ ആകാശത്ത് അങ്ങിങ്ങ് ഒറ്റപ്പെട്ട നക്ഷത്രങ്ങൾ മാത്രം കണ്ണുചിമ്മി നിന്നിരുന്നു. അനനിയാദ് അപ്പോൾ ഒലിവു മലയിലായിരുന്നു. മലമുകളിൽ ഇനിയും പകൽവെയിലിന്റെ ചൂടാറാത്ത പാറപ്പുറത്ത് അനനിയാദ് തളർച്ചയോടെ കിടന്നു. ഇരുട്ടിന്റെ കാഠിന്യം അവന്റെ മേൽ വന്നു വീണു.

ഇരുട്ട് അവനെ പീഡിപ്പിച്ചു. കെദ്രോൺ താഴ്‌വരയിൽനിന്നു വീശുന്ന കാറ്റിനും ഉഷ്ണമായിരുന്നു. ഒലിവുമരങ്ങളിൽ ഉഷ്ണക്കാറ്റ് പിടിച്ചു. കെദ്രോണിനപ്പുറം ജറുസലേം നഗരം ഇരുട്ടിൽ മുങ്ങിപ്പോയിരുന്നു. അവന് വിശപ്പു തോന്നി. ദാഹം തോന്നി. നീരുകെട്ടി, വ്രണം പൊട്ടിയ പാദങ്ങൾ മുറിഞ്ഞുപോകുന്നതുപോലെ തോന്നി. അനനിയാദിന്റെ മനസ്സിൽ ആശയൊഴിഞ്ഞിരുന്നു. യേശുവിനെ കണ്ടെത്തുക അസാധ്യമാണെന്ന് അവനു തോന്നി.

"ആ നസ്രായന്റെ വഴികൾ ഏതാണ്?"

നസ്രേത്തിലെ മറിയത്തെ അനനിയാദ് ഓർമിച്ചു. യേശുവിന്റെ അമ്മയെ. യേശുവിനെ ഉദരത്തിൽ വഹിക്കയാൽ ഭാഗ്യവതിയായവൾ. യഹോവയുടെ കൃപയാൽ നിറയപ്പെട്ടവൾ... കർത്താവിന്റെ ദാസി.

അനനിയാദ് തന്റെ യാത്രയ്ക്കിടയിൽ നസ്രേത്തിലും എത്തിയിരുന്നു. യേശുവിന്റെ ഭവനത്തിൽ. അവിടെയെത്തുമ്പോൾ യേശുവിന്റെ അമ്മ വസ്ത്രങ്ങൾ തുന്നുന്ന ജോലിയിലായിരുന്നു. അവന്റെ പിതാവാകട്ടെ തച്ചന്മാരുടെ പണിശാലയിലും.

ആളനക്കം കണ്ടിട്ടെന്നവണ്ണം മറിയം കണ്ണുകൾ ഉയർത്തി. ലോകത്തിന്റെ മുഴുവൻ അലിവും കനിവും നിറഞ്ഞു കവിയുന്ന ആ കണ്ണുകൾ തന്റെമേൽ വന്നു പതിയുന്നത് അനനിയാദ് കണ്ടു. ദൈവത്തിന്റെ ഉദ്യാനത്തിൽ മഞ്ഞുവൃഷ്ടിയണിഞ്ഞ ശോശന്നപ്പൂക്കൾ മലരുന്നതുപോലെ അനനിയാദിനു തോന്നി. അനനിയാദ് മറിയത്തിന്റെ പാദങ്ങളിൽ നമിച്ചുകൊണ്ടു പറഞ്ഞു:

"നന്മനിറഞ്ഞവളേ നിനക്കു സ്വസ്തി..."

മറിയം അവനെ സ്നേഹവായ്പോടെ പിടിച്ചെഴുന്നേല്പിച്ചു. അവളുടെ കരങ്ങൾ അവന്റെ ശിരസ്സിലൂടെ ഒരായുസ്സിന്റെ സാന്ത്വനംപോലെ ഒഴുകി.

"ഞാൻ നിനക്കുവേണ്ടി എന്താണു മകനേ ചെയ്യേണ്ടത്?"



ശേഷം 14-ാം പേജിൽ




**മേയ് 2**
**ഉയിർപ്പുകാലം**
**അഞ്ചാം ഞായർ**



ഏശ 49:7 – 13
ശ്ലീഹ 9:1 – 9
ഹെബ്രാ10:19 – 25
യോഹ 21:1 – 14

ഫാ. ആന്റണി ഞള്ളമ്പുഴ CMI

# ഒരു മീൻ ചോദിച്ചാൽ ഒരു ചാകര!

**യേ**ശു അവരോടു ചോദിച്ചു: "കുഞ്ഞുങ്ങളേ, നിങ്ങളുടെയടുക്കൽ മീൻ വല്ലതുമുണ്ടോ? ഇല്ല എന്ന് അവർ ഉത്തരം പറഞ്ഞു" (യോഹ 21:5).

ഉത്ഥിതനായ ഈശോ പ്രത്യക്ഷം നൽകി ശിഷ്യന്മാരെ സമാശ്വസിപ്പിക്കുകയും തന്നെത്തന്നെ വെളിപ്പെടുത്തുകയും ചെയ്യുന്നതാണ് ഇന്നിന്റെ സുവിശേഷം. ഏഴു ശിഷ്യന്മാരുടെ മീൻപിടിത്തമാണ് വിഷയം. കടൽ തിബേരിയാസ് അഥവാ ഗലീലിയാണ്. മീൻപിടിക്കാൻ പോകുന്ന പത്രോസിനൊപ്പം അവരും വള്ളത്തിൽ പുറപ്പെട്ടു. "ആ രാത്രിയിൽ അവർക്ക് ഒന്നും കിട്ടിയില്ല" (21:3). അധ്വാനം അലസിപ്പോയ രാത്രി. കർത്താവ് കൂടെയില്ലാതെപോയ ഒരു രാത്രി! അല്ലെങ്കിൽ അവർ കർത്താവിനൊപ്പം ഇല്ലാതിരുന്ന രാത്രി!

അവനില്ലാത്ത അധ്വാനങ്ങൾ വ്യർത്ഥമാണെന്ന് അവർ പഠിച്ച രാത്രി! ഒപ്പം വരാൻ ആഗ്രഹിക്കുന്നവനെ ഒപ്പം കൂട്ടണമെന്ന് അവർ മറന്നുപോയ രാത്രി! ദൈവത്തോടൊപ്പം തങ്ങൾ ഹീറോ ആണെന്നും ദൈവമില്ലെങ്കിൽ തങ്ങൾ വെറും സീറോയാണെന്നും അവർ പഠിച്ച രാത്രി! നമ്മെ പഠിപ്പിക്കുന്ന രാത്രി. "വള്ളത്തിന്റെ വലതുവശത്തു വലയിടുക. അപ്പോൾ നിങ്ങൾക്കു കിട്ടും" (21:6).

വല വീശിവീശി അവശരായി വള്ളത്തിലിരിക്കുന്ന ശിഷ്യന്മാർ. മീൻപിടിത്തത്തിന്റെ എല്ലാ തന്ത്രങ്ങളും മന്ത്രങ്ങളും അറിയാവുന്ന മുക്കുവർ. കടലോരങ്ങളിൽ പിറന്നു വളർന്നവർ. അവർ എന്നിട്ടും ആ അപരിചിതനെ ചോദ്യം ചെയ്തില്ല. അവനോടു തർക്കിച്ചില്ല. അവൻ പറഞ്ഞത് അവർ വിശ്വസിച്ചു, അനുസരിച്ചു. അവൻ പറഞ്ഞതുപോലെ വല വീശി. വള്ളത്തിന്റെ വലതുവശത്ത്. അവർ ഒഴികഴിവുകൾ പറയാതെയാണു വല വീശിയത്. അവർ വീശി വശംകെട്ടിരിക്കുകയാണെന്നോ തങ്ങൾക്ക് ഇനി മനസ്സില്ലെന്നോ ഒന്നും. നിഷ്കളങ്കരായ അവർ അവന്റെ വാക്കിൽ വിശ്വസിച്ചു വീണ്ടും വല വീശി. ഫലം വല നിറയെ മത്സ്യം! തിരുവചനം പഠിപ്പിക്കുന്നു: "നിങ്ങൾക്കു കൈവന്നിരിക്കുന്ന ദൈവകൃപ വ്യർത്ഥമാക്കരുത്'' (2 കോറി 6:1). ചോദ്യം ചെയ്യലുകളും സന്ദേഹങ്ങളും ഒഴികഴിവുകളും അനുഗ്രഹങ്ങളെ നഷ്ടമാക്കും. കൃപ ചോർത്തിക്കളയും. വീണ്ടും വചനം പറയുന്നു: "ഇതാ, ഞാൻ വാതിലിൽ മുട്ടുന്നു. ആരെങ്കിലും എന്റെ സ്വരം കേട്ടു വാതിൽ തുറന്നുതന്നാൽ ഞാൻ അവന്റെ അടുത്തേക്കു വരും. ഞങ്ങൾ ഒരുമിച്ചു ഭക്ഷിക്കുകയും ചെയ്യും" (വെളി 3:20). മണവാട്ടിയുടെ വാതിലിൽ മുട്ടി വാതിൽ തുറന്നു തരാൻ പലവട്ടം പറയുന്ന മണവാളന്റെ ചിത്രം ഉത്തമഗീതത്തിന്റെ അഞ്ചാം അധ്യായത്തിലുണ്ട്. മണവാട്ടി ഒഴികഴിവുകൾ പറഞ്ഞ് സമയം പാഴാക്കി കതകു തുറന്നപ്പോഴേക്കും അവൻ പോയിക്കഴിഞ്ഞിരുന്നു.

മേല്പറഞ്ഞ 'വലതുവശം' വിശ്വാസത്തിന്റെ വശമത്രേ. പ്രാർത്ഥനയുടെ വശമത്രേ. വിശ്വാസത്തോടെ, പ്രാർത്ഥനയോടെ വല വീശിയാൽ വല നിറയും. വീശാം, വിശ്വാസത്തോടെ, ശരണത്തോടെ, പ്രാർത്ഥനയോടെ. അപ്പോൾ അധ്വാനം ഫലദായമാകും. ഒന്നും കിട്ടാത്ത 'ആ രാത്രി'യെ അതിജീവിക്കാൻ ഈ 'വലതുവശ'വും അവന്റെ 'വലതുകര' വും ധാരാളം മതിയാകും.



വചനം വീണ്ടും പറയുന്നു: "ഭയപ്പെടേണ്ടാ, ഞാൻ നിന്നോടുകൂടെയുണ്ട്. സംഭ്രമിക്കേണ്ടാ, ഞാനാണ് നിന്റെ ദൈവം. ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും. എന്റെ വിജയകരമായ വലതുകൈകൊണ്ട് ഞാൻ നിന്നെ താങ്ങിനിർത്തും" (ഏശ. 41:10). "കർത്താവിന്റെ വലതുകൈ മഹത്വമാർജ്ജിച്ചിരിക്കുന്നു; കർത്താവിന്റെ വലതുകൈ കരുത്തു പ്രകടമാക്കി" (സങ്കീ 118:16).

"അതിൽ നൂറ്റിയമ്പത്തിമൂന്നു മത്സ്യങ്ങളുണ്ടായിരുന്നു'' (യോഹ. 21:11).

ഒരു മീൻ ചോദിച്ചാൽ ഒരു ചാകര തരുന്ന ദൈവത്തിന്റെ മഹത്ത്വം ശിഷ്യന്മാർ അനുഭവിച്ചറിഞ്ഞ സമയം. തന്റെ ഭക്തർക്കു വാരിക്കോരി കുടഞ്ഞിട്ടു കൊടുക്കുന്ന ഒരു ദൈവം. 153 മത്സ്യങ്ങൾ എന്നത് കടലിലുള്ള 153 തരം മത്സ്യങ്ങൾ എന്ന് ഒരു വ്യാഖ്യാനം.

യഹൂദർ വിശ്വസിച്ചിരുന്നത് അത്രയും തരം മത്സ്യങ്ങളാണ് കടലിൽ ഉള്ളതെന്നാണ്. കടലിൽ ഉള്ള എല്ലാത്തരം മത്സ്യങ്ങളും പത്രോസിന്റെ വലയിലുണ്ട്. ഒന്നിനെയും ഒഴിവാക്കിയിട്ടില്ല. ദൈവത്തിന്റെ ഉദാരത, കരുണ. പത്രോസും കൂട്ടരും വീശിയ ആ വല ദൈവരാജ്യമാകുന്ന വലയെന്നാണ് ഒരു വ്യാഖ്യാനം. ആരെയും ഒഴിവാക്കാത്ത, എല്ലാവരെയും ഉൾക്കൊള്ളുന്ന ഉദാരതയുടെ, കരുണയുടെ വല. യഹൂദരുടെ നിയമഗ്രന്ഥത്തിൽ യഹോവയുടെ നാമം 153 തവണ പരാമർശിക്കുന്നുണ്ടെന്നാണ് മറ്റൊരു വ്യാഖ്യാനം. അവന്റെ നാമം വിളിച്ച് അവന്റെ നാമത്തിൽ അവന്റെ വലത്തുകരത്തിന്റെ ശക്തിയിൽ ശരണം വച്ച് വല വീശിയാൽ വല കാലിയാകില്ല. അവൻ വല നിറച്ചു തരും. കാനായിലെ കാലിയായ ഭരണികളിൽ ഭൃത്യന്മാർ ഒഴികഴിവുകൾ പറയാതെ അവനിൽ വിശ്വസിച്ച് 'വക്കോളം' വെള്ളം നിറച്ചപ്പോൾ അവൻ അത് 'വക്കോളം' വീഞ്ഞാക്കി മാറ്റി. നമ്മുടെ വിശ്വാസത്തിന്റെ ആക്കവും തൂക്കവും ഏക്കവുമനുസരിച്ചാണ് അനുഗ്രഹത്തിന്റെ സമൃദ്ധി ജീവിതത്തിലേക്കു കടന്നുവരിക.

"യേശു സ്നേഹിച്ചിരുന്ന ആ ശിഷ്യൻ പത്രോസിനോടു പറഞ്ഞു: "അതു കർത്താവാണ്" (21:7).

ഉത്ഥിതനെ അവർ കർത്താവായി തിരിച്ചറിയുന്നു. യേശു സ്നേഹിച്ചിരുന്ന ശിഷ്യനു കിട്ടിയ വലിയ ഒരു തിരിച്ചറിവ്. യേശു സ്നേഹിക്കുന്നവർക്കും യേശുവിനെ സ്നേഹിക്കുന്നവർക്കും കിട്ടുന്ന വലിയ തിരിച്ചറിവ്. 'കർത്താവ്' എന്നു കേട്ടപ്പോൾ പത്രോസ് കടലിലേക്കു ചാടി. കർത്താവിനെക്കണ്ട് കടലിനു മുകളിലൂടെയും നടന്നവനാണ് പത്രോസ്. കർത്തൃസാന്നിധ്യവും കർത്തൃവിചാരവും ഏതു കടലലകളെയും കവച്ചുവയ്ക്കാൻ ഒരുവനെ ശക്തിപ്പെടുത്തും. ഉത്ഥിതനെ കണ്ടുമുട്ടിയ തോമസ് പറഞ്ഞതും ഒന്നുതന്നെ: "എന്റെ കർത്താവേ, എന്റെ ദൈവമേ." മറിയം മഗ്ദലന ഓടിപ്പോയി പത്രോസിനോടും യോഹന്നാനോടുമായി പറഞ്ഞത് 'കർത്താവിനെ' അവർ കല്ലറയിൽനിന്നു മാറ്റിയിരിക്കുന്നു എന്നാണ്. മറിയം ശിഷ്യന്മാരോടു പോയി പറഞ്ഞതും 'ഞാൻ കർത്താവിനെ കണ്ടു' എന്നാണ്.

യേശു പറഞ്ഞു: ''വന്നു പ്രാതൽ കഴിക്കുവിൻ" (21:12).

മീൻ അന്വേഷിച്ചു വന്നവൻ ഇപ്പോഴിതാ തീക്കനലിൽ മീനും അപ്പവും ചുട്ടെടുക്കുന്നു. അവൻ അവരോട് ഇപ്പോൾ പിടിച്ച മത്സ്യത്തിൽ കുറെ കൊണ്ടുവരാനും പറയുന്നു. ഒരു അമ്മയെപ്പോലെ അവൻ അപ്പവും മത്സ്യവും അവർക്കു കൊടുത്തു. അവൻ കർത്താവാണെന്ന് അപ്പോൾ അവർ തിരിച്ചറിഞ്ഞിരുന്നു. മീൻപിടിക്കുന്ന ഒരു ദൈവം. മീനും അപ്പവും ചുട്ടെടുക്കുന്ന ഒരു ദൈവം. വള്ളത്തിൽ യാത്ര ചെയ്യുന്ന ഒരു ദൈവം. കഴുതപ്പുറത്തു സഞ്ചരിക്കുന്ന ഒരു ദൈവം. നട്ടുച്ചനേരത്ത് കിണറിന്റെ കരയിൽ കാത്തിരിക്കുന്ന ഒരു ദൈവം. കുനിഞ്ഞിരുന്നു കാലു കഴുകുന്ന ഒരു ദൈവം. കൂടെ നടക്കുന്ന ഒരു ദൈവം. അങ്ങനെ ഒരു ദൈവം സുവിശേഷത്തിന്റെ താളുകളിൽ മാത്രം. ഓരോ ദിവസവും പ്രാതൽ (പ്രഭാതഭക്ഷണം) ഒരുക്കി അവൻ ഇന്നും നമ്മെ അൾത്താരയിൽനിന്നു ക്ഷണിക്കുന്നു: "മക്കളേ, വന്നു പ്രാതൽ കഴിക്കുവിൻ. അല്ലെങ്കിൽ യാത്ര ദുഷ്കരമായിരിക്കും" (1 രാജാ. 19:7).

■

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ, യാതൊരു സഹായവും ഫലസിദ്ധിയുമില്ലാത്ത സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ.

(ഈ പ്രാർത്ഥന 9 പ്രാവശ്യം ചൊല്ലുക.)

**ഗീത**
**മുത്തോലി**

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**അന്നമ്മ ജോസഫ്**
**മീനച്ചിൽ**

# ചലനവൈകല്യപരിഹാരചികിത്സ ആയുർവേദത്തിൽ

ആരോഗ്യവീഥി





ഡോ. എസ്. ജയകുമാർ

നമ്മുടെ ചലനങ്ങളിലെ പൂർണതയും സൗകുമാര്യവുമാണ് ജൈവവൈവിധ്യങ്ങളിൽ വച്ച് മനുഷ്യനെ ഉത്തമനാക്കുന്നത്. സ്ത്രീക്കും പുരുഷനും കുട്ടികൾക്കും വ്യത്യസ്തങ്ങളായ ചലന സൗകുമാര്യതയാണുള്ളത്. പുരുഷന്റെ സ്ഥൈര്യവും സ്ത്രീകളിലെ ലാസ്യഭംഗിയാർന്ന ചലനങ്ങളും കുട്ടികളിലെ കുട്ടിത്തവും കുസൃതിയും നിറഞ്ഞ ദ്രുതചലനങ്ങളും നാം കാണുന്നുണ്ട്. ചലനങ്ങളിലെ ഭംഗിയും ദൃഢതയും കുറെയേറെ പാരമ്പര്യമായി ലഭിക്കുമെങ്കിലും അവയിലെ പോരായ്മകൾ വ്യായാമവും പരിശീലനവും പോഷകാഹാരവുംമൂലം പൂർണതയിലെത്തിക്കാവുന്നതാണ്.

ശരീരത്തിന്റെ സ്ഥായീഭാവത്തിലെ അപാകത (Posture disorder), ശരീരാവയവ വിന്യാസത്തിലെ അപാകത (Body alignment disorder), ഭാഗികചലനക്ഷമത (Partial mobility), ചലനരാഹിത്യം (Immobility), വികലചലനങ്ങൾ (Improper movements) മുതലായവയാണ് പ്രധാനപ്പെട്ട ചലനവൈകല്യങ്ങൾ. നമ്മെ ബാധിക്കുന്ന രോഗങ്ങൾ, അപകടങ്ങൾ മുതലായവ നമ്മുടെ പ്രവൃത്തിയെയും കാര്യക്ഷമതയെയും ചലനങ്ങളെയും ബാധിക്കാം.

കുട്ടിക്കാലത്തുണ്ടാകുന്ന പോളിയോ, മെനിഞ്ചൈറ്റിസ്, നട്ടെല്ലുരോഗങ്ങൾ, ചുമ, പരിക്കുകൾ, ഒടിവ് (Fracture), സന്ധിഭ്രംശം (Joint dislocation), ഉണങ്ങാത്ത വ്രണങ്ങൾ, വൃക്കരോഗം, ത്വഗ്രോഗങ്ങൾ മുതലായവയ്ക്ക് നാം ചികിത്സ തേടാറുണ്ട്. ചികിത്സയ്ക്കുശേഷവും മിക്കവർക്കും ചലനങ്ങളിലെ പൂർണത കൈവരിക്കാനാകാത്തതായും കണ്ടുവരാറുണ്ട്. ശിശുക്കളുടെ കഴുത്ത് ശരിക്ക് ഉറയ്ക്കായ്ക, കാലുകളുടെ വളവ്, മാംസശോഷണം, നാഡിശോഷണം, പ്രവർത്തന വൈകല്യം, കൃശഗാത്രത്വം, ശരീരത്തിനും മനസ്സിനും വേണ്ടവിധം വളർച്ച കൈവരിക്കായ്ക, പോഷകാഹാരക്കുറവ് എന്നിവമൂലം കാലക്രമേണ ചലനവൈകല്യങ്ങൾ കണ്ടുവരാറുണ്ട്. നമ്മുടെ ജ്ഞാനേന്ദ്രിയങ്ങളായ കണ്ണ്, മൂക്ക്, ചെവി, നാക്ക്, ത്വക്ക് എന്നിവയെ ബാധിക്കുന്ന വൈകല്യങ്ങളും അപൂർണതയും ക്രമേണ നമ്മുടെ ചലനങ്ങളെ ബാധിക്കാം.

കൗമാരക്കാരിലെ അമിതവണ്ണം അവർക്കുതന്നെ അപകർഷതയുണ്ടാക്കുന്ന രീതിയിൽ ചലനവൈകല്യങ്ങൾ സൃഷ്ടിക്കും. ഒപ്പംതന്നെ പിറ്റ്യൂറ്ററിഗ്രന്ഥി, തൈറോയ്ഡ് ഗ്രന്ഥി, ആന്തരികസ്രവങ്ങൾ എന്നിവയിലെ പ്രശ്നങ്ങൾ ചികിത്സമൂലം നിയന്ത്രണ വിധേയമാക്കാവുന്നതാണെങ്കിലും അവയെല്ലാം കാലക്രമേണ അവരുടെ ചലനസൗകുമാര്യതയെ ബാധിക്കാം. യുവാക്കളിൽ അവരുടെ അമിതാവേശം കലർന്ന ജീവിതരീതി, വാഹനാപകടങ്ങൾ, കലാപങ്ങളിലെ പരിക്കുകൾ മുതലായവ ചലനവൈകല്യങ്ങൾക്കു കാരണമാകും. വേറേ ചിലർക്ക് അപകർഷതാബോധം, ഉൾവലിവ് (Depression), മദ്യാസക്തി, പുകവലി, മയക്കുമരുന്നുകളുടെ ഉപയോഗം എന്നിവ അവരുടെ ജീവിതത്തിന്റെ താളവും ചലനവും അപകടത്തിലാക്കും.

താരതമ്യേന മധ്യവയസ്കരിൽ കണ്ടുവരുന്ന പ്രമേഹം, വെരിക്കോസ് വെയ്ൻ, വിവിധങ്ങളായ



വാതരോഗങ്ങൾ, സന്ധിവാതം, പക്ഷാഘാതം, മാംസപേശികളെ ശോഷിപ്പിക്കുന്ന രോഗങ്ങൾ, തോൾവേദന, കഴുത്തുവേദന, ഫ്രോസൺ ഷോൾഡർ, നടുവേദന, കാൽമുട്ട് വേദന, ഓസ്റ്റിയോ ആർത്രൈറ്റിസ്, ലംബാർ സ്പോൺഡൈലോസിസ്, നട്ടെല്ല് തകരാറുകൾ, ഡിസ്ക് തകരാറുകൾ എന്നിവ നമ്മുടെ സാധാരണ ചലനങ്ങളെ ബാധിക്കാം. തൃപ്തികരമായ രീതിയിൽ തൊഴിലിൽ ഏർപ്പെടാൻ കഴിയാതെ വരുകയും തന്മൂലം നമ്മുടെ ധാരാളം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുകയും വരുമാനനഷ്ടവും ചികിത്സയ്ക്കായി അമിതചെലവും ഉണ്ടാകുകയും ചെയ്യും.

വാർദ്ധക്യാവസ്ഥയിൽ നാഡീഞരമ്പുകൾ, അസ്ഥികൾ, മാംസപേശികൾ മുതലായവയുടെ ബലക്കുറവുകൊണ്ട് നമുക്ക് നിശ്ചയമായും വൈകല്യങ്ങൾ ഉണ്ടാകാം. മറവിരോഗം, പാർക്കിൻസൺസ് ഡിസീസ് മുതലായവയും ചലനവൈകല്യങ്ങൾ സൃഷ്ടിക്കുന്ന രോഗങ്ങളാണ്. എല്ലാത്തരം രോഗാവസ്ഥകളിലും മതിയായ ചികിത്സ അനിവാര്യമാണ്. അപ്രകാരം ചികിത്സയ്ക്ക് ഒപ്പമോ ശേഷമോ നിലനിൽക്കുന്ന ചലനവൈകല്യങ്ങൾ പരിഹരിക്കാൻ ആയുർവേദശാസ്ത്രത്തിൽ വിവിധങ്ങളായ ചികിത്സാമാർഗങ്ങളുണ്ട്. രോഗിതരണം ചെയ്തുവന്ന വഴി കൃത്യമായി പഠിച്ച് പരിഹാരം നിർദേശിക്കാൻ ആയുർവേദചികിത്സകൊണ്ടു കഴിയും. അനേകം ഔഷധമൂലികൾ ചേർത്തു തയ്യാറാക്കിയ വീര്യവത്തായ തൈലങ്ങൾ ഉപയോഗിച്ചുള്ള അഭ്യംഗം, മർമക്കിഴി, ഇലക്കിഴി, നവരക്കിഴി, ആവിക്കിഴി, മുട്ടക്കിഴി, മാംസക്കിഴി മുതലായവ നമ്മുടെ പ്രവർത്തനശേഷി കുറഞ്ഞ മാംസപേശികളെയും ഞരമ്പുകളെയും ഉത്തേജിപ്പിച്ച് രക്തചംക്രമണം വർദ്ധിപ്പിച്ച് രോഗികൾക്കു നവോന്മേഷവും നവജീവനും പ്രദാനം ചെയ്യാൻകഴിയും. സ്നേഹധാര (പിഴിച്ചിൽ), കഷായധാര, നസ്യം, സ്നേഹവസ്തി, കഷായവസ്തി, കടീവസ്തി, ഗ്രീവാവസ്തി, ജാനുവസ്തി മുതലായ ചികിത്സക്രിയാക്രമങ്ങൾ ചലനവൈകല്യമുള്ള രോഗികളെ ജീവിതത്തിന്റെ മുഖ്യധാരയിലേക്കെത്തിക്കാൻ സഹായിക്കും. ഷാഷ്ഠികതൈലം, രസതൈലം, ധാന്വന്തരംതൈലം, മുറിവെണ്ണ, മഹാമാഷതൈലം മുതലായ വീര്യവത്തായ ഔഷധങ്ങളുടെ അതിസൂക്ഷ്മമായ ഉപയോഗം രോഗികൾക്കു കാര്യമായ ആശ്വാസം പ്രദാനംചെയ്യും. സേമ്യതൈലങ്ങളായ ഗന്ധതൈലം, മഹാരാജപ്രസാരണിതൈലം, വിവിധ രസായനങ്ങൾ, ഘൃതങ്ങൾ എന്നിവയുടെ നിഷ്കർഷയോടെയുള്ള ഉപയോഗം രോഗശമനത്തിന് ഉത്തമമാണ്. ആയുർവേദമർമചികിത്സയിൽ പ്രതിപാദിച്ചിരിക്കുന്ന ഇരുപതുതരം ബന്ധനങ്ങളുടെ (Bandages) ആധുനിക രൂപകല്പന ഇന്ന് ലഭ്യമാണ് (Muscular skeletal wraps, bandages and aids).

ചലനശേഷി പൂർണമായി വീണ്ടെടുക്കുക അല്ലെങ്കിൽ രോഗതീവ്രത പരമാവധി കുറയ്ക്കുക, അനുയോജ്യമായ തൊഴിലിൽ വ്യാപൃതരാകാൻ സഹായിക്കുക (Rehabilitation), തൊഴിൽദിനനഷ്ടം പരമാവധി കുറയ്ക്കുക, വൈകല്യത്തിന്റെ തോതു കുറയ്ക്കുക എന്നിവയാണ് ചലനവൈകല്യചികിത്സയുടെ പ്രധാന ലക്ഷ്യം. ഒപ്പം, നമ്മുടെ ചലനങ്ങൾ സാധ്യമാക്കുന്ന mobility aids, mobility vehicles എന്നിവയുടെ ഉപയോഗത്തിനായി ശരീരത്തെ പ്രാപ്തമാക്കാനും ഉപയോഗിക്കുന്നു. സ്പോർട്സ് താരങ്ങൾക്കുണ്ടാകുന്ന പരിക്കുകൾ, കായികശേഷി അപര്യാപ്തത എന്നിവയും ഈ ഗണത്തിൽ പെടുത്താവുന്നതാണ്. ഈ രംഗത്തു പ്രവർത്തിക്കുന്ന പരിചയസമ്പന്നരായ വിദഗ്ധചികിത്സകരും, കർമോന്മുഖരും പരിചയസമ്പന്നരും ഊർജസ്വലരുമായ തെറാപ്പിസ്റ്റുകൾ അടങ്ങിയ ഗ്രൂപ്പിന് രോഗികൾക്ക് വിദഗ്ധ ആയുർവേദ ചികിത്സാപരിചരണത്തിലൂടെ രോഗികൾക്ക് ആശ്വാസം പകരാൻ കഴിയും.

*ലേഖകൻ മാർ സ്ലീവാ മെഡിസിറ്റിയിൽ ആയുർവേദ വിഭാഗം സീനിയർ കൺസൾട്ടന്റാണ്*

## കേരളത്തിലെ കാട്ടുമൃഗങ്ങൾ

മാത്യൂസ് ആർപ്പൂക്കര

# കേഴമാൻ



തെക്കുകിഴക്കൻ ഏഷ്യൻരാജ്യങ്ങളിൽ കാണപ്പെടുന്ന ഒരിനം മാനാണ് കേഴമാൻ. ഇന്ത്യയിൽ ജമ്മുകാഷ്മീർ ഒഴികെ മിക്ക സംസ്ഥാനങ്ങളിലും കേഴമാനിനെ കാണാം.

കേഴമാനുകൾക്ക് തവിട്ടു നിറമാണ്. ഉയരം 50–75 സെ. മീ. വരും. ഭാരം പരമാവധി 22 കി.ഗ്രാം. ചെറു കൊമ്പുകളാണ്. ഒരടിയോളം നീളം. ആൺമാനുകൾക്ക് ശിഖരങ്ങളുള്ള കൊമ്പു കാണപ്പെടുന്നു. അകം വെള്ളനിറമാർന്ന ചെവികൾ. ശരീരത്തിന്റെ അടിവശവും വെള്ള നിറംതന്നെ. ആൺമാനിന്റെ കോമ്പല്ലുകൾ ചെറുതേറ്റകളായി രൂപപ്പെട്ടിരിക്കുന്നു. ശത്രുക്കളിൽനിന്നു രക്ഷപ്പെടാൻ ഉപകരിക്കുന്നു.

മലഞ്ചെരുവുകളിലെ പുൽമേടുകളാണ് കേഴമാനുകൾക്കു പ്രിയം. ഓടാനും ചാടാനും അസാമാന്യകഴിവാണുള്ളത്. ശത്രുശല്യമുണ്ടായാൽ പുതിയ മേച്ചിൽപ്പുറം തേടാനും സമർത്ഥരാണ്. പുല്ലും കായും പഴങ്ങളും ഇലകളും ചില മരങ്ങളുടെ തൊലിയുമൊക്കെ ഇവ ആഹാരമാക്കുന്നു.

കേഴമാനുകൾ നായ്ക്കൾ കുരയ്ക്കുംപോലെ പ്രത്യേകതരം ശബ്ദമുണ്ടാക്കാറുണ്ട്. അപകടസൂചകമായിട്ടാണിങ്ങനെ ശബ്ദം പുറപ്പെടുവിക്കുന്നത്. വളരെ ഉച്ചത്തിൽ കേൾക്കുമ്പോൾ നായ്ക്കളുടെ കുരയായേ തോന്നൂ. അതുകൊണ്ടാകണം ഈ മാനുകൾക്കു കേഴമാൻ എന്നു പേരുണ്ടായത്. ഇംഗ്ലീഷിൽ ഇതിനെ ബാർക്കിങ് ഡീർ (കുരയ്ക്കുന്ന മാൻ) എന്നു വിളിക്കുന്നതും അക്കാരണത്താലാവും. മറ്റു മാനുകളിൽനിന്നു വ്യത്യസ്തമായി കേഴമാനിനുള്ള ഒരു സ്വഭാവവിശേഷം ഇവ അപൂർവമായേ കൂട്ടമായി സഞ്ചരിക്കാറുള്ളൂ എന്നതു തന്നെ. ശാസ്ത്രീയനാമം: Muntiacus muntjak. കേഴമാനിന് കേളിയാട് എന്നൊരു വിളിപ്പേരുകൂടിയുണ്ട്.

# ആകാശത്തിൽ വലയെറിയുന്നവർ

2
പ്രകൃതിക്കൊരു പുനർവായന



മാത്യു എം. കുര്യാക്കോസ്

മനുഷ്യർ സാധാരണ വലയെറിയുന്നത് വെള്ളത്തിലാണ്. എന്നാൽ, ഇപ്പോൾ പരിസരം നിരീക്ഷിച്ചാൽ ചില മരങ്ങൾ ആകമാനം വലയ്ക്കുള്ളിൽ പൊതിഞ്ഞു നില്ക്കുന്നതു കാണാം. പ്രത്യേകിച്ച് റമ്പൂട്ടാൻ, പുലോസാൻപോലുള്ള മരങ്ങൾ. ആകാശത്തിലേക്ക് ഇത്തരം വലകൾ എറിയുന്നതാരാണ്? സ്വാദിഷ്ഠമായ പഴങ്ങൾ, പക്ഷികൾ കൊത്തിത്തിന്നാതിരിക്കാൻ നാമെടുക്കുന്ന മുൻകരുതലാണത്. ഭൂമിയെ നാമല്ല കൈവശം വച്ചിരിക്കുന്നതെങ്കിൽ ഈ ഭൂമി നല്കുന്ന വിഭവങ്ങളും പങ്കുവയ്ക്കപ്പെടേണ്ടതല്ലേ? പരിമിതപ്പെടുത്തിപ്പറഞ്ഞാൽ, പരാഗണം നടത്തി പഴങ്ങളുണ്ടാകാൻ സഹായിക്കുന്ന ഷട്പദങ്ങൾക്കും പക്ഷികൾക്കുമെങ്കിലും ഇവയിലൊരവകാശമില്ലേ? ഒരു ശിഖരമെങ്കിലുമൊഴിവാക്കി വല തീർത്തിരുന്നുവെങ്കിൽ...

നഴ്സറിയിൽനിന്ന് ഞാൻ ഒരു റമ്പൂട്ടാൻതൈ വാങ്ങി വച്ചു. കൃത്യം നാലുവർഷം കഴിഞ്ഞപ്പോൾ കായ് ഇട്ടു. പീതനിറത്തിൽ മുഴുത്ത റമ്പുട്ടാൻപഴങ്ങൾ കുലകളായങ്ങനെ... നല്ല സ്വാദുള്ള പഴങ്ങൾ. വീടിനുമുന്നിലൂടെയുള്ള റോഡിൽക്കൂടി പോകുന്ന ആൾക്കാർക്ക് ഇതൊരാകർഷണമാണ്, അമ്മമാരുടെ കൈപിടിച്ചു പോകുന്ന കുട്ടികൾക്ക് പ്രത്യേകിച്ചും. ഒരിക്കൽ തൊടിയിൽ നിൽക്കുമ്പോൾ കേൾക്കാം; ഒരു കുട്ടി അമ്മയുടെ കൈവലിച്ചു നിർബന്ധബുദ്ധിയോടെ പറയുന്നു, എനിക്കാപ്പഴം വേണം. ആവർത്തിച്ചു വാശിയോടെയുള്ള കുട്ടിയുടെ നിലവിളി കേട്ടെത്തുമ്പോൾ, അമ്മ കുഞ്ഞിനെ വഴക്കു പറയുകയാണ്. ''മിണ്ടാതിരുന്നോണം, അതൊരു സാറിന്റെയാ, ഓടിക്കും.'' ഉള്ളിൽ ചെറുചിരിയോടെ ഞാൻ പറഞ്ഞു: ''കുട്ടിയെ വഴക്കു പറയണ്ട. തോട്ടിയുമായെത്തി പഴങ്ങൾ പറിച്ചു നൽകാം.'' കുട്ടിക്കു സന്തോഷമായി. അമ്മയ്ക്ക് ജാള്യവും. അഞ്ചാറു പഴക്കുലകൾ അടർത്തി അവന്റെ കൈനിറയെ വച്ചു കൊടുത്തപ്പോൾ കുട്ടിയുടെ കണ്ണുകളിൽ വിരിഞ്ഞ വിസ്മയം... കണ്ട പ്രകാശം... ജീവിതത്തിൽ എത്ര രൂപ കൊടുത്താലും കിട്ടാത്ത പ്രതിഫലം. എത്ര ലക്ഷം രൂപ കിട്ടിയാലും ലഭിക്കാത്ത സംതൃപ്തി, അവന്റെ പ്രകാശവും സന്തോഷവുമുള്ള മുഖം എനിക്കു സമ്മാനിച്ചു. എത്ര വിലകൊടുത്താലും ലഭിക്കാത്ത ഇത്തരം എത്രയോ സന്തോഷങ്ങളാണ് നമ്മുടെ സ്വാർത്ഥതയുടെ വലയ്ക്കുള്ളിൽ നാമറിയാതെ കുരുങ്ങിക്കിടക്കുന്നത്.

വിത്തു നട്ട മനുഷ്യൻമുതൽ അതു വളർത്തി തൈയാക്കിത്തന്നവർ, ജലവും വായുവും സൂര്യപ്രകാശവുമേകി വളർത്തിയ ശക്തി, പരാഗണം നടത്തി കായാക്കി മാറ്റിയ ശലഭങ്ങൾ, ആക്രമിക്കപ്പെടാതെ കാത്തുസൂക്ഷിച്ച ഉറുമ്പുകൾ തുടങ്ങി എത്രയോ പേരുടെ അധ്വാനം, നന്മ, പ്രാർത്ഥന ഇതിനു പിന്നിലുണ്ടെന്നു ചിന്തിക്കുമ്പോൾ മാത്രമാണ് അവയ്ക്കൊക്കെ നേരേ നോക്കി കൈകൂപ്പാനും അവയെ ആദരിക്കാനും ഇതൊക്കെ മറ്റുള്ളവരുമായി പങ്കുവയ്ക്കാനും നമുക്കാകുന്നത്.

കവി സച്ചിദാനന്ദൻ പറഞ്ഞുവയ്ക്കുന്നു: മനുഷ്യനെന്നുള്ള തന്റെ അവസാന അഹന്തയും പൊഴിച്ചുകളയാതെ ചുറ്റുമുള്ളതിനെ സ്നേഹിക്കാനോ ബഹുമാനിക്കാനോ മനുഷ്യനു കഴിയില്ല. അമേരിക്കൻ ഫോറസ്റ്റർ ആയിരുന്ന ആൽഡോ ലിയോപോൾഡിന്റെ പ്രശസ്തമായ 'എ സാന്റ് കൗണ്ടി അൽമെനക്' എന്ന പുസ്തകം വായിക്കാം. അപ്പോൾ മനുഷ്യനും ഭൂമിയും തമ്മിലുള്ള പാരസ്പര്യത്തിന്റെ പൊരുളെന്തെന്ന് നമുക്കു കൂടുതൽ മനസ്സിലാകും.

(തുടരും)

ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ



# അനുഗൃഹീതൻ




2021 ഏപ്രിൽ 1 ന് റിലീസ് ചെയ്ത സിനിമയാണ് 'അനുഗ്രഹീതൻ ആന്റണി'. പ്രിൻസ് ജോയിയും ദീപു മാത്യുവും ചേർന്നു സംവിധാനം ചെയ്ത ചലച്ചിത്രമാണത്. സണ്ണിവെയ്നും ഗൗരി ജി. കൃഷ്ണനും കേന്ദ്രകഥാപാത്രങ്ങളെ അവതരിപ്പിച്ചു. ചലച്ചിത്ര നാമം അനുഗൃഹീതൻ ആന്റണി എന്നായിരുന്നു ശരിയായി എഴുതേണ്ടിയിരുന്നത്. 'അനുഗ്രഹീതൻ ആന്റണി' എന്നെഴുതിയ അസാംഗത്യത്തിനുനേരേയാണ് ഈ കുറിപ്പ്.

അനുഗ്രഹം - അനുഗൃഹീതം ഇവ തമ്മിലുള്ള രൂപപരവും ആർത്ഥികവുമായ വ്യത്യാസം പരിശോധിക്കാം. അനുഗ്രഹം (അനു+ഗ്രഹം) ഒരു നാമശബ്ദമാണ്. ദേവതയോ ഗുരുജനമോ ഉത്കൃഷ്ടവ്യക്തിയോ നൽകുന്ന വരം അല്ലെങ്കിൽ ശുഭാശംസയാണ് അനുഗ്രഹം. പ്രസാദം, ഉപകാരം, കാരുണ്യം, കനിവ്, ദയാപൂർവ്വമായ സഹായം തുടങ്ങിയ വിവക്ഷിതങ്ങളും അനുഗ്രഹം എന്ന പദത്തിനുണ്ട്. അനുഗ്രഹിക്കുക എന്ന സകർമ്മകക്രിയാരൂപത്തെ പെട് ചേർത്ത് അനുപ്രയോഗിച്ചാൽ കർമ്മണിപ്രയോഗമാകും. അപ്പോൾ അനുഗ്രഹിക്കപ്പെട്ട (അനുഗ്രഹം സിദ്ധിച്ച) എന്നർത്ഥം വരുന്ന അനുഗൃഹീത എന്ന വിശേഷണം നിഷ്പന്നമാകുന്നു. സകർമ്മക ധാതുവിനോട് കർമ്മനിഷ്ഠാപ്രത്യയം (ഗ്രഹ്) ചേർക്കുമ്പോഴാണ് കർമ്മണിയുടെ അർത്ഥം ലഭിക്കുന്നത്. അപ്പോൾ ഗ്രഹ് ധാതു ഗൃഹീത എന്നാകും (ഗ് + ര = ഗ്ര; ഗ് + ഋ = ഗൃ). ഇത്തരം മാറ്റത്തിന് സംപ്രസാരണം എന്നാണ് സംസ്കൃതവൈയാകരണന്മാർ നാമകരണം ചെയ്തിരിക്കുന്നത്. *ഈ വികാരത്തെ ഇങ്ങനെ രേഖപ്പെടുത്താം: ഗ്രഹ്→ഗൃഹീത, അനുഗ്രഹ്→അനുഗൃഹീത. അനുഗൃഹീ ശബ്ദത്തോട് തൻ, ത, തം എന്നീ പ്രത്യയങ്ങൾ ചേർത്താൽ ലിംഗരൂപങ്ങൾ കിട്ടും. അനുഗൃഹീതൻ (അനുഗ്രഹിക്കപ്പെട്ടവൻ), അനുഗൃഹീത (അനുഗ്രഹിക്കപ്പെട്ടവൾ), അനുഗൃഹീതം (അനുഗ്രഹിക്കപ്പെട്ടത്) എന്നിങ്ങനെ രൂപവും പൊരുളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

സിനിമയ്ക്ക് പേരിടുന്നവർക്ക് ഭാഷാപാണ്ഡിത്യം വേണമെന്ന് നിർബന്ധം പിടിക്കാനാവില്ല. എന്നാൽ ഭാഷാപരിചയം പാടില്ല എന്നു വരരുതല്ലോ. ഭാഷാപരമായ അറിവില്ലെങ്കിൽ അതുള്ള ആരോടെങ്കിലും ചോദിച്ചു മനസ്സിലാക്കാനുള്ള വകതിരിവെങ്കിലും കാട്ടേണ്ടതല്ലേ? 'അനുഗ്രഹീതൻ ആന്റണി' എന്ന സ്ഖലിത ശീർഷകം അനേകം ആളുകളുടെ മനസ്സിൽ ഉറച്ചുപോകുന്നു എന്നിടത്താണ് ഇത് ഗുരുതരമായ ഭാഷാപ്രശ്നമായി മാറുന്നത്.

*ജോൺ കുന്നപ്പള്ളി, ഫാ., പ്രക്രിയാഭാഷ്യം, ഡി. സി. ബുക്സ്, കോട്ടയം, 1972, പുറം - 475.

# പതിനാലാമെടം

11-ാം പേജ് തുടർച്ച

"എനിക്ക് അവിടുത്തെ പുത്രനെ കാണണം. വചനം മാംസമായവനെ."

ഒരു നിമിഷം. അവളുടെ കണ്ണുകളിൽ ഒരു നക്ഷത്രമയൂഖം ചിന്നുന്നതും മെല്ലെമെല്ലെ ഇമകളടയുന്നതും കണ്ടു. അവൾ പറഞ്ഞു.

''അവൻ അവനെ അയച്ചവന്റെ വഴിയേ പോയിരിക്കുന്നു. നീ അന്വേഷിക്കുക. കണ്ടെത്തും."

അനനിയാദ് മറിയത്തിന്റെ അനുഗ്രഹം വാങ്ങി തിരിഞ്ഞു നടന്നു. ഇനി എവിടെയാണ് അവനെ തിരയുക? അവനെ അയച്ചവന്റെ വഴികൾ ഏതാണ്?

ഇരുട്ട് കാണക്കാണെ കനക്കുകയാണെന്ന് അനനിയാദിനു തോന്നി. ഇരുട്ടിൽ ആകാശച്ചെരുവിൽ ഒറ്റപ്പെട്ട ചില നക്ഷത്രങ്ങളല്ലാതെ ഒന്നും കാണായില്ല.

ഇത് രാത്രിയുടെ എത്രാം യാമമാണ്? ഇനി ഉദയത്തിലേക്ക് എത്ര ദൂരമുണ്ട്...?

അനനിയാദിന് നിശ്ചയമുണ്ടായിരുന്നില്ല. അവനിൽനിന്ന് എല്ലാം ഇരുൾമറവുകളിലേക്കു മറഞ്ഞുപോയിരുന്നു. ഒന്നൊഴികെ ഒന്നുമാത്രം അവനിൽ ഒരു കെടാക്കനലായി നിന്നു. നസ്രായനായ യേശു...

"പക്ഷേ, അവൻ എവിടെയാണ്...?"

ഇരുളിൽ അനനിയാദിനു മുകളിലൂടെ ഒരു ചിറകടി അകന്നുപോയി. അവൻ ഭയപ്പെട്ടു. മലമുകളിലെ ഏകാന്തത അവനെ പേടിപ്പിച്ചു. അവൻ കണ്ണുകൾ ഇറുകെപ്പൂട്ടി പാറപ്പുറത്ത് ഒരട്ടയെപ്പോലെ ചുരുണ്ടുകൂടി. അവന് ഹൃദയത്തിൽ വന്യമായ വ്യസനം അനുഭവപ്പെട്ടു. "തന്റെ വഴികളത്രയും പിഴച്ചുവോ? അർത്ഥരഹിതവും വിവേകശൂന്യവുമായ ഒരന്വേഷണത്തിലാണോ താൻ ഏർപ്പെട്ടിരിക്കുന്നത്? തനിക്ക് യേശുവിനെ കണ്ടെത്താനാകുമോ?"

അനനിയാദിന്റെ മനസ്സിൽ ആശങ്കകളുടെ ഒരു മരുഭൂമി ചുട്ടുതപിക്കാൻ തുടങ്ങി. എന്തെന്നില്ലാത്ത ഒരു നിരാശയും ഒരു അശുഭാപ്തിവിശ്വാസവും അവനെ ഗ്രസിച്ചുകളഞ്ഞു.

ഈ അന്വേഷണം അവസാനിപ്പിച്ച് ഹെർമോണിലേക്കു മടങ്ങിപ്പോയാലോ എന്ന് അനനിയാദ് ചിന്തിച്ചു. അവിടെ തന്റെ പിതാവിന്റെ പക്കൽ ചെന്ന് തനിക്കു തെറ്റുപറ്റിയെന്ന് ഏറ്റുപറയാം. ഒരുപക്ഷേ, പിതാവ് തന്റെ തിരിച്ചുവരവിൽ സന്തോഷിക്കുകയും കൊഴുത്ത കാളക്കുട്ടിയെ അറുത്ത് സദ്യയൊരുക്കി എല്ലാവർക്കും വിരുന്നു നല്കിക്കൊണ്ട് ആഘോഷിക്കുകയും ചെയ്തേക്കാം.

അല്ലെങ്കിൽ, ഒരൊളിച്ചോട്ടത്തിന്റെ പേരിൽ ശിക്ഷിക്കുകയും കഠിനമായ ജോലികളേല്പിച്ചു ഭൃത്യന്മാരോടൊപ്പം വീണ്ടും കൃഷിയിടങ്ങളിലേക്ക് അയയ്ക്കുകയും ചെയ്തേക്കാം.

പെട്ടെന്നായിരുന്നു അനനിയാദിന്റെ മനസ്സ് മഗ്ദലേനയിലേക്കു ചെന്നത്. ഒരു ലാവണ്യസ്വപ്നത്തിന്റെ സൗഭഗംപോലെ, ആകാശമേഘങ്ങളിൽനിന്ന് പറന്നിറങ്ങുന്ന വെള്ളിച്ചിറകുള്ള ഒരു മീവൽപ്പക്ഷിയെപ്പോലെ അവന്റെ മനോമുകുരത്തിൽ മേരിയുടെ ചിരിക്കുന്ന മുഖം തെളിഞ്ഞു. മേരിയെക്കുറിച്ചുള്ള ഓർമകളിൽ അനനിയാദ് തരളിതനായി. താഴെ കെദ്രോൺ കടന്നുവരുന്ന രാക്കാറ്റിന് ഇപ്പോൾ പനിനീർപ്പൂക്കളുടെ സൗരഭ്യമാണ്... മഞ്ഞ് ഇറുന്നുതുടങ്ങിയിരുന്നു.... ഹിമകണങ്ങൾക്ക് മീറയുടെ സ്നിഗ്ധത. ഒലിവുമരങ്ങളും മഞ്ഞു പെയ്യുകയായിരുന്നു. ദൂരെയെവിടെയോ ഒരപരിചിതൻ കിന്നരം വായിക്കുന്നു.

അനനിയാദിന്റെ ഹൃദയത്തിൽ അസുലഭമായ ഒരാനന്ദത്തിന്റെ അപൂർവമുകുളങ്ങൾ വിരിയുന്നു.

താഴ്വരയിൽനിന്നുള്ള കാറ്റിനു കരുത്തേറി. ഒലിവു ചില്ലകളിൽ കാറ്റുപിടിച്ചു. ഒരു മഴയ്ക്കുള്ള ഭാവമാണോ?

അനനിയാദ് കണ്ണുതുറന്നു ചുറ്റും നോക്കി. ഇരുട്ട് കട്ടിയേറിയ ഒരു നിശാവസ്ത്രംപോലെ പ്രപഞ്ചത്തെ മൂടിക്കിടക്കുന്നു. ആകാശച്ചെരുവിലെ നക്ഷത്രങ്ങളും മറഞ്ഞിരിക്കുന്നു. തലയ്ക്കുമുകളിൽ ഏതോ പക്ഷിയുടെ ചിറകുതാളം. അനനിയാദിൽനിന്ന് ഭയം കൂടൊഴിഞ്ഞുപോയിരുന്നു. അവന്റെ ഹൃദയത്തിൽ ഒരു പ്രകാശരേണു മിന്നി.

മേരി...

ഭ്രാന്തമായ ഒരാവേശം അവളോടു തോന്നിത്തുടങ്ങുന്നത് അനനിയാദ് അനുഭവിച്ചു. പൊടുന്നനെ നിലാവ് പൊട്ടി. നിലാവിലൂടെ, ആകാശവിതാനത്തുനിന്ന് സ്വർണക്കുതിരകളെ പൂട്ടിയ ഒരു രഥം ഭൂമിയിലേക്കിറങ്ങിവന്നു. അതിൽ വെൺകുപ്പായമണിഞ്ഞു പൂർണചന്ദ്രപ്രഭയോടെ മേരി. മേരി അവനു മുകളിലേക്കു കൈക്കുടന്നയിൽ എന്തോ വാരി വിതറി. അനനിയാദ് ഞെട്ടിപ്പോയി.

''തന്റെ ശരീരത്തു വന്നു വീണത് എന്താണ്? പൂക്കളോ? അതോ മഞ്ഞിൻകണങ്ങളോ...?"

ഇല്ല. ഒന്നുമില്ല. ആകാശത്ത് നിലാവ് പൊട്ടിയിരുന്നില്ല. സ്വർണക്കുതിരകളെ പൂട്ടിയ രഥമില്ല. പൂർണചന്ദ്രപ്രഭയോടെ മേരിയില്ല. ഇരുട്ടുമാത്രം. എങ്ങും കനത്ത ആവരണംപോലെ ഇരുട്ടുമാത്രം.

എല്ലാം തന്റെ തോന്നലുകളാണെന്ന് അനനിയാദിനു മനസ്സിലായി. ചുഴിയിൽപ്പെട്ട പൊങ്ങുതടിപോലെ അവന്റെ മനസ്സ് വട്ടം കറങ്ങി. അവനുറച്ചു. നാളത്തെ പ്രഭാതം മഗ്ദലേനയിലേക്കുള്ള മടക്കയാത്രയുടേതാണ്.

അനനിയാദ് പാറപ്പുറത്ത് എഴുന്നേറ്റിരുന്നു. വല്ലാത്തൊരാത്മഹർഷത്തോടെ കുഴലൂതാൻ തുടങ്ങി.

അവന്റെ കുഴൽപ്പാട്ട് ഇരുളിനുമീതെ മഗ്ദലേന ലക്ഷ്യമാക്കി കാറ്റെടുത്തു.

(തുടരും)

# വിശുദ്ധ അൽഫോൻസാ കുഞ്ഞനുജത്തിമാരെ ക്ഷണിക്കുന്നു

## ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്ന്യാസിനീസമൂഹം അൽഫോൻസാ പ്രൊവിൻസ്, പാലാ



വിശുദ്ധ അൽഫോൻസാ
(1910 – 1946)

വിശുദ്ധ ഫ്രാൻസീസിന്റെയും വിശുദ്ധ ക്ലാരയുടെയും മാർഗത്തിൽ ചരിച്ച് വിശുദ്ധപദവിയിലെത്തിയ വിശുദ്ധ അൽഫോൻസാമ്മയെ അനുകരിച്ച് വിശുദ്ധിയിലേക്കു വളരാൻ തീവ്രമായി ആഗ്രഹിക്കുന്ന എസ്.എസ്.എൽ.സിയോ, +2 വോ ഉപരിപഠനമോ ഉള്ള കുഞ്ഞനുജത്തിമാർക്കു സ്വാഗതം.

ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്ന്യാസിനീസമൂഹത്തിൽ ചേർന്ന് ഇടവകസേവനം, സുവിശേഷപ്രഘോഷണം, ആതുരശുശ്രൂഷ, വിദ്യാഭ്യാസം, സാമൂഹികക്ഷേമപ്രവർത്തനം, സാധുജനസംരക്ഷണം എന്നീ രംഗങ്ങളിലും കേരളത്തിനു വെളിയിൽ ശാന്തസുന്ദരമായ മേഘാലയമിഷനിലും വിദേശമിഷനായ ഇറ്റലി, ജർമ്മനി എന്നിവിടങ്ങളിലും ദൈവരാജ്യവിസ്തൃതിക്കായി പ്രയത്നിക്കുവാൻ ഈശോ നിങ്ങളെ ക്ഷണിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക

**VOCATION PROMOTER,**
**F.C.C. Alphonsa Province, Pala.**
**San Damiano, Puliyannoor P.O., Kottayam Dt., Kerala,**
**Pin 686 573, Ph: 04822-206019, 206552**

# ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ

## അൽഫോൻസാ ജ്യോതി പ്രൊവിൻസ് ഭരണങ്ങാനം

"ദൈവമേ, എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഒരു ഉപകരണമാക്കി മാറ്റണമേ..." ഫ്രാൻസിസ്കൻ ക്ലാരസഭയുടെ ഭരണങ്ങാനം അൽഫോൻസാ ജ്യോതി പ്രൊവിൻസിലേക്കു സ്വാഗതം!









സ്നേഹമുള്ള സഹോദരീ, അസ്സീസിയിലെ വി. ഫ്രാൻസീസിന്റെയും വി. ക്ലാരയുടെയും ചൈതന്യം ഉൾക്കൊണ്ട് വിദ്യാഭ്യാസം, ആതുരശുശ്രൂഷ, സാധുജനസേവനം എന്നീ പ്രവർത്തനങ്ങളിലൂടെ വി. അൽഫോൻസാമ്മയുടെ പാത പിന്തുടരുവാൻ, ഈശോയെ അനുഗമിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ? SSLC യോ ഉപരിവിദ്യാഭ്യാസമോ പൂർത്തിയാക്കിയ കുഞ്ഞനുജത്തിമാർ ബന്ധപ്പെടുക.

**Vocation Promoter, F.C. Provincial House**
**Aruvithura, Aruvithura P.O., Kottayam (Dt)**
**686122, Ph: 8281664214, 04822-273417**

# രക്ഷയുടെ ചെറിയ പ്രേഷിതർ

## (Little Apostles of Redemption-L.A.R.)

### നിങ്ങളെ സ്വാഗതം ചെയ്യുന്നു



ദൈവദാസൻ
ഫാ. അർത്തൂറോ ദൊണോഫ്രിയോ
(ഇറ്റലി)
(സഭാസ്ഥാപകൻ)
(1914–2006)

*"ഈ ചെറിയവരിൽ ഒരുവനു നിങ്ങൾ ചെയ്തപ്പോഴെല്ലാം എനിക്കു തന്നെയാണു ചെയ്തത്" (മത്താ. 25:40)*

**നേടാനുള്ള പടയോട്ടങ്ങൾക്കിടയിൽ എല്ലാം നഷ്ടപ്പെടുത്തുവാൻ...!**
**ലോകത്തിന്റെ ബഹുമതിയെക്കാൾ അതിന്റെ നിന്ദനങ്ങൾ ഇഷ്ടപ്പെടുവാൻ...!!**
**ഉള്ളിൽ പകർന്നു നൽകിയ ഉണ്മയെ കൂടുതൽ തിളക്കമേറ്റി തിരിച്ചുനൽകാൻ...!!!**

സമർപ്പിതസേവനത്തിലൂടെ ക്രിസ്തുവിന്റെ മിഷനറിയായി കുഞ്ഞുങ്ങൾക്കും വൃദ്ധമാതാപിതാക്കൾക്കും ആരോരുമില്ലാത്തവർക്കും അംഗവൈകല്യമുള്ളവർക്കും കുരിശിൽ പൂർത്തിയാക്കപ്പെട്ട സ്നേഹം പകർന്നുകൊടുക്കുവാൻ താത്പര്യമുള്ള കുഞ്ഞനുജത്തിമാരെ **രക്ഷയുടെ ചെറിയ പ്രേഷിതർ (L.A.R)** എന്ന സന്ന്യാസിനീസമൂഹം സ്വാഗതം ചെയ്യുന്നു.

1947ൽ ഫാ. അർത്തൂറോ ദൊണോഫ്രിയോ ഇറ്റലിയിൽ സ്ഥാപിച്ച ഈ സന്ന്യാസിനീസമൂഹം ഇപ്പോൾ ഇറ്റലി, കൊളമ്പിയ, സാൽവദോർ, ഗ്വാട്ടിമാല, ഇന്ത്യ, മെക്സിക്കോ, ഈസ്റ്റ് തിമോർ, മഡഗാസ്കർ എന്നിവിടങ്ങളിൽ പ്രേഷിതപ്രവർത്തനം നടത്തിവരുന്നു. ഇന്ത്യയിൽ കേരളത്തിൽ പാലാ രൂപതയിൽ മണ്ണയ്ക്കനാട്ടും പാലായിൽ കിഴതടിയൂരും, വാക്കാട് ഇടവകയിലും ഇടുക്കി ജില്ലയിൽ വാഴത്തോപ്പ് ഇടവകയിലും (04862-235428) സമൂഹത്തിന്റെ ശാഖാഭവനങ്ങൾ പ്രവർത്തിക്കുന്നു. ദൈവത്തിനും ദൈവജനത്തിനും വേണ്ടി വിവിധ പ്രവർത്തനങ്ങളിലൂടെ പ്രതിഷ്ഠിതസേവനം അനുഷ്ഠിക്കുവാൻ ആഗ്രഹിക്കുന്ന കുഞ്ഞനുജത്തിമാർ **ഉടൻ ഞങ്ങൾക്കെഴുതുക**

| | |
|---|---|
| **Vocation Promoter**<br>**L.A.R. Convent**<br>**Mannackanad P.O.**<br>**Kuravilangad - 686633**<br>**Phone: 04822-251086** | **Vocation Promoter**<br>**L.A.R. Convent**<br>**PALAI - P.O. 686575**<br>**Kizhathadiyoor**<br>**Phone: 04822-215137** |

# മെഡിക്കൽ മിഷൻ

## സന്ന്യാസിനീസമൂഹത്തിലേക്കു സ്വാഗതം

**1925** ൽ ഓസ്ട്രിയക്കാരിയായ ഡോക്ടർ അന്നാ ഡെങ്കൽ സ്ഥാപിച്ച മെഡിക്കൽ മിഷൻ സന്ന്യാസിനീസമൂഹം ഇന്ന് ഏഷ്യ, ആഫ്രിക്ക, തെക്കേ അമേരിക്ക, വടക്കേ അമേരിക്ക, യൂറോപ്പ് എന്നീ അഞ്ചു ഭൂഖണ്ഡങ്ങളിലായി ഈശോയുടെ സൗഖ്യദായകദൗത്യം തുടരുന്നു.



ഡോ. അന്നാ ഡെങ്കൽ
മെഡിക്കൽ മിഷൻ
സന്ന്യാസസഭാസ്ഥാപക
( 1892 – 1980 )

കാലഘട്ടത്തിന്റെ മാറ്റങ്ങൾ മനസ്സിലാക്കി സഭയുടെ ആഹ്വാനമനുസരിച്ച് സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ടവരുടെയിടയിൽ ശാരീരിക, മാനസിക, ആദ്ധ്യാത്മിക, സാമൂഹികതലങ്ങളിൽ ഈശോയുടെ സൗഖ്യദായകശുശ്രൂഷ ലഭ്യമാക്കുകയാണ് മെഡിക്കൽ മിഷൻ സിസ്റ്റേഴ്സിന്റെ ദൗത്യം.

ഇന്ത്യയിൽ കേരളം, തമിഴ്നാട്, കർണാടക, ഛത്തീസ്ഗഡ്, ജാർഖണ്ഡ്, മഹാരാഷ്ട്ര, മദ്ധ്യപ്രദേശ്, ബീഹാർ, മേഘാലയ, നാഗാലാൻഡ്, ഡൽഹി എന്നിവിടങ്ങളിൽ മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ് പ്രവർത്തനനിരതരാണ്. ഈശോയുടെ വിളി സ്വീകരിച്ച് മിഷൻ സഭയിലൂടെ പ്രത്യുത്തരം നല്കുവാൻ, ആതുരശുശ്രൂഷ, വചനപ്രഘോഷണം, സാമൂഹികസേവനം, കുടുംബപ്രേഷിതത്വം, വനിതാശിശുക്ഷേമപദ്ധതികൾ, കൗൺസലിംഗ് മുതലായവയിലൂടെ സേവനം ചെയ്തുകൊണ്ട് ക്രിസ്തുവിനു സാക്ഷ്യം വഹിക്കുവാൻ സന്നദ്ധതയുള്ള എസ്.എസ്.എൽ.സി., +2, ഉപരിയോഗ്യതയോ ഉള്ള അനുജത്തിമാർക്കു സ്വാഗതം.

കൂടുതൽ വിവരങ്ങൾക്ക് താഴെ കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക

| | |
|---|---|
| **Vocation Promoter**<br>**Medical Mission Sisters**<br>Mariabhavan, I.H.M. Hospital<br>Bharananganam P.O., Kottayam<br>Phone : 04822 - 236322<br>Mob: 9496723422 | **Vocation Promoter**<br>**Medical Mission Sisters**<br>Collectorate P.O.<br>Kottayam 686 002<br>Phone : 04812 - 563677, 560179<br>Mob: 9745383476 |

Email: regymms@yahoo.co.in
Website: www.mmssouthindia.org, www.medicalmissionsisters.org

Deepanalam Weekly

RNI No : 16998/68
Vol. 54 No. 8 Date of Publication 22 April 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

Our Founder



Our Guiding Light

നിങ്ങളുടെ കണ്ണുകൾക്കായി ...
ഏറ്റവും മികച്ച സൗകര്യങ്ങൾ.

GLORIOUS 37 YEARS 1984-2021



Our Heavenly Patron

AEH LEAD KINDLY LIGHT

അൽഫോൻസാ
കണ്ണാശുപത്രി
CENTRES FOR TOTAL EYE CARE

PATIENT SAFETY & QUALITY OF CARE NABH PRE ACCREDITED
NABH-E ACCREDITED EYE HOSPITAL

സേവന
പാരമ്പര്യം

സാമൂഹിക
പ്രതിബദ്ധത

സമ്പൂർണ്ണ
പരിചരണം

OUR FACILITIES

- തിമിരശസ്ത്രക്രിയ വിഭാഗം
- റെറ്റിനാ ക്ലിനിക്
- ഗ്ലോക്കോമ യൂണിറ്റ്
- കോർണിയ യൂണിറ്റ് & ലാസിക്
- Squint & ഒക്കുലോപ്ലാസ്റ്റി
- കുട്ടികളുടെ നേത്രരോഗ വിഭാഗം
- കമ്മ്യൂണിറ്റി ഒഫ്താൽമോളജി
- ലോ വിഷൻ ക്ലിനിക്
- കോൺടാക്ട് ലെൻസ് ക്ലിനിക്
- ഒപ്ടിക്കൽ ഷോപ്പ്



PALA
Kottaramattom
Pala - 686 575
Ph: 04822 212056, 9287212056



THODUPUZHA
Kanjiramattom Bypass,
Near Vimala Public School
Thodupuzha - 685 584
Ph: 04862 229228, 8547857662

FACULTY

Dr. Alex Baby MBBS,DO, DNB (OPH)
Cataract (Phaco & Key hole)Glaucoma & Lasik Specialist
Dr. Teena Alex MBBS, DNB (OPH)
Retina & Uvea Specialist
Dr. Thomas Arun Varghese
MS, FRCS, MRCOphth, FAICO (Glaucoma)
Senior Surgeon & Neuro-Ophthalmologist
Dr. Sachin M. George MBBS,DNB, FRCS
Cornea Specialist & Keratoplasty
Dr. Sruthy K. John MBBS, DOMS, DNB
Paediatric Ophthalmologist
Dr. M.I. Mohan MBBS, MS, )OPH)
Senior Consultant & Surgeon
Dr. Ebitha K. Elias MBBS,MS, DNB
Ophthalmic Consultant
Dr. Anju Marina Thomas MBBS, DNB
Ophthalmic Consultant
Dr. Aparna C. Varghese MBBS,DO,DNB(OPH)
FRCS(Glasg), FAICO Comprehensive Ophthalmology
Consultant Ophthalmologist
Dr. Philip Kuruvila DOMS, FOPAI,FORCE
Cataract, Squint & Oculoplasty(Visiting)
Dr. P.K. Chandy MBBS,MD
Physician
Dr. Girija R. Nair MBBS,DA
Anaesthesiologist

ഡോ: സച്ചിൻ മാത്യൂ ജോർജ്ജിന്റെ MBBS,DNB, FRCS, Fellowship In Cornea & Microsurgey (Aravind) നേതൃത്വത്തിൽ ആധുനിക ലാമെല്ലാർ കെരറ്റോപ്ലാസ്റ്റി ശസ്ത്രക്രിയ ഈ ആശുപത്രിയിൽ ആരംഭിച്ചിരിക്കുന്നു. കൃഷ്ണമണി പൂർണ്ണമായി മാറ്റിവെക്കുന്നതിനുള്ള ശസ്ത്രക്രിയക്കുപകരം രോഗം ബാധിച്ച കൃഷ്ണമണി പാളികൾ മാത്രം മാറ്റിവെക്കുന്ന ആധുനിക ശസ്ത്രക്രിയ രീതിയാണിത്. C3R, AMG തുടങ്ങിയ ചികിത്സാരീതികളും Corneal Topography, Specular microscopy തുടങ്ങിയ ആധുനിക പരിശോധനാ സൗകര്യങ്ങളും കോർണിയ വിഭാഗത്തിൽ സജ്ജമാക്കിയിരിക്കുന്നു.

എല്ലാ മാസവും ആദ്യത്തെ ഞായറാഴ്ച പാലായിലെ ആശുപത്രിയിലും അവസാന ഞായറാഴ്ച തൊടുപുഴ ആശുപത്രിയിലും ബി.പി.എൽ വിഭാഗത്തിൽ പെട്ടവർക്കായി സൗജന്യ നേത്ര ശസ്ത്രക്രിയ ക്യാമ്പുകൾ നടത്തുന്നു.

കുത്തിവയ്പ്പും തുന്നലുമില്ലാത്തതും വേദനരഹിതവുമായ ഫേക്കോ തിമിരശസ്ത്രക്രിയയാണ് ഈ ആശുപത്രികളിൽ ചെയ്യുന്നത്

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842, 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org